VOL NO: 03 | ISSUE 32

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 AUGUST 10 | ₹12

## സ്വാതന്ത്ര്യത്തിൽ പാരതന്ത്ര്യം മണക്കുന്നുവോ?

രാജ്യം സ്വാതന്ത്ര്യം നേടിയിട്ട് മുക്കാൽ നൂറ്റാണ്ടിനടുത്തായി. ബ്രിട്ടീഷുകാരിൽ നിന്ന് നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ മാധുര്യം ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന് ഇല്ല എന്ന് മാത്രമല്ല, അൽപമൊക്കെ കയ്പ് പടർന്നുപിടിക്കുകയും പുതിയൊരു തരം പാരതന്ത്ര്യത്തിന്റെ പുറംതോട് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു എന്നതിന് വർത്തമാനകാല സംഭവവികാസങ്ങൾ സാക്ഷിയാണ്.



# പെരുന്നാൾ: ചില തിരിച്ചറിവുകൾ

ആരാധനയുടെ അകക്കാമ്പുൾക്കൊണ്ട ആഘോഷമാണ് പെരുന്നാൾ. നൈമിഷികമായ ആഹ്ലാദങ്ങൾക്കപ്പുറം സർവലോക രക്ഷിതാവായ സ്രഷ്ടാവിന്റെ ആജ്ഞാനിർദേശങ്ങൾ അണുവിട തെറ്റാതെ ശിരസ്സാ വഹിച്ച ഇബ്റാഹിം നബിയുടെ ത്യാഗത്തിന്റെ സ്മരണകൾ കൂടി പെരുന്നാൾ ദിനങ്ങളെ തിളക്കമുറ്റതാക്കുന്നുണ്ട്. പെരുന്നാളുമായി ബന്ധപ്പെട്ട കർമങ്ങളെല്ലാം കൃത്യമായി അറിഞ്ഞു ചെയ്താൽ അത് പാരത്രികജീവിതത്തിൽ വലിയ മുതൽക്കൂട്ടാവുമെന്ന കാര്യത്തിൽ സംശയമില്ല.

|| ഹജ്ജ്: മാനവികതയുടെ മഹാസംഗമം
|| കിടപ്പിലായവരുടെ കഷ്ടപ്പാടറിയുക
|| ബറേൽവികൾ കിരീടാവകാശികളോ?

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

# നേർപഥം

വാരിക

0134 / 2019 ആഗസ്ത് 10 / ദുൽഹിജ്ജ 09 / പുസ്തകം 3 / ലക്കം / 32



ഫൈസൽ പുതുപ്പറമ്പ് / 10

## പെരുന്നാൾ ചില തിരിച്ചറിവുകൾ



**മുഖമൊഴി**

സ്വാതന്ത്ര്യത്തിൽ പാരതന്ത്ര്യം മണക്കുന്നുവോ? / 05
എഡിറ്റർ

**ക്വുർആൻ ദർശനം**

അൽമുദ്ദസ്സിർ (പുതച്ചുമൂടിയവൻ), ഭാഗം: 2 / 24
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**വിമർശനം**

ബറേൽവികൾ അഹ്‌ലുസ്സുന്നയുടെ കിരീടാവകാശികളോ? / 32
മൂസ സ്വലാഹി, കാര

**ലേഖനം**

അഹങ്കാരത്തിന് ആദ്യ തിരിച്ചടി / 05
ഫദ്‌ലുൽ ഹഖ് ഉമരി

മുജ്തഹിദുകളായ പണ്ഡിതന്മാരും ഹദീഥുകളും / 16
ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ

ഹജ്ജ്: മാനവികതയുടെ മഹാസംഗമം / 18
നബീൽ പയ്യോളി

മാസ്റ്ററുടെ തൂലികാ വിസ്മയം / 26
ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ

**കാഴ്ച**

കിടപ്പിലായവരുടെ കഷ്ടപ്പാടറിയുക / 34
സലാം സുറുമ എടത്തനാട്ടുകര



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com | Facebook: www.facebook.com

ചലനങ്ങൾ

## ‘ഉദാത്ത ആദർശം, ഉത്തമ സമൂഹം’
# മുജാഹിദ് പ്രതിനിധി സമ്മേളനങ്ങൾ മൂന്നാം ഘട്ടത്തിലേക്ക്

‘ഉദാത്ത ആദർശം, ഉത്തമ സമൂഹം’ എന്ന പ്രമേയത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വിവിധ കേന്ദ്രങ്ങളിൽ നടത്തിവരുന്ന മുജാഹിദ് പ്രതിനിധി സമ്മേളനങ്ങൾ ദഅ്‌വാ രംഗത്ത് വൻ മുന്നേറ്റമായി നടന്നുകൊണ്ടിരിക്കുന്നു.

വിശ്വാസ, ആചാര ജീർണതകൾക്കും തീവ്രവാദ, ഫാസിസ പ്രവണതൾക്കുമെതിരെ ശക്തമായ ബോധവൽക്കരണം നടത്തുക, ആത്മീയ ചൂഷണങ്ങൾ, മുത്ത്വലാക്, കുറ്റവാളികൾക്ക് ലഭിക്കുന്ന ഭരണകൂട സംരക്ഷണം, വർധിച്ചുവരുന്ന ആത്മഹത്യാ പ്രവണത തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടത്തുക, തൗഹീദിന്റെ പ്രാധാന്യവും ശിർക്കിന്റെ അപകടവും സമുദായത്തെ ബോധ്യപ്പെടുത്തുക തുടങ്ങിയവയെല്ലാം സമ്മേളനത്തിന്റെ ലക്ഷ്യമാണ്.

മലപ്പുറം ഈസ്റ്റ് ജില്ലാസമിതി മഞ്ചേരിയിൽ സംഘടിപ്പിച്ച സമ്മേളനം അബൂബക്കർ സലഫി ഉദ്ഘാടനം ചെയ്തു. പ്രൊഫ. എം. അബ്ദുല്ല സുല്ലമി ആധ്യക്ഷ്യം വഹിച്ചു. ഹുസൈൻ കാവനൂർ, യു.സുഹൈൽ, കെ.ലുബൈബ്, അബ്ദുറഹ്മാൻ മദനി, അബ്ദുറഹീം മോങ്ങം, നശാത്ത് മങ്കട, ശബീബ് പാലക്കുളം,സൈഫുദ്ദീൻ മഞ്ചേരി, ഖാലിദ് ബിൻ അബ്ദിൽ അസീസ് തുടങ്ങിയവർ പ്രസംഗിച്ചു.

വടകരയിൽ നടന്ന സമ്മേളനം യു.മുഹമ്മദ് മദനി ഉദ്ഘാടനം ചെയ്തു. സി.പി. അബ്ദുല്ല ആധ്യക്ഷ്യം വഹിച്ചു. ഡോ.പി.പി. നസ്വീഫ്, അബൂനജ, നൗഫൽ അഴിയൂർ, മൂനിസ് അൻസാരി, കെ. ജമാൽ മദനി, ബശീർ മണിയൂർ, പി.അബ്ദുല്ല ഹാജി എന്നിവർ സംസാരിച്ചു.

താനൂരിൽ നടന്ന തിരൂർ ഏരിയ സംമ്മേനം പി.താജുദ്ദീൻ സ്വലാഹി ഉദ്ഘാടനം ചെയ്തു. ബശീർ പരപ്പനങ്ങാടി, അർഷദ് താനൂർ, അഷ്കർ സലഫി എന്നിവർ സംസാരിച്ചു.

കോട്ടക്കൽ ഏരിയ സമ്മേളനം പി.താജുദ്ദീൻ സ്വലാഹി ഉദ്ഘാടനം ചെയ്തു. അബ്ദുൽ അസീസ് എടരിക്കോട് ആധ്യക്ഷ്യം വഹിച്ചു. സി.എം അബ്ദുൽ ഖാലിഖ്, അസ്കർ ഇബ്‌റാഹീം, മുനവ്വർ കോട്ടക്കൽ, വി.അബ്ദുല്ലത്വീഫ്, ബഷീർ കോടങ്ങൽ, എം. അബ്ദുൽ സലീം പ്രസംഗിച്ചു.

മൂന്നാംഘട്ട പ്രതിനിധി സമ്മേളനം ആഗസ്റ്റ് 4ന് ഇനി പറയുന്ന സ്ഥലങ്ങളിൽ നടക്കുന്നതാണ്:

തിരുവനന്തപുരം, ആറ്റിങ്ങൽ, പെരുമ്പാവൂർ, കാക്കനാട്, കാസർഗോഡ്, തൃക്കരിപ്പൂർ, പെരിന്തൽമണ്ണ, എടത്തനാട്ടുകര.

ആഗസ്റ്റ് 18ന് മൂന്നാംഘട്ട പ്രതിനിധി സമ്മേളനം നടക്കുന്ന സ്ഥലങ്ങൾ: ചങ്ങരംകുളം, വല്ലപ്പുഴ, തൊടുപുഴ, ഈരാറ്റുപേട്ട, കൊല്ലം, പത്തനാപുരം, കൊടുവള്ളി.

ആഗസ്റ്റ് 25ന്: കൽപ്പറ്റ, കുന്ദംകുളം, തൃശൂർ, നദ്‌വത്ത് നഗർ, ആലപ്പുഴ.

### സൃഷ്ടികൾ ക്ഷണിക്കുന്നു

‘നേർപഥ’ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# സ്വാതന്ത്ര്യത്തിൽ പാരതന്ത്ര്യം മണക്കുന്നുവോ?

**ബ്രിട്ടീഷുകാരിൽ നിന്ന് നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ മാധുര്യം ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന് ഇല്ല എന്ന് മാത്രമല്ല, അൽപമൊക്കെ കയ്പ് പടർന്നുപിടിക്കുകയും പുതിയൊരു തരം പാരതന്ത്ര്യത്തിന്റെ പുറംതോട് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു എന്നതിന് വർത്തമാന കാല സംഭവവികാസങ്ങൾ സാക്ഷിയാണ്.**

രാജ്യം 73ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുവാനുള്ള ഒരുക്കത്തിലാണ്. ലോകത്ത് ചെന്നെത്താൻ പറ്റുന്നിടത്തെല്ലാം ചെന്ന് രാജ്യങ്ങൾ പിടിച്ചടക്കി ഭരണം കയ്യാളിയിരുന്ന ബ്രിട്ടീഷുകാർ വിവിധ നാട്ടുരാജ്യങ്ങളായി നിലനിന്നിരുന്ന ഇന്ത്യയെയും വെറുതെവിട്ടില്ല. ദീർഘകാലം ഇന്ത്യക്കാരെയും അവർ അടക്കിഭരിച്ചു. എന്നാൽ ഇന്ത്യൻ ജനത വെറുതെയിരിക്കുകയല്ലായിരുന്നു. പിറന്ന മണ്ണിന്റെ സ്വാതന്ത്ര്യത്തിനായി അവർ രംഗത്തിറങ്ങി. 1857ൽ ബഹദൂർ ഷാ സഫർ നേതൃത്വം നൽകിയ ഒന്നാം സ്വാതന്ത്ര്യ സമരം മുതൽ 1947 ഓഗസ്റ്റ് 15ന് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ റെഡ് ക്രോസ് യൂണിയൻ ജാക്ക് പതാക വലിച്ചു താഴ്ത്തി ഇന്ത്യയുടെ മൂവർണക്കൊടി വാനിലേക്കുയർത്തുന്നത് വരെ നീണ്ടുനിന്ന ഒരു നൂറ്റാണ്ട് കാലത്തെ ത്യാഗപൂർണവും ഐതിഹാസികവുമായ ചെറുത്തുനിൽപിന്റെയും പ്രത്യാക്രമണത്തിന്റെയും ജീവത്യാഗത്തിന്റെയും മധുരോൽപന്നമാണ് ഇന്ന് നാം നുണയുന്ന സ്വാതന്ത്ര്യം.

അന്ന് ലഭിച്ച സ്വാതന്ത്ര്യത്തിന്റെ മാധുര്യം ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന് ഇല്ല എന്ന് മാത്രമല്ല, അൽപമൊക്കെ കയ്പ് പടർന്നുപിടിക്കുകയും പുതിയൊരു തരം പാരതന്ത്ര്യത്തിന്റെ പുറംതോട് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു എന്ന് പറഞ്ഞാൽ യാഥാർഥ്യബോധ്യമുള്ള ഒരാൾക്കും നിഷേധിക്കാൻ കഴിയില്ല.

ബ്രിട്ടീഷുകാരെ സംബന്ധിച്ചിടത്തോളം അവരെ ആരും എതിർക്കാതിരുന്നാൽ മതിയായിരുന്നു. വ്യക്തിജീവിതത്തിൽ അവർ ഇടപെട്ടിരുന്നില്ല. എന്നാൽ ഇന്നോ? ഭരണകൂടത്തിന്റെ അദൃശ്യമായ കണ്ണുകൾ എല്ലാവരെയും ചൂഴ്ന്നു നിൽക്കുന്നു. വിമർശകർ രാജ്യദ്രോഹികളായി മുദ്രകുത്തപ്പെടുന്നു. ഇഷ്ടഭക്ഷണം കഴിക്കാനുള്ള സ്വാതന്ത്ര്യത്തിന് വിലങ്ങുവീണുകൊണ്ടിരിക്കുന്നു. ന്യൂനപക്ഷസമുദായങ്ങൾക്കും ദളിതർക്കുമെതിരിൽ ആക്രമണങ്ങൾ പെരുകുന്നു. ആൾക്കൂട്ട കൊലപാതകങ്ങൾ അരങ്ങുവാഴുന്നു. ഒടുവിൽ നിർബന്ധിച്ച് ജയ് ശ്രീരാം എന്ന് വിളിപ്പിക്കുന്നതിലേക്കും അതിന് വിസമ്മതിക്കുന്നവരെ മർദിക്കുന്നതിലേക്കും ചുട്ടുകൊല്ലുന്നതിലേക്കുമൊക്കെ കാര്യങ്ങൾ എത്തിനിൽക്കുന്നു. ജാർഖണ്ഡിൽ ഒരു മന്ത്രിയാണ് ഇർഫാൻ അൻസാരി എന്ന എം.എൽ.എയെ ജയ് ശ്രീരാം എന്നു വിളിക്കാൻ നിർബന്ധിച്ചത് എന്നത് വിഷയത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു.

സത്യം വിളിച്ചു പറയുന്നവർക്ക് മരണശിക്ഷ നൽകാൻ അജ്ഞാത കരങ്ങളുണ്ട്. പാക്കിസ്താനിലേക്കും ചന്ദ്രനിലേക്കുമൊക്കെ പോകാൻ പറയാൻ നീളമുള്ള നാവുകളുണ്ട്. തീവ്രവാദ കുറ്റം ആരോപിച്ച് അകത്താക്കാൻ വകുപ്പുകളുമുണ്ട്.

രാജ്യത്ത് എന്തൊക്കെ നടന്നാലും ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്നവർ മൗനത്തിലാണ്. ഈ മൗനം അക്രമികൾക്ക് പ്രചോദനം നൽകുന്നു. രാജ്യത്തെ കുറെ പേർ തങ്ങളുടെ മുമ്പിൽ അനന്തമായ സ്വാതന്ത്ര്യത്തിന്റെ കവാടങ്ങൾ തുറന്നുകിടക്കുന്നത് കണ്ട് അർമാദിക്കുമ്പോൾ കുറെ പേർക്ക് ഉണ്ടായിരുന്ന സ്വാതന്ത്ര്യം ചുരുങ്ങിച്ചുരുങ്ങി തീരെ ഇല്ലാതാകുമെന്ന് ഭയപ്പെട്ട് കഴിയുകയാണ്.

ജനിച്ച മതത്തിന്റെയും കഴിച്ച ഭക്ഷണത്തിന്റെയും പേരിൽ ആക്രമിച്ചും കൊലപ്പെടുത്തിയും പോരിന് വിളിച്ചും നാട് വിടാനാഹ്വാനം ചെയ്തും അക്രമികൾ രംഗം കയ്യടക്കുന്നു എന്നത് ഒരു മതേതര ജനാധിപത്യ രാജ്യത്താണെന്നറിയുക. ●

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com



മുഹമ്മദ് നബിﷺ: 33



# അഹങ്കാരത്തിന് ആദ്യ തിരിച്ചടി

**ക്വു**റൈശികൾ രാത്രിയിൽ അവരുടെ സൈനിക താവളത്തിൽ കഴിച്ചു കൂട്ടി. ക്വുറൈശികൾ ബദ്‌റിന്റെ താഴ്‌വരയിലേക്ക് ഇറങ്ങി വരുന്നത് കണ്ടപ്പോൾ നബിﷺ ഇപ്രകാരം പ്രാർഥിച്ചു:"അല്ലാഹുവേ, ക്വുറൈശികൾ ഇതാ അവരുടെ അഹങ്കാരവും പൊങ്ങച്ചവും കുതിരപ്പടയുമായി നിന്നെ വെല്ലുവിളിച്ചു കൊണ്ടും നിന്റെ പ്രവാചകനെ നിഷേധിച്ചുകൊണ്ടും ഇറങ്ങിവരുന്നു. അല്ലാഹുവേ, എനിക്കു നീ വാഗ്ദാനം ചെയ്ത സഹായം നൽകേണമേ" (സീറതു ഇബ്‌നു ഹിശാം: 2/233).

ഉമൈർ ഇബ്‌നുവഹബുൽ ജുമഹിയെ അവർ മുസ്‌ലിം സൈന്യത്തിന്റെ അവസ്ഥയെക്കുറിച്ച് പരിശോധിക്കുവാൻ വേണ്ടി അയക്കുകയുണ്ടായി. അയാൾ

വന്ന് മുസ്‌ലിം സൈന്യത്തിന് ചുറ്റും തന്റെ കുതിരയെ ഓടിച്ചുകൊണ്ട് തിരിച്ചു പോയി. മുസ്‌ലിംകൾ 300 പേരുണ്ട് എന്നും അതിൽ അൽപം കുറവോ കൂടുതലോ ഉണ്ടായേക്കാം എന്നുമുള്ള റിപ്പോർട്ട് അയാൾ നൽകി. 'എനിക്ക് അൽപം കൂടി സാവകാശം തരൂ. മുസ്‌ലിംകൾക്ക് മറ്റു വല്ല സഹായികളോ ഒളിത്താവളങ്ങളോ ഉണ്ടോ എന്ന് ഞാൻ പരിശോധിച്ചു നോക്കട്ടെ' എന്ന് പറഞ്ഞുകൊണ്ട് വീണ്ടും അയാൾ മുസ്‌ലിംകളുടെ അവസ്ഥയറിയാൻ പോയി. എന്നിട്ട് തിരിച്ചു ചെന്നുകൊണ്ട് പറഞ്ഞു: "ഞാൻ ഒന്നും കണ്ടില്ല. പക്ഷേ, ക്വുറൈശികളേ, ഞാൻ കണ്ട ഒരു കാര്യം ഉണ്ട്. മരണം മണക്കുന്ന ചില പരീക്ഷണങ്ങൾ ഞാൻ കാണുന്നു. ശക്തിയേറിയ വിഷവും വഹിച്ചുകൊണ്ടാണ് യഥ്‌രിബുകാർ വന്നിട്ടുള്ളത്. കണ്ടില്ലേ! അവർ ഒന്നും മിണ്ടുന്നില്ല. സർപ്പങ്ങളെപ്പോലെ വായിൽ തന്നെ എല്ലാം ഒതുക്കിവെക്കുകയാണ് അവർ. അല്ലാഹുവാണ് സത്യം, നിങ്ങളിലെ ആളുകൾ കൊല്ലപ്പെടുന്നത് വരെ അവരിൽ ഒരാൾ പോലും കൊല്ലപ്പെടും എന്ന് എനിക്ക് തോന്നുന്നില്ല. ഈ ചെറിയ സംഘം കൊണ്ട് നിങ്ങൾക്ക് അവർ നാശങ്ങൾ വരുത്തിവച്ചാൽ പിന്നെ ബാക്കിയുള്ള ജീവിതത്തിൽ എന്ത് നന്മയാണ് ഉള്ളത്? അതുകൊണ്ട് നിങ്ങളുടെ അഭിപ്രായങ്ങൾ പറയൂ."

ഹകീം ഇബ്നു ഹിസാം ഈ സംസാരം കേട്ടപ്പോൾ ജനങ്ങൾക്കിടയിലൂടെ ഒന്നു നടന്നു. ഉത്ബതുബ്നു റബീഅയുടെ അടുക്കൽ വന്നു കൊണ്ട് പറഞ്ഞു: "അല്ലയോ അബുൽ വലീദ്! ക്വുറൈശികളുടെ അനുസരിക്കപ്പെടുന്ന നേതാവാണ് താങ്കൾ. എന്നും താങ്കൾ ഓർക്കപ്പെടുന്ന നിലക്കുള്ള നന്മനിറഞ്ഞ ഒരു അഭിപ്രായത്തിലേക്ക് താങ്കൾക്ക് മടങ്ങിക്കൂടേ?" അബ്ദുൽ വലീദ്(ഉത്ബ) പറഞ്ഞു: "എന്താണ് ഹകീം താങ്കൾ ഉദ്ദേശിക്കുന്നത്?'' ഹകീമുബ്നു ഹിസാം പറഞ്ഞു: "നിങ്ങൾ ജനങ്ങളെ കൊണ്ട് മടങ്ങുക. അങ്ങയുടെ ഇവിടത്തെ കാര്യങ്ങൾ അംറ്ബ്നുൽ ഹള്റമിയെ ഏൽപിക്കുക. മുഹമ്മദിന്റെ രക്തം മാത്രമാണല്ലോ നിങ്ങൾക്കാവശ്യം." ഉത്ബ പറഞ്ഞു: "ഞാൻ അതിനു തയ്യാറാണ്. എന്നാൽ ജനങ്ങളുടെ ഇവിടത്തെ അവസ്ഥ അബൂജഹൽ അറിയുന്നത് ഞാൻ ഭയപ്പെടുന്നു."

ശേഷം ഉത്ബ എണീറ്റ് നിന്നുകൊണ്ട് ജനങ്ങളോട് ഇപ്രകാരം പ്രസംഗിച്ചു: "അല്ലയോ ജനങ്ങളേ, അവരിൽ മരണം കൊതിക്കുന്ന ഒരു സമൂഹത്തെ ഞാൻ കാണുന്നു. അവരിലേക്ക് നിങ്ങൾ എത്തുകയില്ല. പക്ഷേ, നിങ്ങളിൽ ഒരുപാട് നന്മകൾ ഉണ്ട്. എന്റെ സമൂഹമേ, ഉത്ബ ഭീരുവായിരിക്കുന്നു എന്ന് നിങ്ങൾ ഉറക്കെ വിളിച്ചു പറയുക. സത്യത്തിൽ ഞാൻ ഭീരുവല്ല എന്ന് നിങ്ങൾക്കെല്ലാം അറിയാമല്ലോ."

അലിയ്യുബ്നു അബീത്വാലിബ്ﷺ പറയുന്നു: "ക്വുറൈശികൾ ഞങ്ങളിലേക്ക് അടുക്കുകയും ഞങ്ങൾ അവർക്കെതിരെ അണിനിരക്കുകയും ചെയ്തപ്പോൾ അവരുടെ കൂട്ടത്തിൽ നിന്നും ഒരാൾ ചുവന്ന ഒട്ടകപ്പുറത്ത് നടക്കുന്നതായി കണ്ടു. അപ്പോൾ നബിﷺ പറഞ്ഞു: അല്ലയോ അലീ, ഹംസയെ എന്റെ അടുക്കലേക്ക് വിളിക്കൂ. (മുശ്‌രിക്കുകളോട് ഏറ്റവും അടുത്ത സ്ഥലത്തായിരുന്നു ഹംസﷺ) ആരാണ് ആ ചുവന്ന ഒട്ടകപ്പുറത്ത് നടക്കുന്നത്? എന്താണ് അയാൾ ക്വുറൈശികളോട് പറയുന്നത്? അവരുടെ കൂട്ടത്തിൽ അവരോട് നന്മ കൽപിക്കുന്ന ഒരാളുണ്ടെങ്കിൽ ആ ചുവന്ന ഒട്ടകപ്പുറത്ത് ഉള്ള ആളായിരിക്കും." നബിﷺ ഇത്രയും പറഞ്ഞപ്പോഴേക്കും ഹംസﷺ കടന്നു വന്നു. എന്നിട്ട് പറഞ്ഞു: "ഒട്ടകപ്പുറത്ത് ഉള്ളത് ഉത്ബയാണ്. ക്വുറൈശികളെ യുദ്ധത്തിൽ നിന്നും തടയുകയാണ് അദ്ദേഹം." എന്നിട്ട് ഉത്ബ സമൂഹത്തോട് പ്രസംഗിച്ച കാര്യം ഹംസﷺ നബിﷺയെ അറിയിച്ചു. ഈ വിഷയം അബൂജഹൽ അറിഞ്ഞു. ഉടനെ ഉത്ബയുടെ അടുത്തു ചെന്നുകൊണ്ട് ചോദിച്ചു: "ഇപ്രകാരമൊക്കെ നീ പറഞ്ഞുവോ?

**ഇസ്‌ലാമിൽ ഉണ്ടായ ഏറ്റവും മുഖ്യമായതും ഒന്നാമത്തെതുമായ ഏറ്റുമുട്ടലായിരുന്നു ബദ്ർ. തങ്ങളുടെ കൂട്ടത്തിലെ ഏറ്റവും പ്രഗത്ഭരായ മൂന്ന് ആളുകളുടെ മരണം മുശ്‌രിക്കുകളെ ചൊടിപ്പിച്ചു. ഒരൊറ്റ വ്യക്തി എന്നത് പോലെ അവർ ഒന്നടങ്കം മുസ്‌ലിംകൾക്കെതിരെ ചാടിവീഴാൻ അതു കാരണമായി. ജനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും ഇഴഞ്ഞു തുടങ്ങി. രണ്ടു കൂട്ടരും പരസ്പരം അടുത്തു. യുദ്ധം കൊടുമ്പിരികൊണ്ടു. ഉമറുബ്നുൽ ഖത്ത്വാബിﷺന്റെ ഭൃത്യനായിരുന്ന മഹ്ജഇന് അമ്പേൽക്കുകയും തൽക്ഷണം അദ്ദേഹം മരണപ്പെടുകയും ചെയ്തു. യുദ്ധം തുടങ്ങിയതിനു ശേഷം മുസ്‌ലിംകളിൽ നിന്നും ആദ്യമായി കൊല്ലപ്പെട്ട വ്യക്തിയായിരുന്നു അദ്ദേഹം. ശേഷം ഹാരിസുബ്നു സുറാഖക്കും അമ്പേറ്റു. അദ്ദേഹം ചെറിയ കുട്ടിയായിരുന്നു. ഹൗളിൽ നിന്നും വെള്ളം കുടിച്ചു കൊണ്ടിരിക്കെയാണ് അമ്പേറ്റത്. കഴുത്തിലായിരുന്നു അമ്പ് വന്നു പതിച്ചത്.**

നീയല്ലാത്ത മറ്റൊരാളാണ് ഇത് പറഞ്ഞിരുന്നതെങ്കിൽ അവനെ ഞാൻ കടിച്ചു ചവച്ചരക്കുമായിരുന്നു. നീ ഭയം കൊണ്ട് നിറഞ്ഞവനാണ്.'' ഇത് കേട്ടപ്പോൾ ഉത്ബ പറഞ്ഞു: "മൂട് മഞ്ഞ നിറം ആയവനേ, എന്നെയാണോ നീ ആക്ഷേപിക്കുന്നത്? ആരാണ് ഭീരു എന്ന് ഇന്ന് നിനക്ക് മനസ്സിലാക്കാം" (അഹ്മദ്: 948).

യുദ്ധം ചെയ്യണം എന്ന വാശിയിൽ അബൂജഹൽ ശഠിച്ചുനിന്നു. കാര്യങ്ങൾക്ക് വേഗത കൂട്ടുകയും ചെയ്തു. മുമ്പ് അബ്ദുല്ലാഹിബ്നു ജഹ്ശിന്റെ സൈന്യത്തിൽ കൊല്ലപ്പെട്ട അംറുബ്നു ഖള്റമിയുടെ സഹോദരൻ ആമിറുബ്നുൽ ഖള്റമിയോട് സഹായം തേടിക്കൊണ്ട് അബൂജഹൽ ആളെ അയച്ചു. ആമിർ ആളുകൾക്കിടയിൽ എഴുന്നേറ്റു നിന്നുകൊണ്ട് ഇപ്രകാരം വിളിച്ചു പറഞ്ഞു: ''അംറിന്റെ കാര്യത്തിൽ സഹായിക്കേണമേ, അംറിന്റെ കാര്യത്തിൽ സഹായിക്കേണമേ!''

ഇതോടെ ജനങ്ങൾക്ക് ചൂടുപിടിച്ചു. അവരെ ബാധിച്ച നാശം അവർക്ക് ഉറപ്പുവരുകയും ചെയ്തു. മുമ്പ് ഉത്ബ പറഞ്ഞ അഭിപ്രായത്തെ അവിടെ വെച്ച് കൊണ്ട് നശിപ്പിക്കുകയും ചെയ്തു. വിവേകത്തിനു മുകളിൽ വികാരം ഇളകി മറിഞ്ഞു. എല്ലാം അല്ലാഹുവിന്റെ തീരുമാനം തന്നെയായിരുന്നു.

"നിങ്ങൾ (താഴ്വരയിൽ മദീനയോട്) അടുത്ത ഭാഗത്തും അവർ അകന്ന ഭാഗത്തും സാർഥവാഹകസംഘം നിങ്ങളെക്കാൾ താഴെയുമായിരുന്ന സന്ദർഭം (ഓർക്കുക). നിങ്ങൾ അന്യോന്യം (പോരിന്) നിശ്ചയിച്ചിരുന്നുവെങ്കിൽ നിങ്ങൾ ആ നിശ്ചയം നിറവേറ്റുന്നതിൽ ഭിന്നിക്കുമായിരുന്നു. പക്ഷേ, ഉണ്ടാകേണ്ട ഒരു കാര്യം അല്ലാഹു നിർവഹിക്കുന്നതിന് വേണ്ടിയായിരുന്നു അത്. അതായത് നശിച്ചവർ വ്യക്തമായ തെളിവ് കണ്ടുകൊണ്ട് നശിക്കാനും ജീവിച്ചവർ വ്യക്തമായ തെളിവ് കണ്ടുകൊണ്ട് ജീവിക്കുവാനും വേണ്ടി. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (അൽഅൻഫാൽ: 42).

താമസിയാതെ യുദ്ധം തുടങ്ങി. മുശ്രിക്കുകളുടെ കൂട്ടത്തിൽ നിന്ന് അസ്വദ്ബ്നു അബ്ദുൽ അസദ് അൽ മഖ്സൂമി ഇറങ്ങിവന്നു. വളരെ മോശം സ്വഭാവക്കാരനായിരുന്നു അയാൾ. എന്നിട്ട് ഇപ്രകാരം പറഞ്ഞു: "അല്ലാഹുവാണ് സത്യം! മുസ്ലിംകളുടെ ജല സംഭരണിയിൽ നിന്ന് ഞാൻ വെള്ളം കുടിക്കുക തന്നെ ചെയ്യും. അല്ലെങ്കിൽ അതിന്റെ പേരിൽ ഞാൻ മരിക്കുകയും ചെയ്യും.'' ഇങ്ങനെ പറഞ്ഞ് അയാൾ ഇറങ്ങി വന്നപ്പോൾ ഹംസ ﵁ അയാൾക്ക് നേരെ ചെന്നു. രണ്ടു പേരും പരസ്പരം ഏറ്റുമുട്ടുകയും ഹംസ തന്റെ വാളു കൊണ്ട് ഒരു വെട്ടു കൊടുക്കുകയും ചെയ്തു. അതോടെ അയാളുടെ കണങ്കാലിന്റെ പകുതി മുറിഞ്ഞു പോന്നു. വീണ്ടും കാലിൽ ഇഴഞ്ഞുകൊണ്ട് ജലസംഭരണിക്ക് സമീപത്തേക്ക് പോകാൻ ശ്രമിച്ചപ്പോൾ ഹംസ ﵁ വീണ്ടും വെട്ടി. അതോടെ അയാളുടെ കഥ തീരുകയും ചെയ്തു. ബദ്ർ യുദ്ധത്തിൽ കൊല്ലപ്പെട്ട ഒന്നാമത്തെ വ്യക്തിയായിരുന്നു ഇയാൾ. ശേഷം പരസ്പരമുള്ള ഏറ്റുമുട്ടലിന് വെല്ലുവിളിച്ചു കൊണ്ട് ക്വുറൈശികളിൽ നിന്ന് മൂന്ന് പ്രധാനികളായ യോദ്ധാക്കൾ ഇറങ്ങിവന്നു. ഉത്ബതുബ്നു റബീഅ, സഹോദരൻ ശൈബതുബ്നു റബീഅ, ഉത്ബയുടെ മകൻ വലീദ് തുടങ്ങിയവരായിരുന്നു അവർ. യോദ്ധാക്കളുടെ അണിയിൽ നിന്നും വേറിട്ട് വന്നു കൊണ്ടാണ് അവർ വെല്ലുവിളി നടത്തിയത്. ഇവരുടെ വെല്ലുവിളി സ്വീകരിച്ചു കൊണ്ട് അൻസ്വാറുകളിൽ നിന്നും പ്രഗത്ഭരായ മൂന്നാളുകൾ ഇറങ്ങിച്ചെന്നു. ഔഫ് ﵁, മുആദ് ﵁ (അഫ്റാഇന്റെ രണ്ടു മക്കൾ), അബ്ദുല്ലാ

**ഉമൈർ ഇബ്നുവഹബുൽ ജുമഹിയെ അവർ മുസ്ലിം സൈന്യത്തിന്റെ അവസ്ഥയെക്കുറിച്ച് പരിശോധിക്കുവാൻ വേണ്ടി അയക്കുകയുണ്ടായി. അയാൾ വന്ന് മുസ്ലിം സൈന്യത്തിന് ചുറ്റും തന്റെ കുതിരയെ ഓടിച്ചു കൊണ്ട് തിരിച്ചു പോയി. മുസ്ലിംകൾ 300 പേരുണ്ട് എന്നും അതിൽ അൽപം കുറവോ കൂടുതലോ ഉണ്ടായേക്കാം എന്നുമുള്ള റിപ്പോർട്ട് അയാൾ നൽകി. 'എനിക്ക് അൽപം കൂടി സാവകാശം തരൂ. മുസ്ലിംകൾക്ക് മറ്റു വല്ല സഹായികളോ ഒളിത്താവളങ്ങളോ ഉണ്ടോ എന്ന് ഞാൻ പരിശോധിച്ചു നോക്കട്ടെ' എന്ന് പറഞ്ഞു കൊണ്ട് വീണ്ടും അയാൾ മുസ്ലിംകളുടെ അവസ്ഥയറിയാൻ പോയി. എന്നിട്ട് തിരിച്ചു ചെന്നുകൊണ്ട് പറഞ്ഞു: "ഞാൻ ഒന്നും കണ്ടില്ല. പക്ഷേ, ക്വുറൈശികളേ, ഒരു കാര്യം ഉണ്ട്. മരണം മണക്കുന്ന ചില പരീക്ഷണങ്ങൾ ഞാൻ കാണുന്നു. ശക്തിയേറിയ വിഷവും വഹിച്ചുകൊണ്ടാണ് യഥ്രിബുകാർ വന്നിട്ടുള്ളത്. കണ്ടില്ലേ! അവർ ഒന്നും മിണ്ടുന്നില്ല. സർപ്പങ്ങളെപ്പോലെ വായിൽ തന്നെ എല്ലാം ഒതുക്കിവെക്കുകയാണ് അവർ. അല്ലാഹുവാണ് സത്യം, നിങ്ങളിലെ ആളുകൾ കൊല്ലപ്പെടുന്നത് വരെ അവരിൽ ഒരാൾ പോലും കൊല്ലപ്പെടും എന്ന് എനിക്ക് തോന്നുന്നില്ല.**

ഹിബ്നു റവാഹ ﷺ തുടങ്ങിയവരായിരുന്നു അവർ. അപ്പോൾ മുശ്‌രിക്കുകൾ ചോദിച്ചു: “ആരാണിവർ?” അവർ പറഞ്ഞു: “അൻസ്വാറുകളുടെ കൂട്ടത്തിലെ ഒരു സംഘമാണ്.” മുശ്‌രിക്കുകൾ പറഞ്ഞു: “ഞങ്ങൾക്ക് നിങ്ങളെ ആവശ്യമില്ല. ഞങ്ങളുടെ എളാപ്പയുടെ മക്കളെയാണ് ഞങ്ങൾക്ക് ആവശ്യം.” കൂട്ടത്തിൽ ഒരാൾ ഇപ്രകാരം വിളിച്ചു പറഞ്ഞു: “അല്ലയോ മുഹമ്മദ്! ഞങ്ങളുടെ ജനതയിൽ നിന്നും ഞങ്ങൾക്ക് ഒത്ത ആളുകളെ പുറത്തുവിടൂ.” ഇത് കേട്ടപ്പോൾ നബി ﷺ ഇപ്രകാരം വിളിച്ചു പറഞ്ഞു: “അല്ലയോ ഉബൈദതുബ്നുൽ ഹാരിസ്, എഴുന്നേറ്റ് ചെല്ലൂ. അല്ലയോ ഹംസ, അല്ലയോ അലി, എഴുന്നേറ്റ് ചെല്ലൂ.” ഇവർ അടുത്തു ചെന്നപ്പോൾ മുശ്‌രിക്കുകൾ ചോദിച്ചു:“ആരാണ് നിങ്ങൾ?” അവർ പറഞ്ഞു: “ഞങ്ങൾ നിങ്ങൾക്ക് കിടയൊത്തവരും മാന്യന്മാരും ആകുന്നു.” അങ്ങനെ ഉബൈദ ﷺ ഉത്ബയുമായി കൊമ്പുകോർത്തു. ബദ്റിൽ പങ്കെടുത്തവരിൽ ഏറ്റവും പ്രായം കൂടിയ ആളായിരുന്നു ഉബൈദ ﷺ. ഹംസ ﷺ ശൈബയുമായും അലി ﷺ വലീദുമായും ഏറ്റു മുട്ടാൻ ഒരുങ്ങി. ഹംസ ﷺ ശൈബയെയും അലി ﷺ വലീദിനെയും വളരെ പെട്ടെന്നു തന്നെ കൊലപ്പെടുത്തി. ഉബൈദയും ﷺ ഉത്ബയും തമ്മിലുള്ള ഏറ്റുമുട്ടൽ അൽപസമയം നീണ്ടു നിന്നു. അവസാനം അലി ﷺ യും ഹംസ ﷺ യും ഉത്ബയിലേക്ക് ചാടിവീഴുകയും രണ്ടുപേരും ചേർന്ന് അയാളെ കൊലപ്പെടുത്തുകയും ചെയ്തു. ഉബൈദയെ അവർ പ്രവാചകന്റെ അടുക്കലേക്ക് ചുമന്നു കൊണ്ടു വന്നു. അദ്ദേഹത്തിന്റെ കാൽ മുറിഞ്ഞിട്ടുണ്ടായിരുന്നു. രക്തം ധാര ധാരയായി ഒഴുകുന്നു. നബി ﷺ ഉബൈദയുടെ മുഖത്തെ തന്റെ പവിത്രമായ കാലിനോട് ചേർത്തു വെച്ചു. ശേഷം ഉബൈദ ﷺ ശഹീദാവുകയും ചെയ്തു. മുശ്‌രിക്കുകളിൽ നിന്നും മുസ്‌ലിംകളിൽ നിന്നുമുള്ള ഈ ആറു പേരെ കുറിച്ചാണ് അല്ലാഹു ഇങ്ങനെ പറയുന്നത്: ‘ഈ രണ്ടു വിഭാഗം രണ്ട് എതിർകക്ഷികളാകുന്നു. തങ്ങളുടെ രക്ഷിതാവിന്റെ കാര്യത്തിൽ അവർ എതിർവാദക്കാരായി. എന്നാൽ അവിശ്വസിച്ചവരാരോ അവർക്ക് അഗ്നികൊണ്ടുള്ള വസ്ത്രങ്ങൾ മുറിച്ചുകൊടുക്കപ്പെടുന്നതാണ്. അവരുടെ തലയ്ക്കു മീതെ തിളയ്ക്കുന്ന വെള്ളം ചൊരിയപ്പെടുന്നതാണ്” (ഹജ്ജ്: 19; ബുഖാരി: 3966; മുസ്‌ലിം: 3033).

ഇസ്‌ലാമിൽ ഉണ്ടായ ഏറ്റവും മുഖ്യമായതും ഒന്നാമത്തേതുമായ ഏറ്റുമുട്ടലായിരുന്നു ഇത്. തങ്ങളുടെ കൂട്ടത്തിലെ ഏറ്റവും പ്രഗത്ഭരായ മൂന്ന് ആളുകളുടെ മരണം മുശ്‌രിക്കുകളെ ചൊടിപ്പിച്ചു. ഒരൊറ്റ വ്യക്തി എന്നത് പോലെ അവർ ഒന്നടങ്കം മുസ്‌ലിംകൾക്കെതിരെ ചാടിവീഴാൻ അതു കാരണമായി. ജനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും ഇഴഞ്ഞു തുടങ്ങി. രണ്ടു കൂട്ടരും പരസ്പരം അടുത്തു. യുദ്ധം കൊടുമ്പിരികൊണ്ടു. ഉമറുബ്നുൽ ഖത്ത്വാബി ﷺ ന്റെ ഭൃത്യനായിരുന്ന മഹ്ജഇന് അമ്പേൽക്കുകയും തൽക്ഷണം അദ്ദേഹം മരണപ്പെടുകയും ചെയ്തു. യുദ്ധം തുടങ്ങിയതിനു ശേഷം മുസ്‌ലിംകളിൽ നിന്നും ആദ്യമായി കൊല്ലപ്പെട്ട വ്യക്തിയായിരുന്നു അദ്ദേഹം. ശേഷം ഹാരിസുബ്നു സുറാഖക്കും അമ്പേറ്റു. അദ്ദേഹം ചെറിയ കുട്ടിയായിരുന്നു. ഹൗളിൽ നിന്നും വെള്ളം കുടിച്ചു കൊണ്ടിരിക്കെയാണ് അമ്പേറ്റത്. കഴുത്തിലായിരുന്നു അമ്പ് വന്നു പതിച്ചത്. അൻസ്വാറുകളുടെ കൂട്ടത്തിൽ നിന്ന് ആദ്യമായി കൊല്ലപ്പെടുന്നത് ഇദ്ദേഹമായിരുന്നു. ഹാരിസ് ﷺ മരിച്ചുപോയ വാർത്തയറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഉമ്മ ഉമ്മുർറുബയ്യിഅ് പറഞ്ഞു: “അല്ലാഹുവിന്റെ പ്രവാചകരേ, എന്റെ മകൻ സ്വർഗത്തിലാണെങ്കിൽ ഞാൻ ക്ഷമിക്കാൻ തയ്യാറാണ്. അതല്ല എങ്കിൽ ഞാൻ ശക്തമായ നിലയ്ക്ക് കരയുക തന്നെ ചെയ്യും.” നബി ﷺ പറഞ്ഞു: “ഹാരിസിന്റെ ഉമ്മാ, സ്വർഗത്തിൽ ഒരുപാട് തോട്ടങ്ങളുണ്ട്. നിങ്ങളുടെ മകൻ ഉന്നതമായ ഫിർദൗസ്(അൽ ഫിർദൗസുൽ അഅ്‌ല) നേടിയിരിക്കുന്നു” (ബുഖാരി: 2809).

യുദ്ധം കൊടുമ്പിരികൊണ്ടപ്പോൾ അബൂജഹൽ ഇപ്രകാരം പ്രാർഥിച്ചു: “അല്ലാഹുവേ, മുഹമ്മദ് ഞങ്ങളിൽ കുടുംബബന്ധം മുറിച്ചവനാണ്. ഞങ്ങൾക്കറിയാത്ത മതവുമായി വന്നവനാണ്. അവനെ നശിപ്പിക്കേണമേ” (അഹ്മദ്: 23661).

അല്ലാഹു ഇപ്രകാരം ഒരു വചനം അവതരിപ്പിച്ചു: “(സത്യനിഷേധികളേ,) നിങ്ങൾ വിജയമായിരുന്നു തേടിയിരുന്നതെങ്കിൽ ആ വിജയമിതാ നിങ്ങൾക്കു വന്നുകഴിഞ്ഞിരിക്കുന്നു.നിങ്ങൾ വിരമിക്കുകയാണെങ്കിൽ അതാണ് നിങ്ങൾക്ക് ഉത്തമം. നിങ്ങൾ ആവർത്തിക്കുകയാണെങ്കിലോ നാമും ആവർത്തിക്കുന്നതാണ്. നിങ്ങളുടെ സംഘം എത്ര എണ്ണക്കൂടുതലുള്ളതാണെങ്കിലും അത് നിങ്ങൾക്ക് ഉപകരിക്കുകയേയില്ല. അല്ലാഹു സത്യവിശ്വാസികളുടെ കൂടെത്തന്നെയാണ്” (അൽഅൻഫാൽ: 19).

അബൂജഹൽ പ്രാർഥിച്ചത് പോലെ തന്നെ സംഭവിച്ചു. കുടുംബ ബന്ധം മുറിച്ചവരെ അല്ലാഹു തകർത്തുകളഞ്ഞു. രണ്ടു വിഭാഗങ്ങളിൽ ഏറ്റവും പിഴച്ചവർക്ക് വലിയ നാശം തന്നെയായിരുന്നു ഈ യുദ്ധം. **(തുടരും)**



ഫൈസൽ പുതുപ്പറമ്പ്
abuadilfaisal@gmail.com

കവർ സ്റ്റോറി

# പെരുന്നാൾ: ചില തിരിച്ചറിവുകൾ

**ആരാധനയുടെ അകക്കാമ്പുൾക്കൊണ്ട ആഘോഷമാണ് പെരുന്നാൾ. നൈമിഷികമായ ആഹ്ലാദങ്ങൾക്കപ്പുറം സർവലോക രക്ഷിതാവായ സ്രഷ്ടാവിന്റെ ആജ്ഞാനിർദേശങ്ങൾ അണുവിട തെറ്റാതെ ശിരസ്സാ വഹിച്ച ഇബ്‌റാഹീം നബിയുടെ ത്യാഗത്തിന്റെ സ്മരണകൾ കൂടി പെരുന്നാൾ ദിനങ്ങളെ തിളക്കമുറ്റതാക്കുന്നുണ്ട്. പെരുന്നാളുമായി ബന്ധപ്പെട്ട കർമങ്ങളെല്ലാം കൃത്യമായി അറിഞ്ഞു ചെയ്താൽ അത് പാരത്രികജീവിതത്തിൽ വലിയ മുതൽക്കൂട്ടാവുമെന്ന കാര്യത്തിൽ സംശയമില്ല.**

എല്ലാ സമുദായങ്ങൾക്കുമുണ്ട് അവരുടെതായ ചില ആഘോഷ ദിവസങ്ങൾ. അവ ഒന്നുകിൽ ഏതെങ്കിലും മഹാന്റെ ജനനദിനമോ മരണ ദിനമോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സംഭവങ്ങളുടെ സ്മരണ ദിനങ്ങളോ ഒക്കെയായിരിക്കും. ജീവിതത്തിൽ ഇടക്കൊക്കെ ഒരു ദിനം സന്തോഷത്തിനും ആഘോഷത്തിനുമായി നീക്കിവെക്കണം എന്നത് മനുഷ്യമനസ്സ് ആഗ്രഹിക്കുന്നതാണ്. മനുഷ്യന്റെ ഈ പ്രകൃതം സംവിധാനിച്ചത് അവന്റെ സ്രഷ്ടാവാണല്ലോ. അതിനാൽ സ്രഷ്ടാവ് തന്നെ മനുഷ്യർക്ക് വർഷത്തിൽ രണ്ട് ദിവസങ്ങൾ ആഘോഷത്തിനായി നിശ്ചയിച്ചു കൊടുത്തു. അതാണ് രണ്ട് പെരുന്നാളുകൾ. അനസ്ؓ പറഞ്ഞു: "നബിﷺ മദീനയിൽ വന്ന സമയത്ത് അവർക്ക് വിനോദ

ത്തിനായി രണ്ട് ദിവസങ്ങൾ ഉണ്ടായിരുന്നു. ഈ ദിവസങ്ങളുടെ സവിശേഷത എന്താണെന്ന് പ്രവാചകൻ ചോദിച്ചപ്പോൾ അവർ പറഞ്ഞു: 'അജ്ഞാന കാലത്ത് ഞങ്ങൾ വിനോദത്തിലേർപ്പെട്ടിരുന്ന രണ്ട് ദിനങ്ങളാകുന്നു ഇത്.' അപ്പോൾ നബിﷺ പറഞ്ഞു: 'അതിനെക്കാൾ ഉത്തമമായ രണ്ട് ദിനങ്ങൾ അവർക്ക് പകരമായി അല്ലാഹു നിങ്ങൾക്ക് നൽകിയിരിക്കുന്നു. അതാകുന്നു രണ്ട് പെരുന്നാൾ ദിനങ്ങൾ" (അബൂദാവൂദ്, നസാഈ).

രണ്ട് പെരുന്നാൾ ദിനങ്ങൾ മുസ്‌ലിംകൾ കൂടിയിരുന്ന് ആലോചിച്ച് തീരുമാനിച്ചതല്ല; പരമ്പരാഗതമായി കിട്ടിയ ഒരു ആഘോഷത്തെ അന്ധമായി അനുകരിക്കുകയുമല്ല. മനുഷ്യന്റെ സ്രഷ്ടാവ് മനുഷ്യർക്ക് നിശ്ചയിച്ച് നൽകിയ രണ്ട് ദിനങ്ങളാണ് അവ! അതിനാൽ അർഹിക്കുന്ന ആദരവും ബഹുമാനവും അവയ്ക്ക് നൽകാൻ ഓരോ വിശ്വാസിയും ബാധ്യസ്ഥനാണ്.

ദൈവികമായി കിട്ടിയ ആഘോഷദിനങ്ങളാകയാൽ കേവലം ഒരു ആഘോഷം മാത്രമല്ല പെരുന്നാൾ. ആഘോഷവും വിനോദവും ആനന്ദവും ദൈവസ്മരണയും ഉൾക്കൊള്ളുന്നതാണ് പെരുന്നാൾ. ഇവയെല്ലാം നേടിയെടുക്കാവുന്ന രൂപത്തിലാണ് അല്ലാഹു ഈ ദിനങ്ങളെ ക്രമീകരിച്ചിരിക്കുന്നത്. അന്ന് പ്രത്യേക നമസ്കാരം നിയമമാക്കിയ സ്രഷ്ടാവ് തന്നെ അന്ന് നോമ്പ് എടുക്കൽ നിഷിദ്ധമാക്കി. ചെറിയ പെരുന്നാളിനോട് അനുബന്ധിച്ച് ഫിത്വ്ർ സകാത് നിയമമാക്കിയ അല്ലാഹു ബലിപെരുന്നാൾ ദിനം പ്രത്യേക ബലികർമം നിയമമാക്കി. അന്ന് ഒരാളും പട്ടിണിയിലാകാതിരിക്കാൻ അല്ലാഹു നിശ്ചയിച്ചതാണ് ഇതെന്ന് വ്യക്തം. നബിﷺ പറഞ്ഞു: 'മിനാ ദിവസങ്ങൾ തീറ്റയുടെയും കുടിയുടെയും ദൈവസ്മരണയുടെയും ദിനങ്ങളാകുന്നു' (മുസ്‌ലിം).

*പെരുന്നാൾ ദിനത്തിൽ നാം അനുവർത്തിക്കേണ്ട കാര്യങ്ങൾ:*

### 1. പെരുന്നാൾ നമസ്കാരം

ക്വുർആൻ, സുന്നത്, ഇജ്മാഅ് എന്നിവകൊണ്ട് സ്ഥിരപ്പെട്ടതാണ് പെരുന്നാൾ നമസ്കാരം. വിശുദ്ധ ക്വുർആൻ സൂറതുൽ കൗഥറിലെ രണ്ടാം വചനത്തിൽ പരാമർശിച്ച നമസ്കാരം പെരുന്നാൾ നമസ്കാരമാണ് എന്നതാണ് പ്രസിദ്ധാഭിപ്രായം എന്ന് ഇമാം ഇബ്നു ഖുദാമ(റഹി) തന്റെ മുഗ്നി 3/253ൽ രേഖപ്പെടുത്തുന്നു. നബിﷺയും ഖലീഫമാരുമെല്ലാം പെരുന്നാൾ നമസ്കാരം നിർവഹിച്ചതായി ധാരാളം ഹദീഥുകൾ സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്. തെളിവുകളുടെ ആധിക്യവും അതിന്റെ ബാഹ്യാർഥവും പരിഗണിച്ചുകൊണ്ട് ഇമാം അബൂഹനീഫ(റഹി) ഇത് വ്യക്തിപരമായ ബാധ്യതയാണെന്ന് അഭിപ്രായം പറഞ്ഞിരിക്കുന്നു. എന്നാൽ ഇമാം അഹ്മദ്(റഹി) ഇത് സാമൂഹ്യ ബാധ്യതയാണെന്ന പക്ഷക്കാരനാണ്. ഇമാം മാലിക്(റഹി), ഇമാം ശാഫിഈ(റഹി) എന്നിവർ അടക്കം ധാരാളം പണ്ഡിതർ ഇത് നിർബന്ധമല്ലെന്നും പ്രബലമായ സുന്നത്താണെന്നുമുള്ള വീക്ഷണമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (മുഗ്നി 3/253).

പെരുന്നാൾ നമസ്കാരത്തിന്റെ പ്രാധാന്യം ഗ്രഹിക്കാൻ ഈ അഭിപ്രായങ്ങൾ തന്നെ ധാരാളം. ശൈഖുൽ ഇസ്‌ലാം, ശൈഖ് ഇബ്നു ബാസ്, ശൈഖ് ഇബ്നുൽ ഉസൈമിൻ, ഇമാം സഅ്ദി തുടങ്ങിയവരൊക്കെ ഇത് വ്യക്തിപരമായ നിർബന്ധ ബാധ്യതയാണെന്ന അഭിപ്രായത്തെ ബലപ്പെടുത്തിയിരിക്കുന്നു. അല്ലാഹു അഅ്‌ലം.

### പെരുന്നാൾ നമസ്കാരത്തിന്റെ മര്യാദകൾ

1. നമസ്കാരത്തിന് മുമ്പായി കുളിക്കൽ: പ്രത്യേകം കുളിക്കാൻ നിർദേശിക്കപ്പെട്ട ദിവസങ്ങൾ ഏതെല്ലാമെന്ന് ചോദിച്ചപ്പോൾ അലിؓ നാല് ദിവസങ്ങൾ എണ്ണിപ്പറഞ്ഞു. അതിൽ രണ്ട് പെരുന്നാൾ ദിനങ്ങളും അദ്ദേഹം എടുത്തു പറഞ്ഞു. (ബൈഹക്വി).

2. സുഗന്ധം ഉപയോഗിക്കൽ, വൃത്തിയാകൽ, പല്ല് തേക്കൽ, ഉള്ളതിൽ നല്ല വസ്ത്രം ധരിക്കൽ എന്നിവ നബിﷺ പ്രത്യേകം നിർദേശിച്ചതായി വിവിധ ഹദീഥുകളാൽ സ്ഥിരപ്പെട്ടിരിക്കുന്നു.

3. ചെറിയ പെരുന്നാളിന് ഈത്തപ്പഴം കഴിച്ച ശേഷവും ബലിപെരുന്നാ

**ദൈവികമായി കിട്ടിയ ആഘോഷദിനങ്ങളാകയാൽ കേവലം ഒരു ആഘോഷം മാത്രമല്ല പെരുന്നാൾ. ആഘോഷവും വിനോദവും ആനന്ദവും ദൈവസ്മരണയും ഉൾക്കൊള്ളുന്നതാണ് പെരുന്നാൾ. ഇവയെല്ലാം നേടിയെടുക്കാവുന്ന രൂപത്തിലാണ് അല്ലാഹു ഈ ദിനങ്ങളെ ക്രമീകരിച്ചിരിക്കുന്നത്. അന്ന് പ്രത്യേക നിസ്കാരം നിയമമാക്കിയ സ്രഷ്ടാവ് തന്നെ അന്ന് നോമ്പ് എടുക്കൽ നിഷിദ്ധമാക്കി. ചെറിയ പെരുന്നാളിനോട് അനുബന്ധിച്ച് ഫിത്വ്ർ സകാത് നിയമമാക്കിയ അല്ലാഹു ബലിപെരുന്നാൾ ദിനം പ്രത്യേക ബലികർമം നിയമമാക്കി. അന്ന് ഒരാളും പട്ടിണിയിലാകാതിരിക്കാൻ അല്ലാഹു നിശ്ചയിച്ചതാണ് ഇതെന്ന് വ്യക്തം.**

ളിന് നമസ്കരിക്കുന്നത് വരെ ഒന്നും കഴിക്കാതിരിക്കലും നബിﷺയുടെ പതിവായിരുന്നു (ബുഖാരി).

4. പെരുന്നാൾ നമസ്കാര സ്ഥലത്തേക്ക് നടന്നുപോകാറായിരുന്നു നബിﷺയുടെ പതിവ്. (ഇബ്നുമാജ). ഇതിന്റെ അടിസ്ഥാനത്തിൽ വരവും പോക്കും നടന്നുകൊണ്ടാവൽ സുന്നത്താണെന്നും അനിവാര്യമല്ലെങ്കിലല്ലാതെ വാഹനത്തിൽ പോകാതിരിക്കലാണ് നല്ലതെന്നും അലി﵁, സഈദ് ബിൻ മുസയ്യിബ് എന്നിവർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതാണ് നിരവധി പണ്ഡിതരുടെ അഭിപ്രായമെന്ന് ഇത് ഉദ്ധരിച്ച ഇമാം തിർമിദി (റഹി) തുടർന്ന് രേഖപ്പെടുത്തുന്നു.

5. പെരുന്നാൾ നമസ്കാരം മൈതാനത്ത് വെച്ച് നിർവഹിക്കൽ: നബിﷺ രണ്ട് പെരുന്നാളുകൾക്കും മൈതാനത്തേക്ക് പുറപ്പെടുകയും എന്നിട്ട് നമസ്കരിക്കുകയും ചെയ്യാറായിരുന്നു പതിവ് എന്ന് അബൂസഈദ് അൽ ഖുദ്രി﵁ പറഞ്ഞത് ഇമാം ബുഖാരിയും മുസ്ലിമും റിപ്പോർട്ട് ചെയ്തിരിക്കുന്നു. മദീന പള്ളിയിൽ നിന്ന് ആയിരം മുഴം അകലെയായി പ്രത്യേകം സ്ഥലം തന്നെ ഇതിനുണ്ടായിരുന്നു എന്ന് ഇബ്നു ഹജറുൽ അസ്ക്വലാനി(റഹി) രേഖപ്പെടുത്തിയിരിക്കുന്നു. (ഫത്ഹുൽ ബാരി: 2/444).

ഈ ഹദീഥിന്റെ അടിസ്ഥാനത്തിൽ പെരുന്നാൾ നമസ്കാരം മൈതാനത്ത് വെച്ച് നിർവഹിക്കലാണ് സുന്നത്തെന്ന് ധാരാളം പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പള്ളിയെക്കാൾ ശ്രേഷ്ഠം അതാണെന്നും അല്ലായിരുന്നുവെങ്കിൽ ആയിരം ഇരട്ടി പുണ്യം ലഭിക്കുന്ന മദീനാ പള്ളി ഉപേക്ഷിച്ച് നബിﷺ മൈതാനത്തേക്ക് പോകുമായിരുന്നില്ലെന്നും ഇമാം നവവി, ഇബ്നുൽ ഹാജ്, ഇബ്നുൽ ഔസാഈ, ഇബ്നുൽ മുൻദിർ എന്നിവർ രേഖപ്പെടുത്തുന്നു. (ശറഹു മുസ്ലിം, മുഗ്നി, മദ്ഖൽ).

ഇതിന്നെതിരായ അഭിപ്രായങ്ങൾക്ക് മറുപടി പറഞ്ഞ് കൊണ്ട് ഇബ്നുൽ മുൻദിർ(റഹി) പറയുന്നു: 'നബിﷺ പള്ളി ഉപേക്ഷിച്ചു മൈതാനത്തേക്ക് പുറപ്പെട്ടു എന്നതാണ് നമുക്കുള്ള തെളിവ്. പ്രവാചക ശേഷം ഖലീഫമാരും അപ്രകാരം തന്നെയാണ് ചെയ്തത്. പള്ളിയാണ് ശ്രേഷ്ഠമെങ്കിൽ അടുത്തുള്ള പള്ളി ഉപേക്ഷിച്ച് അകലെയുള്ളതും ശ്രേഷ്ഠത കുറഞ്ഞതുമായ മൈതാനത്തേക്ക് നബിﷺ പോകുമായിരുന്നില്ല. ശ്രേഷ്ഠമായത് ഉപേക്ഷിക്കൽ നബിﷺ തന്റെ സമുദായത്തിന് നിയമമാക്കുകയുമില്ല. നബിﷺയെ മാതൃകയാക്കാനും പിൻതുടരാനുമാണല്ലോ നാം കൽപിക്കപ്പെട്ടിരിക്കുന്നത്. എന്നിരിക്കെ കൽപിക്കപ്പെട്ട കാര്യം ശ്രേഷ്ഠത കുറഞ്ഞതും വിലക്കപ്പെട്ട കാര്യം പൂർണതയുള്ളതുമാവുക എന്നത് അനുവദനീയമല്ല. നബിﷺ പ്രതിബന്ധങ്ങൾ ഇല്ലാതെ പള്ളിയിൽ വെച്ച് പെരുന്നാൾ നമസ്കാരം നിർവഹിച്ചിട്ടുമില്ല. മാത്രവുമല്ല ഇത് മുസ്ലിംകളുടെ ഇജ്മാഅ് (ഏകോപിച്ച അഭിപ്രായം) ആകുന്നു.

6. പോകുന്നതും വരുന്നതും വ്യത്യസ്ത വഴികളിലൂടെയാവൽ: നബിﷺ അപ്രകാരം ചെയ്തിരുന്നതായി ജാബിർ﵁ പറഞ്ഞതായി ഇമാം ബുഖാരി ഉദ്ധരിക്കുന്നു.

മഅ്മൂമുകൾ നേരത്തെ പുറപ്പെടുകയാണ് വേണ്ടത്. എന്നാൽ ഇമാം നേരത്തെ പോകേണ്ടതില്ല. ജനങ്ങൾ ഇമാമിനെ കാത്ത് നിൽക്കുകയാണ് വേണ്ടത്. സ്വഹാബികൾ നേരത്തേ പുറപ്പെടുകയും എല്ലാവരും എത്തിക്കഴിഞ്ഞാൽ സൂര്യോദയത്തിന്ന് ശേഷമായി നബിﷺ വരികയും എന്നിട്ട് നമസ്കരിക്കുകയുമായിരുന്നു പതിവെന്ന് ശൈഖ് ഇബ്നു ഉസൈമിൻ(റഹി) പറയുന്നു (ശറഹുൽ മുംതിഅ് 5/163).

8. പെരുന്നാൾ നമസ്കാര സ്ഥലത്തേക്ക് പോകുമ്പോൾ ഉറക്കെ തക്ബീർ മുഴക്കണം: നബിﷺ നമസ്കാര സ്ഥലം എത്തുന്നത് വരെ തക്ബീർ ചൊല്ലുമായിരുന്നു എന്ന് ഇബ്നു അബീ ശൈബ﵁ ഉദ്ധരിച്ചിരിക്കുന്നു. ശൈഖ് അൽബാനി(റഹി) സിൽസിലതുസ്സ്വഹീഹയിൽ അത് സ്വഹീഹ് ആണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇബ്നു ഉമർ﵁ പ്രസ്തുത തക്ബീർ ഉച്ചത്തിൽ നിർവഹിക്കുമായിരുന്നു എന്ന് ഇമാം ദാറക്വുത്നി സ്വഹീഹായ പരമ്പരയിൽ പറയുകയും ചെയ്യുന്നു. ഇമാം വരുന്നത് വരെ തക്ബീർ തടരുകയും ഇമാം വന്നാൽ തക്ബീർ നിറുത്തി നമസ്കാരത്തിലേക്ക് പ്രവേശിക്കുകയാണ് വേണ്ടതെന്നും ശൈഖ് ഇബ്നു ഉസൈമീൻ പണ്ഡിതാഭിപ്രായം ഉദ്ധരിച്ചിരിക്കുന്നു. എന്നാൽ നമസ്കാരസ്ഥലത്ത് എത്തിയാൽ തന്നെ തക്ബീർ നിറുത്തണമെന്ന് മറ്റു പലരും അഭിപ്രായപ്പെടുന്നു. ഒന്നാമത്തേതാണ് കൂടുതൽ ശരി എന്ന് ഇബ്നു ഉമർ ﵁വിന്റെ പ്രവർത്തനത്തിൽ നിന്ന് മനസ്സിലാക്കാം. അല്ലാഹു അഅ്ലം.

9. പെരുന്നാൾ നമസ്കാരത്തിന് മുമ്പോ ശേഷമോ സുന്നത്ത് നമസ്കാരങ്ങൾ നബിﷺ നിർവഹിക്കുമായിരുന്നില്ല എന്ന് ഇബ്നു അബ്ബാസ്﵁ പറഞ്ഞതായി ഇമാം ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്നു.

എന്നാൽ പെരുന്നാൾ നമസ്കാരം പള്ളിയിൽ വെച്ചാണ് നിർവ്വഹിക്കുന്നതെങ്കിൽ തഹിയ്യത് നമസ്കാരം നിർവഹിക്കാമെന്ന് ശൈഖ് ഇബ്നു ബാസ്(റഹി) അഭിപ്രായപ്പെടുന്നു.

10. ബാങ്കോ ഇക്വാമതോ സുന്നത്തില്ല: ജാബിർ ഇബ്നുസമുറ ﵁ പറയുന്നു: 'ബാങ്കോ ഇക്വാമത്തോ ഇല്ലാതെ പലതവണ നബി ﷺയുടെ കൂടെ രണ്ട് പെരുന്നാളുകളിൽ ഞാൻ നമസ്കരിച്ചിട്ടുണ്ട്' (മുസ്‌ലിം). അന്ന് ബാങ്കോ ഇക്വാമത്തോ മറ്റൊരു വിളിച്ചു പറയലോ വിളംബരമോ ഒന്നും തന്നെ ഇല്ലെന്ന് ജാബിർ ﵁ പറയുന്നു (മുസ്‌ലിം). സമാന ആശയം ഇബ്നു അബ്ബാസി ﵁ൽ നിന്നും ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചിട്ടുണ്ട്. ഇത് തന്നെയാണ് നബിചര്യ എന്ന് ഇമാം ഇബ്നുൽ ക്വയ്യിം(റഹി) പറയുന്നു (സാദുൽ മആദ്).

പെരുന്നാൾ ദിവസത്തിൽ അനുവദനീയമായ കളി-വിനോദങ്ങൾ ആകാവുന്നതാണ്. പ്രവാചക സന്നിധിയിൽ ദഫ് മുട്ടി ചെറിയ പെൺകുട്ടികൾ പാട്ട് പാടിയതും സമാന സംഭവങ്ങളും വ്യത്യസ്ത ഹദീഥുകളിലായി സ്ഥിരപ്പെട്ട് വന്നിരിക്കുന്നു. (ബുഖാരി, മുസ്‌ലിം).

പെരുന്നാൾ ദിവസം സന്തോഷം പ്രകടിപ്പിക്കൽ മതചിഹ്നമാണ് എന്ന് ഈ ഹദീഥിൽ നിന്ന് മനസ്സിലാകാം എന്ന് ഇബ്നു ഹജർ അൽഅസ്ക്വലാനി(റഹി) രേഖപ്പെടുത്തിയിരിക്കുന്നു. (ഫത്ഹുൽ ബാരി).

സ്ത്രീകളും കുട്ടികളും ഒന്നടങ്കമാണ് പെരുന്നാൾ നമസ്കാര സ്ഥലത്തേക്ക് പുറപ്പെടേണ്ടത്. ആർത്തവകാരികളെ പോലും കൊണ്ട് പോകാൻ നബി ﷺ ഞങ്ങളോട് കൽപിച്ചു എന്ന് ഉമ്മുഅത്വിയ്യ ﵂ പറഞ്ഞത് ഇമാം ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

'ശരീരം മറയ്ക്കാൻ മതിയായ വസ്ത്രം ഇല്ലാത്ത സ്ത്രീകൾ എന്ത് ചെയ്യണമെന്ന് ഞാൻ ചോദിച്ചപ്പോൾ (കൂടുതൽ വസ്ത്രം ഉള്ള സഹോദരിമാർ) അവർക്ക് നൽകിയിട്ടെങ്കിലും അവർ പങ്കെടുക്കട്ടെ' എന്ന് നബി ﷺ പറഞ്ഞതായിക്കൂടി അവർ പറയുന്നു. (ബുഖാരി, മുസ്‌ലിം).

ഈ ഹദീഥിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾക്ക് പെരുന്നാൾ നമസ്കാരം സുന്നതാണെന്ന് ശൈഖ് ഇബ്നുബാസ്(റഹി) അഭിപ്രായപ്പെട്ടിരിക്കുന്നു. ലജ്നതുദ്ദാഇമയുടെ ഫത്‌വകളിലും അപ്രകാരമാണ് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. (ഫതാവാ 8/284).

11. പരസ്പരം ആശിർവദിക്കൽ: പെരുന്നാൾ ദിവസം സ്വഹാബിമാർ പരസ്പരം കാണുമ്പോൾ 'തക്വബ്ബല്ലാഹു മിന്നാ വമിൻകും' എന്ന് പറഞ്ഞിരുന്നു എന്ന് ജുബൈർ ഇബ്നു നുഫൈർ ﵁ പറഞ്ഞതായി സ്വീകാര്യയോഗ്യമായ പരമ്പരയിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ടെന്ന് ഇബ്നു ഹജർ അൽ അസ്ക്വലാനി(റഹി) ഫത്ഹുൽ ബാരിയിൽ രേഖപ്പെടുത്തുന്നു. ഇത് തന്നെ അബൂ ഉമാമ അൽബാഹിലീ ﵁യിൽ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. 'മദീനയിൽ ഞങ്ങൾക്കിത് പരിചിതമാണ്' എന്ന് ഇമാം മാലിക്(റഹി) കഴിഞ്ഞ മുപ്പത്തിയഞ്ച് വർഷമായി ഞാൻ ചോദിക്കുമ്പോൾ പറയാറുണ്ട് എന്ന് അലിയ്യുബ്നു സാബിത്(റഹി) പറയുന്നു (മുഗ്നി). ഇമാം അഹ്മദ്(റഹി), ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി) എന്നിവരും ഇത് ശരിവെച്ചിരിക്കുന്നു (മജ്മൂഉൽ ഫതാവാ-24/253).

ഇത് പ്രത്യേകം സുന്നത്തായി പഠിപ്പിക്കപ്പെടാത്തതിനാൽ ഒരാൾ അത് പറഞ്ഞില്ലെങ്കിലും ആക്ഷേപാർഹമല്ല. എന്നാൽ ഇങ്ങോട്ട് പറയപ്പെട്ടാൽ മറുപടി പറയൽ അഭിവാദ്യത്തിന് പ്രത്യഭിവാദ്യം ചെയ്യൽ നിർബന്ധമാണ് എന്ന തത്ത്വത്തിൽ ഉൾപ്പെടുമെന്നും ശൈഖുൽ ഇസ്‌ലാം അഭിപ്രായപ്പെടുന്നു.

പെരുന്നാൾ നമസ്കാരം ജമാഅതായി നിർവഹിക്കാൻ ഒരാൾക്ക് സാധിച്ചില്ലെങ്കിൽ സ്വന്തം നിലക്ക് അത് നിർവഹിക്കാവുന്നതാണ്. കുടുംബത്തെയും കൂട്ടി വീട്ടിലോ മറ്റോ ജമാഅതായി നിർവഹിക്കുകയുമാവാം. ജമാഅത് നമസ്കാരം നഷ്ടപ്പെട്ടാൽ അവർ രണ്ട് റക്അത്ത് നമസ്കരിക്കണം എന്ന തലക്കെട്ടിൽ ഇമാം ബുഖാരി(റഹി) ഒരു അധ്യായം തന്നെ തന്റെ സ്വഹീഹിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സ്വഹാബിയായ അനസ് ﵁ തന്റെ കുടുംബത്തെയും മക്കളെയും കൊണ്ട് സാവിയ എന്ന സ്ഥലത്ത് വെച്ച് നമസ്കരിച്ചു. അവിടെ അദ്ദേഹത്തിന് വീടും സ്ഥലവും ഉണ്ടായിരുന്നു. എന്നാൽ ഇങ്ങനെ നമസ്കരിക്കുമ്പോൾ നാല് റക്അത്താണ് നമസ്കരിക്കേണ്ടത് എന്ന് അറിയിക്കുന്ന ചില റിപ്പോർട്ടുകളും സ്ഥിരപ്പെട്ട് വന്നിട്ടുണ്ട്. അതിനാൽ രണ്ട് രീതിയും സ്വീകരിക്കുന്നതിന് വിരോധമില്ല എന്ന് ഇമാം അഹ്മദ്, ഔസാഈ, അബൂഹനീഫ തുടങ്ങിയവർ അഭിപ്രായപ്പെടുന്നു -അല്ലാഹു അഅ്ലം. എന്നാൽ നഷ്ടപ്പെട്ടവർ അത് വീണ്ടെടുക്കാൻ നബി ﷺ കൽപിച്ചതായി പ്രത്യേകം റിപ്പോർട്ട് ചെയ്യപ്പെടാത്തതിനാൽ അത് നിർബന്ധമാണെന്ന് പറയാൻ കഴിയില്ല എന്ന് എല്ലാ അഭിപ്രായങ്ങളും ഉദ്ധരിച്ച ശേഷം ഇമാം മുഗ്നി(റഹി) രേഖപ്പെടുത്തുന്നു. (മുഗ്നി-3/285).

**നമസ്കാര സമയം**

സൂര്യൻ ഉദിച്ച് അൽപം ഉയർന്നതു മുതൽ ഉച്ചയോട് അടുത്ത സയമം വരെ പെരുന്നാൾ നമസ്കാരം നിർവഹിക്കാവുന്നതാണ്. എന്നാൽ മാസപ്പിറവി അറിയാൻ വൈകുകയും ആളുകൾ നോമ്പ് എടുക്കുകയും ഉച്ചക്ക് ശേഷം പ്രസ്തുത ദിവസം പെരുന്നാൾ ദിനമാണ് എന്ന് അറിയുകയും ചെയ്താൽ അന്ന് നോമ്പ് മുറിക്കുകയും പിറ്റേന്ന് പെരുന്നാൾ നമസ്കാരം നിർവഹിക്കുകയുമാണ് വേണ്ടത്. നബിﷺയുടെ കാലത്ത് ഇത്തരം ഒരു സന്ദർഭം ഉണ്ടായപ്പോൾ നബിﷺ ഇങ്ങനെയാണ് ചെയ്തത് എന്ന് സ്വഹാബിമാർ പറഞ്ഞത് അബൂദാവൂദ്, ഇബ്നുമാജ എന്നിവർ സ്വഹീഹായ പരമ്പരയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബലിപെരുന്നാൾ നമസ്കാരം നേരത്തെ നിർവഹിക്കലും ചെറിയ പെരുന്നാൾ അഥവാ ഈദുൽ ഫിത്വ്ർ നമസ്കാരം അൽപം വൈകി നിർവഹിക്കലുമായിരുന്നു പ്രവാചകരുടെ പതിവ്. ചെറിയ പെരുന്നാളിന് ഫിത്വ്ർ സകാത് വിതരണത്തിന് ജനങ്ങൾക്ക് ആശ്വാസം ലഭിക്കാനും ബലി പെരുന്നാൾ ദിനം ബലിയറുക്കാൻ കൂടുതൽ സൗകര്യം കിട്ടാനും ഉദ്ദേശിച്ച് കൊണ്ടായിരിക്കാം നബിﷺ ഇപ്രകാരം പഠിപ്പിച്ചത് എന്ന് ഇബ്നുൽ ക്വയ്യിം(റഹി), ഇബ്നു ഉസൈമിൻ(റഹി) എന്നിവർ അഭിപ്രായപ്പെടുന്നു (സാദുൽ മആദ്, ശറഹുൽ മുംതിഅ്).

നബിﷺ പെരുന്നാൾ ദിവസത്തിൽ മിമ്പർ ഉപയോഗിക്കാറുണ്ടായിരുന്നില്ല. എന്നാൽ തന്റെ മുന്നിൽ ഒരു മറ സ്വീകരിക്കാറുണ്ടായിരുന്നു എന്നും ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്നു. ആദ്യം നമസ്കാരവും പിന്നീട് ഖുത്വുബയും നിർവ്വഹിക്കലായിരുന്നു നബിയുടെയും ഖലീഫമാരുടെയും പതിവ്. (ബുഖാരി)

ഒന്നാമത്തെ റക്അത്തിന്റെ ആരംഭത്തിൽ നബിﷺ ഏഴ് തക്ബീറുകളും രണ്ടാം റക്അത്തിന്റെ ആരംഭത്തിൽ അഞ്ച് തക്ബീറുകളും ചൊല്ലുമായിരുന്നു. ശേഷമാണ് ഫാതിഹ ഓതാറുണ്ടായിരുന്നത്. (അബൂദാവൂദ്). തക്ബീറതുൽ ഇഹ്റാമിന് ശേഷം പ്രാരംഭ പ്രാർഥന നിർവഹിക്കണം. ഫാതിഹക്ക് ശേഷം സൂറതുകളും പാരായണം ചെയ്യണം. നബി ﷺ ഒന്നാം റക്അത്തിൽ സൂറതുൽ ക്വാഫ് അല്ലെങ്കിൽ സൂറതുൽ അഅ്ലായും രണ്ടാം റക്അതിൽ അൽഖമർ, അൽഗാശിയ ഇവയിൽ ഒന്നുമാണ് പാരായണം ചെയ്യാറുണ്ടായിരുന്നത് (മുസ്ലിം).

തക്ബീറുകൾക്കിടയിൽ നബിﷺ എന്തെങ്കിലും ചൊല്ലിയതായി സ്ഥിരപ്പെട്ടിട്ടില്ലെന്നും എന്നാൽ ഹംദും സ്വലാത്തും പ്രാർഥനയും നിർവഹിക്കാമെന്ന് ഇബ്നു മസ്ഊദ്ؓ പറഞ്ഞിട്ടുണ്ടെന്നും ഇമാം ഇബ്നുൽ ക്വയ്യിം(റഹി) രേഖപ്പെടുത്തുന്നു. (സാദുൽ മആദ് 1/443).

നമസ്കാര ശേഷം നബിﷺ ജനങ്ങൾക്ക് അഭിമുഖമായി നിന്ന് ഖുത്വുബ നിർവഹിക്കുകയും അവരെ ദാനം (സ്വദക്വ) ചെയ്യാൻ പ്രേരിപ്പിക്കുകയും പ്രത്യേകം ഉദ്ബോധിപ്പിക്കുകയും ചെയ്യുമായിരുന്നു. (ബുഖാരി, മുസ്ലിം).

അൽപം ഉയർച്ചയുള്ള സ്ഥലത്തായിരുന്നു നബിﷺ ഖുത്വുബ നിർവഹിക്കാറുണ്ടായിരുന്നത് എന്ന് ഹദീഥിൽ നിന്ന് മനസ്സിലാകുന്നു.

വെള്ളിയാഴ്ച ഖുത്വുബ ശ്രദ്ധിക്കൽ നിർബന്ധമുള്ളത് പോലെ ഇത് നിർബന്ധമില്ലെന്നും സുന്നത് മാത്രമേയുള്ളൂ എന്നും അതിനാലാവാം ആദ്യം നമസ്കാരവും പിന്നീട് ഖുത്വുബയും ആയി നിശ്ചയിച്ചതെന്നും ഇമാം ഇബ്നു ഖുദാമؓ അഭിപ്രായപ്പെടുന്നു (മുഗ്നി).

**പെരുന്നാൾ ദിനങ്ങളിൽ തക്ബീർ ചൊല്ലൽ**

രണ്ട് തരത്തിലാണ് തക്ബീർ ചൊല്ലാനായി നിർദേശമുള്ളത്.

ഒന്ന്) നമസ്കാരങ്ങൾക്ക് ശേഷം: ഇത് ബലിപെരുന്നാളിൽ മാത്രമാണ് എന്നാണ് സ്വഹാബിമാരുടെ പ്രവർത്തനത്തിൽ നിന്ന് മനസ്സിലാകുന്നത് എന്ന് ശൈഖ് സഈദ് അൽഖഹ്ത്വാനി പറയുന്നു. അറഫ ദിവസം സ്വുബ്ഹി മുതൽ അയ്യാമുത്തശ്രീക്വിലെ അവസാന ദിവസത്തെ അസ്വ്ർ വരെയും അലിؓ, ഇബ്നു മസ്ഊദ് എന്നിവർ തക്ബീർ ചൊല്ലുമായിരുന്നു. എന്നാൽ ദുഹ്ർ വരെയായിരുന്നു ഉമർؓ ചൊല്ലാറുണ്ടായിരുന്നത്. മഗ്രിബിന്റെ തൊട്ടു മുമ്പ് വരെ ഇബ്നു അബ്ബാസ്ؓ ചൊല്ലാറുണ്ടായിരുന്നു. ഇവയിൽ ഏത് സ്വീകരിച്ചാലും സ്വഹാബിമാരുടെ ചെയ്തിയും പിൻബലം അതിനുണ്ട് എന്ന് മനസ്സിലാക്കാം. (ശർഹു മുസ്ലിം, ഫത്ഹുൽ ബാരി, മുഗ്നി, ശർഹുൽ മുംതിഅ് എന്നിവ നോക്കുക).

എന്നാൽ ദുൽഹിജ്ജ ഒന്ന് മുതൽ 13 വരെയും പതിവായി തക്ബീർ നിർവഹിക്കാം. ഇബ്നുഉമർ, അബൂഹുറയ്റؓ, ഉമർؓ എന്നിവർ ഇങ്ങനെ ചെയ്തിരുന്നതായി വ്യത്യസ്ത റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. അബാനുബ്നു ഉസ്മാൻؓ, ഉമർബിൻ അബ്ദിൽ അസീസ്ؓ എന്നിവരുടെ പിറകിൽ സ്ത്രീകൾ തക്

ബീർ ചൊല്ലുമായിരുന്നു എന്ന് മൈമൂന ﵂ പറയുന്നു (ബുഖാരി). ആർത്തവകാരികൾ അടക്കം പുറപ്പെട്ട് പോകുകയും അവർ പുരുഷന്മാരുടെ തക്ബീറിന്റെ കൂടെ തക്ബീർ ചൊല്ലുകയും ചെയ്തിരുന്നു എന്നും ഉമ്മു അത്വിയ്യ ﵂ പറയുന്നു (ബുഖാരി).

ചെറിയ പെരുന്നാളിന് ശവ്വാൽ ഒന്നിന്റെ മഗ്‌രിബ് മുതൽ ഇമാം നമസ്കാരത്തിലേക്ക് വരുന്നത് വരെ തക്ബീർ ചൊല്ലൽ സ്വഹാബത്തിന്റെ പതിവായിരുന്നു. (ഇബ്നു അബീശൈബ).

**തക്ബീറിന്റെ രൂപം**

പല സ്വഹാബിമാർ പലതരത്തിൽ തക്ബീർ ചൊല്ലിയതായി സ്ഥിരപ്പെട്ടിട്ടുണ്ട്.

അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹ് വല്ലാഹു അക്ബർ, അല്ലാഹു അക്ബർ വലില്ലാഹിൽ ഹംദ് എന്നായിരുന്നു ഇബ്നു മസ്ഊദ് ﵁, ഉമർ ﵁, അലി ﵁ എന്നീ സ്വഹാബിമാർ ചൊല്ലിയിരുന്നത്. (ഇബ്നു അബീശൈബ). ഇത് തന്നെ ചില റിപ്പോർട്ടുകളിൽ അല്ലാഹു അക്ബർ എന്ന് മൂന്ന് തവണ ചൊല്ലിയതായി വന്നിട്ടുണ്ട് എന്ന് ശൈഖ് അൽബാനി പറയുന്നു (ഇർവാഅ് 3/125).

വ്യത്യസ്ത രൂപം സ്വഹാബത്തിൽ നിന്ന് ഉദ്ധരിക്കപ്പെട്ടതിനാലും തക്ബീർ ചൊല്ലാൻ നിർദേശിക്കുന്ന ക്വുർആനിക വചനത്തിന്റെ (2/185) ബാഹ്യാർഥം പരിഗണിച്ചും ഇതിൽ ഏത് രീതിയും സ്വീകരിക്കാൻ മതം അനുവദിക്കുന്നു എന്ന് മനസ്സിലാക്കാം എന്ന് ഈ അഭിപ്രായങ്ങളെ ക്രോഡീകരിച്ച് കൊണ്ട് ഇമാം സ്വൻആരി(റഹി) പറയുന്നു. (സുബുലുസ്സലാം-3/247).

**വെള്ളിയാഴ്ച പെരുന്നാളായാൽ**

നബി ﷺ യുടെ കാലത്ത് വെള്ളിയാഴ്ച പെരുന്നാൾ ആയപ്പോൾ നബി ﷺ പെരുന്നാൾ നമസ്കാരം നിർവഹിച്ച ശേഷം ഇപ്രകാരം പറഞ്ഞു: 'ജുമുഅ നമസ്കരിക്കാൻ ഉദ്ദേശിക്കുന്നവർക്ക് നമസ്കരിക്കാം' (അബുദാവൂദ്, നസാഈ, ഇബ്നുമാജ, അഹ്മദ്).

വരുന്നവർക്ക് വരാം, വരാത്തവന് വരാതിരിക്കാം എന്നും ജുമുഅക്ക് വരുന്നവർക്ക് വരാം, ഞങ്ങൾ ഇവിടെ ജുമുഅ നടത്തുന്നുണ്ട് എന്നും നബി ﷺ പറഞ്ഞതായും റിപ്പോർട്ടുണ്ട് (ഇബ്നുമാജ).

പെരുന്നാൾ നമസ്കാരത്തിൽ പങ്കെടുത്തവർക്ക് മാത്രമാണ് ഈ ഇളവ് എന്നും എന്നാൽ ഇമാമിന് ഇളവില്ലെന്നും ഇതിൽ നിന്ന് ഗ്രഹിക്കാം. ജുമുഅക്ക് പങ്കെടുക്കുന്നില്ലെങ്കിൽ അവൻ ദുഹ്ർ നാല് റക്അത്ത് തന്നെയാണ് നമസ്കരിക്കേണ്ടത്.

ഇത്രയേറെ പ്രാധാനന്യപൂർവം പഠിപ്പിക്കപ്പെട്ട ഈ സുദിനത്തിലും ദൈവകോപമുണ്ടാക്കുന്ന കാര്യങ്ങളിൽ ഏർപ്പെടുന്നത് വളരെയധികം ഗൗരവമുള്ള കാര്യമായി കാണേണ്ടതുണ്ട്. നിഷിദ്ധമായ ഒരു കാര്യവും പെരുന്നാളിന്റെ പേരിൽ അനുവദനീയമാകുന്നില്ല എന്ന് നാം തിരിച്ചറിയണം. അല്ലാഹുവിന് ഏറ്റവും വെറുപ്പുള്ള ബഹുദൈവാരാധനാപരമായ കാര്യങ്ങൾ അടക്കം പെരുന്നാൾ ദിവസത്തിൽ ചിലർ ചെയ്യുന്നത് കാണാം. ക്വബ്ർ സിയാറത്തിന്റെ മറവിൽ ജാറങ്ങൾ തേടിയുള്ള യാത്രകളും ക്വബ്റാളിയോടുള്ള പ്രാർഥനയുമെല്ലാം മതം വിലക്കിയ കാര്യങ്ങളാണ്. അത്തരം തേട്ടങ്ങൾ ശിർക്കുമാകുന്നു.



പുരുഷന്മാർ വസ്ത്രം ഞെരിയാണിക്ക് താഴെ ഇറക്കൽ, അഹങ്കാരം പ്രകടിപ്പിക്കൽ, ഭക്ഷണവും മറ്റും ധൂർത്തടിക്കൽ, സംഗീതസദസ്സുകളും ഗാനമേളകളും സംഘടിപ്പിക്കലും അതിൽ പങ്കെടുക്കലും, മദ്യപാനം, മറ്റു ലഹരിവസ്തുക്കൾ ഉപയോഗങ്ങൾ, അന്യ സ്ത്രീ-പുരുഷ സങ്കലനങ്ങൾ, നിഷിദ്ധമായ വേഷം ധരിക്കൽ, താടി വടിക്കൽ, എന്നിവയൊക്കെ പെരുന്നാളിൽ ജനങ്ങൾ നിസ്സാരമായി തള്ളുന്ന നിഷിദ്ധങ്ങളാകുന്നു. അവയെ ഗൗരവപൂർവം നാം ജീവിതത്തിൽ ഒഴിവാക്കേണ്ടതാകുന്നു. അനുവദനീയമായ കളി-വിനോദങ്ങളിൽ ആണ് വിശ്വാസികൾ ഏർപ്പെടേണ്ടത്. അതോടൊപ്പം കുടുംബ ബന്ധങ്ങൾ ചേർക്കുവാനും പരസ്പര സന്ദർശനങ്ങൾക്കും പെരുന്നാൾ ദിനത്തിൽ പ്രത്യേകം ശ്രദ്ധിക്കുക. പിശുക്ക് ഇല്ലാതിരിക്കുക, ദാനധർമങ്ങൾ, പ്രാർഥന, പ്രകീർത്തനങ്ങൾ, മറ്റു ആരാധനാ കാര്യങ്ങൾ എന്നിവ അന്നും ജീവിതത്തിന്റെ ഭാഗമാക്കുക.

ക്വുർആൻ 2/185-ാം വചനം ഇത്തരുണത്തിൽ മനസ്സിരുത്തി അർഥ സഹിതം പാരായണം ചെയ്യുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

*(മുഖ്യ അവലംബം: ശൈഖ് സഊദ് അൽ ക്വഹ്ത്വാനിയുടെ 'സ്വലാതുൽ മുഅ്മിൻ' എന്ന ഗ്രന്ഥം. അല്ലാഹു അദ്ദേഹത്തിനും പ്രതിഫലം നൽകട്ടെ-ആമീൻ).*

ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ(റഹി)
വിവർത്തനം: ശമീർ മദീനി



പണ്ഡിതന്മാരോടുള്ള കടപ്പാടുകൾ: 3



ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയയുടെ 'റഫ്ഉൽ മലാം' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം

# മുജ്തഹിദുകളായ പണ്ഡിതന്മാരും ഹദീഥുകളും

**ആ**റാമത്തെ കാരണം: ഹദീഥിന്റെ ആശയമറിയാതിരിക്കൽ. ചിലപ്പോൾ ഹദീഥിലെ പദങ്ങൾ അർഥം പരിചയമില്ലാത്ത(ഗരീബ് ആയ)വയായിരിക്കും. ഉദാ: 'മുസാബത' (ഈത്തപ്പനമരത്തിൽ വെച്ച് തന്നെ പച്ചക്കാരക്ക ഉണങ്ങിയ ഈത്തപ്പഴത്തിന് പകരമായി വിൽപന നടത്തൽ), 'മുഖാബറ' (1/3 അല്ലെങ്കിൽ 1/4 എന്നിങ്ങനെ ഒരു നിശ്ചിത വിഹിതത്തിന്മേൽ കുട്ടുകൃഷി നടത്തൽ). വേറെയും അഭിപ്രായങ്ങൾ ഇതിനെ സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിലുണ്ട്. 'മുലാമസ' (നീ എന്റെ വസ്ത്രത്തെയോ ഞാൻ നിന്റെ വസ്ത്രത്തെയോ തൊട്ടാൽ കച്ചവടം അനിവാര്യമായി എന്ന് പറഞ്ഞുകൊണ്ടുള്ള ഒരു തരം കച്ചവടം എന്നും; വസ്തുവിനെ നേരിട്ട് കാണാതെ വസ്ത്രത്തിനുള്ളിലൂടെ അഥവാ മൂടിയിട്ട അവസ്ഥയിൽ തൊട്ടു മനസ്സിലാക്കി കച്ചവടം ചെയ്യുന്ന രീതി എന്നും അഭിപ്രായം), 'മുഹാക്വല' (നിശ്ചിത ഓഹരി നിശ്ചയിച്ച് കൊണ്ട് ഭൂമി പാട്ടത്തിന് കൊടുക്കൽ), 'മുനാബദ' (കച്ചവടമുറപ്പിക്കുന്നതിന് വേണ്ടി വസ്ത്രമെറിഞ്ഞുകൊടുത്തുകൊണ്ടുള്ള ഒരു പ്രത്യേക രീതിയാണിത്), 'ഗറർ' (ബാഹ്യമായി ഉപഭോക്താവിനെ കബളിപ്പിക്കുന്നതും സത്യാവസ്ഥ അജ്ഞാതവുമായ കച്ചവടമാണിത്)... ഇങ്ങനെയൊക്കെയുള്ള അപരിചിതമായ പദങ്ങൾ ഹദീഥുകളിൽ വരുമ്പോൾ അതിന്റെ വിവക്ഷയെ സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകും. ഉദാഹരണത്തിന്: "ലാത്വലാക്വ വലാ അതാക്വ ഫീ ഇഗ്‌ലാക്" എന്ന ഹദീഥ്. അഥവാ 'ബലാൽക്കാരമായി ത്വലാക്വോ (വിവാഹ മോചനം) അടിമയെ മോചിപ്പിക്കലോ ഇല്ല.' പണ്ഡിതനന്മാർ ഇതിലെ 'ഇഗ്‌ലാക്' എന്ന പദത്തിന് 'ബലാൽക്കാരമായി നിർബന്ധിച്ച് ചെയ്യിക്കൽ' എന്ന വിവരണമാണ് നൽകിയിട്ടുള്ളത്. എന്നാൽ ഇതിന് എതിരായ പണ്ഡിതന്മാർ ഈ വിശദീകരണത്തിനോട് യോജിക്കുന്നില്ല. ചിലപ്പോൾ ഹദീഥിലെ പദത്തിന്റെ ഭാഷയിലെ അർഥവും വിവരിക്കുന്ന പണ്ഡിതന്റെ നാട്ടിൽ പ്രചാരമുള്ള അർഥവും ആയിരിക്കില്ല നബിﷺ പറഞ്ഞതിന്റെ വിവക്ഷ. വിശദീകരിക്കുന്നയാൾ തന്റെ പരിചയത്തിലുള്ള അർഥം നൽകി വിശദീകരിക്കും. കാരണം, ഭാഷയിലെ പ്രയോഗം അങ്ങനെയാണ് എന്ന ധാരണയുടെ അടിസ്ഥാനത്തിൽ. (അഹ്മദ്, അബൂദാവൂദ്, ഇബ്നു ഹിബ്ബാൻ, ഹാകിം. അദ്ദേഹം ഈ ഹദീഥ് സ്വഹീഹാണെന്ന് പറഞ്ഞു. ഇമാം ദഹബി ഇത് ദഈഫ് ആണെന്നും പറഞ്ഞു).

'ഇഗ്‌ലാക്വ്' എന്നതിന്റെ വിവക്ഷ 'നിർബന്ധിക്കൽ' എന്നാണ്. അബൂകുതൈബ, ഖത്വാബി മുതലായവരിൽ നിന്ന് ഈ വിശദീകരണം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അബൂഉബൈദ പറയുന്നു: 'ഇഗ്‌ലാക്വ് എന്നാൽ കുടുസ്സാക്കൽ അഥവാ ബുദ്ധി മുട്ടിക്കൽ ആണ്.' നിർബന്ധിച്ച് ത്വലാക്വ് ചെയ്യിക്കുന്നവന്റെ ത്വലാക്വ് സാധുവാക്കുകയില്ലെന്ന് പറയുന്നവർ ഈ ഹദീഥ് തെളിവാക്കിയിട്ടുണ്ട്. ഒരു പറ്റം പണ്ഡിതന്മാർ ആ അഭിപ്രായക്കാരാണ്. എന്നാൽ മറ്റൊരു വിഭാഗം പറയുന്നത് ആ സാഹചര്യത്തിലും ത്വലാക്വ് സംഭവിക്കും എന്നാണ്. ഇബ്നുൽ ക്വയ്യിം(റഹി) പറയുന്നു: 'നമ്മുടെ ഗുരുനാഥൻ (ഇബ്നു തൈമിയ(റഹി) പറഞ്ഞു: 'ഇഗ്‌ലാക്വ്' എന്നാൽ അറിവിന്റെയും ഉദ്ദേശ്യത്തിന്റെയും കവാടം അടയലാണ്. (അഥവാ ഉദ്ദേശ്യത്തോടെയോ അറിഞ്ഞുകൊണ്ടോ അല്ലാതെ ചെയ്യിക്കലാണ്). ബോധം നഷ്ടപ്പെട്ടവൻ, മാനസിക രോഗി, ലഹരി ബാധിച്ചയാൾ, കോപാകുലൻ തുടങ്ങി പറയുന്നത് ഗ്രഹിക്കുകയോ ബോധപൂർവമോ ആകാതിരിക്കുന്ന ഏതൊരാളുടെയും ത്വലാക്വ് സംഭവിക്കുകയില്ല എന്നത് ഇതിന്റെ വിവക്ഷയിൽ വരുന്നതാണ്. കാരണം ഇവരുടെയൊക്കെയും അറിവിന്റെയും ഉദ്ദേശ്യത്തിന്റെയും കവാടമടഞ്ഞിരിക്കുകയാണ്. ഉദ്ദേശ്യത്തോടെയും അറിഞ്ഞുകൊണ്ടുള്ളതുമായ ത്വലാക്വ് മാത്രമെ സംഭവിക്കുകയുള്ളൂ. അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ! അബൂദാവൂദ് പറയുന്നു: "ഇഗ്‌ലാക്വ് എന്നാൽ ഞാൻ കരുതുന്നത്, ദേഷ്യം പിടിക്കലാണ്."

'നബീദി'ന്റെ വിഷയത്തിൽ ഇളവുള്ളതായി പറയുന്ന ചില റിപ്പോർട്ടുകൾ കണ്ട് അത് ലഹരിയുണ്ടാക്കുന്നു ചില പാനീയങ്ങളായിരിക്കുമെന്ന് ചിലർ ധരിച്ചുവശായത് ഇതിന് ഉദാഹരണമാണ്. കാരണം, അവരുടെ ഭാഷയും പ്രയോഗവുമനുസരിച്ച് അങ്ങനെയാണർഥം. എന്നാൽ വാസ്തവമാകട്ടെ അതല്ലതാനും. സ്വഹീഹായ നിരവധി ഹദീഥുകളിൽ വിശദമായിത്തന്നെ എന്താണ് 'നബീദ്' എന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഉണക്കമുന്തിരി, ഈത്തപ്പഴം പോലെയുള്ള പഴങ്ങൾ വെള്ളത്തിലിട്ട് വെച്ച് ലഹരി വരുന്നതിന് മുമ്പ് പാനീയമായി ഉപയോഗിക്കുന്നതിനെ കുറിച്ചാണ് 'നബീദ്' എന്ന് അവയിൽ പരാമർശിച്ചിട്ടുള്ളത്.

അപ്രകാരം തന്നെ മദ്യം(ഖംറ്) എന്ന് ക്വുർആനിലും ഹദീഥുകളിലും പറഞ്ഞിട്ടുള്ളതിനെ മുന്തിരിയിൽ നിന്നെടുത്ത ലഹരിയുള്ള പാനിയം എന്നാണ് ചിലർ ധരിച്ചത്. കാരണം, അവർ പരിചയിച്ച ഭാഷാ പ്രയോഗമനുസരിച്ച് അങ്ങനെയാണ് അതിന്റെ താൽപര്യം. എന്നാൽ സ്ഥിരപ്പെട്ട നിരവധി ഹദീഥുകളിലൂടെ 'ഖംറ്' എന്നതിന്റെ ശരിയായ വിവക്ഷ വിശദമാക്കപ്പെട്ടിട്ടുണ്ട്. അഥവാ ലഹരിയുണ്ടാക്കുന്ന എല്ലാറ്റിനും പറയുന്ന ഒരു പൊതുനാമമാണ് 'ഖംറ്.'

ഇമാം ബുഖാരിയും(റഹി) ഇമാം മുസ്‌ലിമും(റഹി) ഉദ്ധരിക്കുന്ന ഒരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം; "ഉമർ ﷺ നബി ﷺയുടെ മിമ്പറിൽ വെച്ച് ഖുത്വുബ നിർവഹിച്ചുകൊണ്ടിരിക്കെ ഇപ്രകാരം പറഞ്ഞു:'ജനങ്ങളേ, മദ്യം (ഖംറ്) നിഷിദ്ധമാക്കിക്കൊണ്ടുള്ള നിയമം അവതരിച്ചു കഴിഞ്ഞതാണ്. അത്, മുന്തിരി, ഈത്തപ്പാഴം, തേൻ, ഗോതമ്പ്, ബാർളി എന്നിങ്ങനെ അഞ്ച് വസ്തുക്കളിൽ നിന്നാണ് ഉണ്ടാക്കുന്നത്. മദ്യം ബുദ്ധിയെ മറയ്ക്കുന്നതാണ്."

ഇമാം ബുഖാരി(റഹി) അബ്ദുല്ലാഹിബ്നു ഉമർ ﷺവിൽ നിന്ന് ഉദ്ധരിക്കുന്ന മറ്റൊരു റപ്പോർട്ടിൽ ഇപ്രകാരം കാണാം: "മദ്യം നിഷിദ്ധമാക്കിക്കൊണ്ടുള്ള നിയമം അവതരിച്ചു. ആ സമയത്ത് മദീനയിൽ അഞ്ച്തരം പാനീയങ്ങളാണ് (മദ്യമായി) ഉണ്ടായിരുന്നത്. അതിൽ മുന്തിരിയുടെ പാനീയമില്ലായിരുന്നു."

ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും ഉദ്ധരിക്കുന്ന ഒരു റിപ്പോർട്ടിൽ അനസ് ﷺ പറയുന്നു: "നിശ്ചയം, മദ്യം നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. മദ്യം അന്നുണ്ടാക്കിയിരുന്നത് പ്രധാനമായും കാരക്കയിൽ നിന്നും ഈത്തപ്പഴത്തിൽ നിന്നുമായിരുന്നു."

മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരമാണ്: "മദ്യം നിഷിദ്ധമാക്കപ്പെടുമ്പോൾ അത് പ്രധാനമായും ഉണ്ടാക്കിയിരുന്നത് ഒരു വസ്തുവിൽ നിന്നായിരുന്നു. മുന്തിരിയിൽ നിന്നുള്ള മദ്യം അപൂർവമായിട്ടല്ലാതെ ഞങ്ങൾ കണ്ടിരുന്നില്ല. പൊതുവിൽ മദ്യമുണ്ടാക്കിയിരുന്നത് ഈത്തപ്പഴത്തിൽ നിന്നായിരുന്നു"(ബുഖാരി).

മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെയും വന്നിട്ടുണ്ട്: "അല്ലാഹു മദ്യം നിഷിദ്ധമാക്കിക്കൊണ്ടുള്ള ആയത്തിറക്കി. അന്ന് മദീനയിൽ ഈത്തപ്പഴത്തിൽ നിന്നുണ്ടാക്കുന്ന മദ്യമായിരുന്നു പ്രചാരത്തിലുണ്ടായിരുന്നത്" (മുസ്‌ലിം).

അനസ് ﷺ പറയുന്നു: "ഞാൻ അബൂഉബൈദ, അബൂത്വൽഹ, ഉബയ്യുബ്നു കഅ്ബ് മുതലായവർക്ക് ഈത്തപ്പഴത്തിന്റെ വീഞ്ഞ് പകർന്നു കൊടുത്തുകൊണ്ടിരിക്കുമ്പോഴാണ് ഒരാൾവന്ന് ഇപ്രകാരം പറഞ്ഞത്: 'നിശ്ചയം, മദ്യം നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.' അപ്പോൾ (മുതലാളി) അബൂത്വൽഹ ﷺ പറഞ്ഞു: "അനസേ, നീ ആ മദ്യം ഒഴുക്കിക്കളയുക.' അങ്ങനെ ഞാനത് ഒഴുക്കിക്കളഞ്ഞു" (ബുഖാരി, മുസ്‌ലിം).

ഇബ്നു ഉമർ ﷺ പറയുന്നു; നബി ﷺ പറഞ്ഞു: "ലഹരിയുണ്ടാക്കുന്നതെല്ലാം മദ്യം (ഖംറ്) ആണ്. എല്ലാ മദ്യവും നിഷിദ്ധവുമാണ്"(മുസ്‌ലിം).

അബൂഹുറയ്റ ﷺയിൽ വിന്ന് നിവേദനം; നബി ﷺ പറഞ്ഞു: "മദ്യം (ഖംറ്) ഈ രണ്ടു സസ്യങ്ങളിൽ നിന്നാണ്; അതായത്, ഈത്തപ്പനയും മുന്തിരിയും." (അഹ്മദ്, അബൂദാവൂദ്)**(അവസാനിച്ചില്ല)** ●

നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം



# ഹജ്ജ്: മാനവികതയുടെ മഹാസംഗമം

ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള ദശലക്ഷക്കണക്കിന് വിശ്വാസികൾ പരിശുദ്ധ ഹജ്ജ് കർമത്തിനായി മക്കയിലെത്തിക്കഴിഞ്ഞു. ഏതൊരു മുസ്‌ലിമും തന്റെ മനസ്സിൽ കൊണ്ടുനടക്കുന്ന ആഗ്രഹമാണ് ജീവിതത്തിൽ ഒരിക്കലെങ്കിലും ഹജ്ജ് നിർവഹിക്കുക എന്നത്. സമ്പത്തും ആരോഗ്യവും യാത്രക്കുള്ള സൗകര്യവും ഒത്തുവന്നവർക്ക് ഈ മഹത്തായ കർമം അനുഷ്ഠിക്കൽ നിർബന്ധമാണ്. ഇസ്‌ലാമിന്റെ പഞ്ച സ്തംഭങ്ങളിൽ പെട്ട ആരാധനാകർമമായ ഹജ്ജ് വിശ്വാസിയുടെ ജീവിതത്തിലെ ഏറ്റവും വലിയ സമ്പാദ്യവുമാണ്.

ലോകത്തിന്റെ അഷ്ടദിക്കുകളിൽ നിന്നും വിശ്വാസി സമൂഹം ഒരേ ലക്ഷ്യവും ഒരേ മന്ത്രധ്വനികളുമായി മക്കയെന്ന പുണ്യനഗരം ലക്ഷ്യമാക്കി യാത്ര തിരിക്കുന്നത് മുതൽ ഐക്യത്തിന്റെയും മാനവികതയുടെയും മഹിത മാതൃക ലോകം കാണുകയാണ്. അല്ലാഹുവിന്റെ അതിഥികളായി എത്തുന്ന ദശലക്ഷക്കണക്കിന് വിശ്വാസികൾക്ക് ആതിഥ്യമരുളാൻ മാസങ്ങൾ നീണ്ട ഒരുക്കങ്ങളാണ് സുഊദി ഭരണകൂടം നടത്തുന്നത്.

വ്യത്യസ്ത ഭാഷകൾ, വ്യതിരിക്തമായ ശീലങ്ങൾ, വിഭിന്ന സംസ്കാരങ്ങൾ, വേറിട്ട ഭക്ഷണ രീതികൾ, ആകാര വൈവിധ്യങ്ങൾ... തുടങ്ങി തികച്ചും വ്യത്യസ്തരായ ലക്ഷങ്ങൾ ഒരേ മനസ്സും മന്ത്രവുമായി മക്കാ മരുഭൂമിയിൽ ഒന്ന് ചേരുകയാണ്. രാജ്യം, ഭാഷ, തൊലിയുടെ നിറം, സമ്പത്ത്, കുടുംബ മഹിമ... ഇവയിലെ വൈവിധ്യങ്ങളെല്ലാം മറന്ന് അവർ ഒന്നായി മാറുന്നു. നാഥന്റെ മുന്നിൽ തങ്ങൾ സമന്മാരാണെന്ന് അവർ മനസ്സിലാക്കുന്നു. വംശവെറിയും അതിദേശീയ ചിന്തയും അടക്കിവാഴുന്ന ലോകത്തിന് മാനവികൈക്യത്തിന്റെ മഹിതമാതൃക സമ്മാനിക്കുകയാണ് ഹജ്ജിലൂടെ വിശ്വാസിലോകം. വൈവിധ്യങ്ങളുടെ ലോകത്ത് വിശ്വാസികൾക്ക് ക്വുർആൻ നൽകുന്ന ഒരു തിരിച്ചറിവുണ്ട്; അതിങ്ങനെയാണ്:

“ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു” (ക്വുർആൻ 49:13).

വൈജാത്യങ്ങൾ പരസ്പരം തിരിച്ചറിയാൻ വേണ്ടി മാത്രമാണെന്നും അതിൽ അഹങ്കരിക്കാനോ അന്യനെ നിന്ദിക്കാനോ ഒരാൾക്കും അവകാശമില്ലെന്നുമുള്ള പ്രഖ്യാപനം വിവേചനങ്ങളുടെ അടിവേരറുക്കുന്നതാണ്. അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും ആദരണീയൻ ധർമനിഷ്ഠ പാലിക്കുന്നവനാണെന്ന് പറയുന്നതിലൂടെ ഉയർന്ന ധാർമിക നിലവാരമാണ് മനുഷ്യനെ ഉത്തമനാക്കുന്നതെന്ന് ഇസ്‌ലാം ലോകത്തെ പഠിപ്പിക്കുന്നു. അധികാരത്തിന്റെയും സമ്പത്തിന്റെയും പിൻബലത്തിൽ തങ്ങൾക്കിഷ്ടമില്ലാത്തവരെയെല്ലാം ഇല്ലാതാക്കാൻ കോപ്പുകൂട്ടുന്ന ആധുനിക ലോകത്തിന് അന്യൂനമായ മാനവികതയുടെ മാതൃക തീർക്കുകയാണ് വിശുദ്ധ ക്വുർആനും വിശ്വാസികളും.


ലോകത്തിന്റെ മുഴുവൻ വൈജാത്യങ്ങളെയും ഉൾക്കൊണ്ടു കൊണ്ട് അതിനപ്പുറം അവരെല്ലാം മജ്ജയും മാംസവുമുള്ള മനുഷ്യരാണ് എന്ന തിരിച്ചറിവ് ലോകത്തെ ഒന്നായി കാണാനും വിവേചനങ്ങൾക്കും അക്രമങ്ങൾക്കും അന്യവത്കരണത്തിനും എതിരെ നിലകൊള്ളാനും വിശ്വാസികളെ പ്രേരിപ്പിക്കുന്നു.

മുഹമ്മദ് നബിﷺ തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കിയ മഹിത മാതൃക പിന്തുടരുകയാണ് വർഷങ്ങൾക്കിപ്പുറവും വിശ്വാസി സമൂഹം. വിജയശ്രീലാളിതനായി മക്കയിലേക്ക് തിരിച്ചെത്തി അല്ലാഹുവിന്റെ പുണ്യഭവനമായ കഅ്ബയിൽ ആദ്യമായി ബാങ്കൊലി മുഴക്കാൻ കറുത്ത വർഗക്കാരനായ ബിലാൽ‎ؓ എന്ന അടിമയെയാണ് പ്രവാചകൻ നിയോഗിച്ചത്. പണവും അധികാരവും കുലമഹിമയും സൗന്ദര്യവും വേണ്ടുവോളം ഉള്ള ലക്ഷക്കണക്കിന് അനുയായികളിൽ നിന്ന് ബിലാലിനെ തെരഞ്ഞെടുത്തതിലൂടെ മാനവ കുലത്തിന് മുഹമ്മദ് നബിﷺ നൽകിയ സന്ദേശം വിശ്വമാനവിക ചരിത്രത്തിലെ നാഴികക്കല്ലാണ്.



**ലോകത്തിന്റെ അഷ്ടദിക്കുകളിൽ നിന്നും വിശ്വാസി സമൂഹം ഒരേ ലക്ഷ്യവും ഒരേ മന്ത്രധ്വനികളുമായി മക്കയെന്ന പുണ്യനഗരം ലക്ഷ്യമാക്കി യാത്ര തിരിക്കുന്നത് മുതൽ ഐക്യത്തിന്റെയും മാനവികതയുടെയും മഹിത മാതൃക ലോകം കാണുകയാണ്. വ്യത്യസ്ത ഭാഷകൾ, വ്യതിരിക്തമായ ശീലങ്ങൾ, വിഭിന്ന സംസ്കാരങ്ങൾ, വേറിട്ട ഭക്ഷണ രീതികൾ, ആകാര വൈവിധ്യങ്ങൾ... തുടങ്ങി തികച്ചും വ്യത്യസ്തരായ ലക്ഷങ്ങൾ ഒരേ മനസ്സും മന്ത്രവുമായി മക്കാ മരുഭൂമിയിൽ ഒന്ന് ചേരുകയാണ്. രാജ്യം, ഭാഷ, തൊലിയുടെ നിറം, സമ്പത്ത്, കുടുംബ മഹിമ...ഇവയിലെ വൈവിധ്യങ്ങളെല്ലാം മറന്ന് അവർ ഒന്നായി മാറുന്നു. തങ്ങളുടെ നാഥന്റെ മുന്നിൽ തങ്ങൾ സമന്മാരാണെന്ന് അവർ മനസ്സിലാക്കുന്നു. വംശവെറിയും അതിദേശീയ ചിന്തയും അടക്കിവാഴുന്ന ലോകത്തിന് മാനവികൈക്യത്തിന്റെ മഹിതമാതൃക സമ്മാനിക്കുകയാണ് ഹജ്ജിലൂടെ വിശ്വാസിലോകം.**

വർണ വിവേചനത്തിന്റെ വൃത്തികെട്ട മനസ്സിന് മുന്നിൽ തന്റെ ലോകനേട്ടങ്ങൾ പോലും നിഷ്പ്രഭമാകുന്നു എന്ന തിരിച്ചറിവിലൂടെയായിരുന്നു കാഷ്യസ് മേർസിലസ് ക്ലേ ജൂനിയർ എന്ന കാഷ്യസ് ക്ലേ മുഹമ്മദ് അലി ആയി മാറിയത്. ക്ലേയുടെ കുട്ടിക്കാലത്ത് അമേരിക്കയിൽ വർണ വിവേചനം രൂക്ഷമായിരുന്നു. കറുത്തവർക്കും വെളുത്തവർക്കും വെവ്വേറെ ഹോട്ടലുകൾ, പാർക്കുകൾ, പള്ളികൾ തുടങ്ങി ദൈനംദിന ജീവിതത്തിലെ എല്ലാ മേഖലകളിലും അസമത്വം കൊടികുത്തി വാണു. 'വെള്ളക്കാർക്ക് മാത്രം' എന്നെഴുതിയ ബോർഡുകൾ എല്ലായിടത്തും കാണാമായിരുന്നു. കറുത്ത വർഗക്കാരായ എല്ലാ കുട്ടികളിലും എന്ന പോലെ ക്ലേയുടെ മനസ്സില്ലും വർണ വിവേചനം മുറിവുകൾ സൃഷ്ടിച്ചു. കറുത്തവർഗക്കാരനായത് കൊണ്ട് ഒരു റെസ്റ്റോറന്റിലെ ഭക്ഷണം നിഷേധിച്ചതിന് തന്റെ ഒളിമ്പിക് സ്വർണമെഡൽ ഒഹിയോ നദിയിലേക്ക് വലിച്ചെറിഞ്ഞ് അദ്ദേഹം പ്രതിഷേധിച്ചതും ചരിത്രത്തിന്റെ ഭാഗം. വർണവിവേചനത്തിന്റെ ഇരകളായി ഇന്നും കഴിയുന്ന ആയിരങ്ങൾക്ക് മുന്നിൽ ഉത്തരമില്ലാതെ സ്തംഭിച്ചു നിൽക്കുന്ന മനുഷ്യാവകാശ സംഘടനകൾക്കും പ്രവർത്തകർക്കും പ്രതീക്ഷയുടെ കിരണങ്ങൾ സമ്മാനിക്കുകയാണ് വിശ്വാസി സമൂഹം.



**മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങൾ അഥവാ രക്തം, അഭിമാനം, സമ്പത്ത് എന്നിവ പവിത്രമാണെന്നും അവയോട് എന്നും ആദരവ് കൽപിക്കണമെന്നുമുള്ള പ്രഖ്യാപനം മാനവികതയുടെ ഉദ്ഘോഷണമാണ്. ഇന്ന് ലോകം തിരിച്ചറിയാതെ പോയത് ഈ ഘടകങ്ങളുടെ പവിത്രതയാണെന്നത് വസ്തുതയാണ്. മറ്റുള്ളവരുടെ അഭിമാനത്തിനും സമ്പത്തിനും രക്തത്തിനും വിലകൽപിക്കാതെ സ്വാർഥ താൽപര്യങ്ങൾക്ക് വേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ക്രൂരരായി മനുഷ്യർ മാറിക്കൊണ്ടിരിക്കുന്നതിന്റെ ദുരന്തമാണ് ഇന്ന് നാം അനുഭവിച്ചുകൊണ്ടിരിക്കുന്നത്.**

താൻ സത്യമെന്ന് വിശ്വസിക്കുന്ന സന്ദേശം സമൂഹത്തോട് വിളിച്ചു പറഞ്ഞതിന്റെ പേരിൽ പിറന്ന നാട്ടിൽ നിന്നും ആട്ടിയോടിച്ച, തന്നെയും അനുയായികളെയും കൊടിയ പീഡനങ്ങൾക്ക് വിധേയമാക്കിയ, ചിലരെ കുടുംബത്തോടൊപ്പം ക്രൂരമായി കൊലപ്പെടുത്തിയ ഒരു സമൂഹത്തിന് മാപ്പ് നൽകി പ്രവാചകൻ ലോകചരിത്രത്തിൽ തുല്യതയില്ലാത്ത മാതൃക സൃഷ്ടിച്ചു. സ്വാർഥ താൽപര്യങ്ങൾക്ക് വേണ്ടി ലോകം മുഴുവൻ കലാപങ്ങൾ സൃഷ്ടിക്കുന്ന ആധുനിക അധികാരി വർഗത്തിനും സാമ്രാജ്യത്വ ശക്തികൾക്കും മുന്നിൽ വിറങ്ങലിച്ചു നിൽക്കുന്ന ഇരകൾക്ക് ഹജ്ജിലൂടെ വിശ്വാസി സമൂഹം നൽകുന്ന സന്ദേശം അതുല്യമാണ്.

പ്രവാചകൻﷺ തന്നോടൊപ്പം വന്ന ലക്ഷക്കണക്കിന് അനുയായികളെ സാക്ഷി നിർത്തി തന്റെ ആദ്യത്തെതും അവസാനത്തെതുമായ ഹജ്ജ് വേളയിൽ അറഫാ മൈതാനിയിൽ ലോകത്തോട് നടത്തിയ പ്രഖ്യാപനങ്ങൾ ചരിത്രത്താളുകളിൽ തങ്കലിപികളാൽ ഉല്ലേഖനം ചെയ്യപ്പെട്ടവയാണ്.

"മനുഷ്യരേ, ഇത് സശ്രദ്ധം ശ്രവിക്കുക. ഈ കൊല്ലത്തിനു ശേഷം ഈ സ്ഥാനത്ത് വെച്ച് ഇതുപോലെ ഇനി നാം കണ്ടുമുട്ടുമോ എന്ന് അറിഞ്ഞുകൂടാ. മനുഷ്യരേ, ഈ പ്രദേശത്തിന്റെ, ഈ മാസത്തിന്റെ, ഈ സുദിനത്തിന്റെ പവിത്രത പോലെ നിങ്ങൾ നിങ്ങളുടെ രക്തത്തിനും അഭിമാനത്തിനും സമ്പത്തിനും പരസ്പരം ആദരവ് കൽപിക്കേണ്ടതാണ്..."

മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങൾ അഥവാ രക്തം, അഭിമാനം, സമ്പത്ത് എന്നിവ പവിത്രമാണെന്നും അവയോട് എന്നും ആദരവ് കൽപിക്കണമെന്നുമുള്ള പ്രഖ്യാപനം മാനവികതയുടെ ഉദ്ഘോഷണമാണ്. ഇന്ന് ലോകം തിരിച്ചറിയാതെ പോയത് ഈ ഘടകങ്ങളുടെ പവിത്രതയാണെന്നത് വസ്തുതയാണ്. മറ്റുള്ളവരുടെ അഭിമാനത്തിനും സമ്പത്തിനും രക്തത്തിനും വിലകൽപിക്കാതെ സ്വാർഥ താൽപര്യങ്ങൾക്ക് വേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ക്രൂരരായി മനുഷ്യർ മാറിക്കൊണ്ടിരിക്കുന്നതിന്റെ ദുരന്തമാണ് ഇന്ന് നാം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഭരണകൂട ഭീകരതകളും തീവ്രവാദങ്ങളും ഇതിന്റെ അനന്തര ഫലമാണ്. തങ്ങളുടെ കേ

**വർണ്ണ വിവേചനത്തിന്റെ വ്യത്തികെട്ട മനസ്സിന് മുന്നിൽ തന്റെ ലോകനേട്ടങ്ങൾ പോലും നിഷ്പ്രഭമാകുന്നു എന്ന തിരിച്ചറിവിലൂടെയായിരുന്നു കാഷ്യസ് മേർസിലസ് ക്ലേ ജൂനിയർ എന്ന കാഷ്യസ് ക്ലേ മുഹമ്മദ് അലി ആയി മാറിയത്. കറുത്തവർഗക്കാരനായത് കൊണ്ട് ഒരു റെസ്റ്റോറന്റിലെ ഭക്ഷണം നിഷേധിച്ചതിന് തന്റെ ഒളിമ്പിക് സ്വർണമെഡൽ ഒഹിയോ നദിയിലേക്ക് വലിച്ചെറിഞ്ഞ് അദ്ദേഹം പ്രതിഷേധിച്ചതും ചരിത്രത്തിന്റെ ഭാഗം. വർണവിവേചനത്തിന്റെ ഇരകളായി ഇന്നും കഴിയുന്ന ആയിരങ്ങൾക്ക് മുന്നിൽ ഉത്തരമില്ലാതെ സ്തംഭിച്ചു നിൽക്കുന്ന മനുഷ്യാവകാശ സംഘടനകൾക്കും പ്രവർത്തകർക്കും പ്രതീക്ഷയുടെ കിരണങ്ങൾ സമ്മാനിക്കുകയാണ് വിശ്വാസി സമൂഹം.**

വല താൽപര്യങ്ങൾക്ക് വേണ്ടി മനുഷ്യനെ കൊന്നൊടുക്കുന്നവർ, പണത്തിന്റെയും അധികാരത്തിന്റെയും മറവിൽ മനുഷ്യരെ ക്രൂരമായി ആക്രമണങ്ങൾക്കും പീഡനങ്ങൾക്കും വിധേയരാക്കുന്നവർ, ശാസ്ത്ര പരീക്ഷണങ്ങളുടെ പേരിൽ തലമുറകളോളം അനുഭവിക്കേണ്ടിവരുന്ന വലിയ ദുരന്തങ്ങൾ വരുത്തിവെക്കുന്നവർ, രാഷ്ട്രീയ താൽപര്യങ്ങൾക്കായി കലാപങ്ങളും അക്രമങ്ങളും ആസൂത്രം ചെയ്യുന്നവർ... പ്രവാചകൻﷺ പഠിപ്പിച്ച മൂന്ന് കാര്യങ്ങളുടെ പവിത്രത ഇവർ തിരിച്ചറിയാതെ പോകുകയാണ്; അവയെ പിച്ചിച്ചീന്തുകയാണ്.

ഇന്നും പ്രവാചക മാതൃക പിന്തുടർന്ന് ഹജ്ജിനായി പുണ്യനഗരിയിൽ എത്തിച്ചേർന്ന മുഴുവൻ വിശ്വാസികളെയും സാക്ഷിനിർത്തി ഇസ്‌ലാമിക പണ്ഡിതർ പ്രസ്തുത പ്രഖ്യാപനം ആവർത്തിച്ചു കൊണ്ടിരിക്കുന്നു. ലോക സമാധാനത്തിനും മാനവ ഐക്യത്തിനും തുല്യതയില്ലാത്ത മാതൃക തീർത്ത പ്രവാചകന്റെ ജീവിത സന്ദേശങ്ങൾ നിത്യപ്രസക്തമാണെന്നതിന് തെളിവ് കൂടിയാണ് ആണ്ടിലൊരിക്കൽ വിശ്വാസി സമൂഹത്തിന്റെ ഒത്ത് ചേരലും അത് ലോകത്തിന് കൈമാറുന്ന സന്ദേശവും. തൽപര കക്ഷികളുടെ തീവ്രവാദ ആരോപണങ്ങൾക്ക് ഇസ്‌ലാമുമായി ബന്ധമില്ലെന്നും അത്തരം ക്രൂരതകൾക്കെതിരെ മുസ്‌ലിം സമൂഹം ശക്തമായ പ്രതിരോധം തീർക്കണമെന്നും അറഫാ സംഗമത്തിലൂടെ മുസ്‌ലിം ലോകം ആഹ്വാനം ചെയ്യുന്നു.

അല്ലാഹു പറയുന്നു: "...മറ്റൊരാളെ കൊന്നതിന് പകരമായോ ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു..." (ക്വുർആൻ: 5:32).

ഈ ക്വുർആനിന്റെ അനുയായികൾക്കെങ്ങനെ തീവ്രവാദികളാകാൻ കഴിയും?

'ഹറം' എന്നാൽ 'പരിശുദ്ധം' എന്നാണ് അർഥം. അല്ലാഹുവിനെ മാത്രം ആരാധിക്കുവാൻ വേണ്ടി പ്രവാചകൻ ഇബ്‌റാഹീമുംعليه السلام മകൻ ഇസ്മാഈലുംعليه السلام കൂടി പടുത്തുയർത്തിയ കഅ്ബയും പരിസരവും എന്നും പവിത്രമാണ്.

അല്ലാഹു പറയുന്നു: 'സത്യവിശ്വാസികളേ, അല്ലാഹുവിന്റെ മതചിഹ്നങ്ങളെ നിങ്ങൾ അനാദരിക്കരുത്. പവിത്രമായ മാസത്തെയും (കഅ്ബത്തിങ്കലേക്ക് കൊണ്ടുപോകുന്ന) ബലിമൃഗങ്ങളെയും, (അവയുടെ കഴുത്തിലെ) അടയാളത്താലികളെയും നിങ്ങളുടെ രക്ഷിതാവിന്റെ അനുഗ്രഹവും പൊരുത്തവും തേടിക്കൊണ്ട് വിശുദ്ധ മന്ദിരത്തെ ലക്ഷ്യമാക്കിപ്പോകുന്ന തീർഥാടകരെയും (നിങ്ങൾ അനാദരിക്കരുത്). എന്നാൽ ഇഹ്റാമിൽ നിന്ന് നിങ്ങൾ ഒഴിവായാൽ നിങ്ങൾക്ക് വേട്ടയാടാവുന്നതാണ്. മസ്ജിദുൽ ഹറാമിൽ നിന്ന് നിങ്ങളെ തടഞ്ഞു എന്നതിന്റെ പേരിൽ ഒരു ജനവിഭാഗത്തോട് നിങ്ങൾക്കുള്ള അമർഷം അതിക്രമം പ്രവർത്തിക്കുന്നതിന് നിങ്ങൾക്കൊരിക്കലും പ്രേരകമാകരുത്. പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു'' (ക്വുർആൻ 5:2).

തങ്ങളുടെ ചുറ്റും കൂടിയ ലക്ഷക്കണക്കിന് ആളുകളിൽ ഒരാൾക്ക് പോലും ഏതെങ്കിലും തരത്തിലുള്ള പ്രയാസം ഉണ്ടാകരുതെന്ന ആത്മാർഥമായ കരുതലും സൂക്ഷ്മതും ഏതൊരു വിശ്വാസിയും പാലിക്കേണ്ട മര്യാദയാണ്. ഹജ്ജിനോടും അത് നിർവഹിക്കുന്ന പരിസരങ്ങളോടും അവനുള്ള ബാധ്യതയാണത്. നോക്കൂ! ശാന്തവും സമാധാനപരവുമായി ആരാധന കർമങ്ങൾ നിർവഹിക്കുവാൻ തന്നെപ്പോലെ മറ്റുള്ളവർക്കും അവകാശമുണ്ടെന്നും ആ

**തങ്ങളുടെ ചുറ്റും കൂടിയ ലക്ഷക്കണക്കിന് ആളുക ളിൽ ഒരാൾക്ക് പോലും ഏതെങ്കിലും തരത്തിലുള്ള പ്രയാസം ഉണ്ടാകരുതെന്ന ആത്മാർഥമായ കരുതലും സൂക്ഷ്മതും ഏതൊരു വിശ്വാസിയും പാലിക്കേണ്ട മ ര്യാദയാണ്. ഹജ്ജിനോടും അത് നിർവഹിക്കുന്ന പരി സരങ്ങളോടും അവനുള്ള ബാധ്യതയാണത്. നോക്കൂ! ശാന്തവും സമാധാനപരവുമായി ആരാധന കർമങ്ങൾ നിർവഹിക്കുവാൻ തന്നെപ്പോലെ മറ്റുള്ളവർക്കും അ വകാശമുണ്ടെന്നും ആ അവകാശം വകവെച്ചുകൊടു ക്കേണ്ടത് തന്റെ ബാധ്യതയാണെന്നുമുള്ള തിരിച്ചറിവ് ഓരോ വിശ്വാസിയുടെയും മനസ്സിനെ പരിശീലിപ്പിക്കു ന്നത് സഹജീവി സ്നേഹത്തിന്റെയും സഹവർത്തിത്വ ത്തിന്റെയും ക്ഷമയുടെയും വിട്ടുവീഴ്ചയുടെയും ഉത്തമ പാഠങ്ങളാണ്.**

അവകാശം വകവെച്ചുകൊടുക്കേണ്ടത് തന്റെ ബാധ്യതയാണെന്നുമുള്ള തിരി ച്ചറിവ് ഓരോ വിശ്വാസിയുടെയും മന സ്സിനെ പരിശീലിപ്പിക്കുന്നത് സഹജീ വി സ്നേഹത്തിന്റെയും സഹവർത്തി ത്വത്തിന്റെയും ക്ഷമയുടെയും വിട്ടുവീ ഴ്ചയുടെയും ഉത്തമ പാഠങ്ങളാണ്. ത നിക്ക് ചുറ്റുമുള്ള സാഹചര്യങ്ങൾ തീർ ക്കുന്ന പ്രലോഭനങ്ങൾക്ക് മുന്നിൽ കീ ഴടങ്ങാതെ ലക്ഷ്യത്തിലേക്കുള്ള പ്ര യാണത്തിൽ ആത്മധൈര്യത്തോടെ മു ന്നേറാൻ വിശ്വാസിയെ ഇത് പരിശീ ലിപ്പിക്കുന്നു.

ഭൗതിക തിരക്കുകകൾ മാറ്റിവെച്ച് അതികഠിനമായ ചൂടിൽ അല്ലാഹുവി ന്റെ വിളിക്ക് ഉത്തരം നൽകി ഹജ്ജി ന് പുറപ്പെടുന്ന വിശ്വാസി ത്യാഗങ്ങൾ സഹിക്കാനും അത് നാളെയുടെ ലോ കത്ത് ഉപകാരപ്പെടാനും മാനസികമാ യി തയ്യാറെടുക്കുന്നു. പ്രവാചകന്മാരു ടെ ത്യാഗ സുരഭിലമായ ജീവിത ചരി ത്രമുണ്ട് ഹജ്ജിന് പിന്നിൽ. ജീവിത ത്തിന്റെ വിവിധ ഘട്ടങ്ങളിൽ അതുല്യ മായ പരീക്ഷണങ്ങൾക്ക് വിധേയനാ യ പ്രവാചകൻﷺ തന്റെ ഉറച്ച വിശ്വാ സത്തിന്റെ ബലത്തിൽ പരീക്ഷണങ്ങ ളെ അതിജയിച്ച ചരിത്രം ലോകത്തി ന് തന്നെ മാതൃകയാണ്. അല്ലാഹു ത ന്റെ കൂട്ടുകാരായി വിശേഷിപ്പിച്ച ഇബ് റാഹീം നബിﷺയുടെയും മുഹമ്മദ് ന ബിﷺയുടെയും ജീവിതസന്ദേശം ലോകത്തിന് എ ന്നും വെളിച്ചമാണ്. തങ്ങൾക്ക് ലഭിച്ച സത്യസന്ദേ ശം ജനങ്ങളോട് വിളിച്ചു പറഞ്ഞ സന്ദർഭത്തിൽ നാ ട്ടുകാരും കുടുംബക്കാരും എതിർത്തപ്പോഴും സത്യ ത്തിന്റെ മാർഗത്തിൽ ഉറച്ച് നിൽക്കാൻ ഈ പ്രവാ ചകൻമാർക്ക് സാധ്യമായത് വിശ്വാസത്തിന്റെ കരുത്ത് കൊണ്ടാണ്. ആരൊക്കെ എതിർത്താലും സത്യത്തിന് വേണ്ടി നിലകൊള്ളാൻ സാധിക്കണം എന്ന സന്ദേ ശമാണ് മാനവ സമൂഹത്തിന് ഇരു പ്രവാചകന്മാരു ടെയും ജീവിതം നൽകുന്നത്.

ജീവിത സായാഹ്നത്തിൽ ലഭിച്ച സന്താനത്തെയും തന്നെയും മരുഭൂമിയിൽ തനിച്ചാക്കി പോകുന്ന പ്രി യതമൻ അല്ലാഹുവിന്റെ നിർദേശം അനുസരിച്ചാണ് പോകുന്നത് എന്നത് ഉൾകൊണ്ട് അതിൽ സംതൃപ് തി കാണിച്ച ഹാജറ എന്ന ധീര വനിത വിശ്വാസി നികൾക്ക് ഉദാത്തമായ മാതൃകയാണ്. ചുട്ടുപൊള്ളു ന്ന മരുഭൂമിയിൽ വെള്ളത്തിനായി ഓടുന്നതും അ ല്ലാഹു ലോകർക്ക് സമ്മാനവും അത്ഭുതവുമായി സം സം നൽകുന്നതും ഹജ്ജിൽ നാം അനുസ്മരിക്കു ന്ന ചരിത്ര മുഹൂർത്തങ്ങളാണ്. ഏത് പ്രതിസന്ധി ഘട്ടത്തിലും തന്റെ ഇണയെ അറിഞ്ഞ് കൂടെ നിൽ ക്കാനും പ്രിയതമന്റെ സന്തോഷ, സന്താപ ഘട്ടങ്ങ ളിൽ കൂടെയുണ്ടാകാനും കുടുംബിനികൾക്ക് ഹാ ജറ ബീവി നൽകുന്ന മാതൃക വെളിച്ചമാവണം.

ദീർഘകാലത്തെ കാത്തിരിപ്പിനും പ്രാർഥനക്കും ഒടുവിൽ ജീവിത സായാഹ്നത്തിൽ സന്താനത്തെ ല ഭിച്ച ആ ദമ്പതികളിൽ നമുക്ക് മാതൃകയുണ്ട്. സ ന്താനത്തെ ചോദിക്കേണ്ടത് അല്ലാഹുവിനോടാണ്. കാരണം അതിന് കഴിയുന്നവൻ അല്ലാഹു മാത്രമാ ണ്. അല്ലാഹു പറയുന്നു: "അല്ലാഹുവിന്നാകുന്നു ആ കാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉ ദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്ക ളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടക ലർത്തി കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അ വൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു" (ക്വുർആൻ 42:49,50).

ആളുകൾ വിശ്വാസ വൈകല്യങ്ങളിലേക്ക് വഴു തിപ്പോകുന്നതിൽ പ്രധാനപ്പെട്ട ഒരു കാരണം സ ന്താന സൗഭാഗ്യം ലഭിക്കാതിരിക്കുക എന്നതാണ്. ലക്ഷങ്ങൾ ചെലവാക്കി, ലോകത്ത് ലഭ്യമായ മുഴു വൻ ചികിത്സകളും നടത്തി നിരാശരായ പലരും പി ന്നീട് തിരിയുന്നത് സൃഷ്ടികളിലേക്കാണ്; ജാറങ്ങ ളിലേക്കും മക്വാമുകളിലേക്കുമാണ്. ഏത് കാര്യത്തി ലും ഭൗതികമായി ചെയ്യാനുള്ളത് ചെയ്ത് അല്ലാ ഹുവിൽ ഭരമേൽപിച്ചും നിരന്തരമായി അവനോട് പ്രാർഥിച്ചും മുന്നോട്ട് പോകാൻ വിശ്വാസികൾക്ക് സാ

**ന്യൂസിലന്റ് ഭീകരാക്രമണത്തിൽ മരിച്ചവരുടെയും പരിക്കേറ്റവരും കുടുംബങ്ങളിൽ നിന്ന് 200 പേർക്ക് സുഊദി രാജാവിന്റെ പ്രത്യേക അതിഥകളായി ഈ വർഷം ഹജ്ജിന് അവസരം ഉണ്ട്. ഫലസ്തീൻ രക്തസാക്ഷികളുടെ ആയിരം ബന്ധുക്കളും ദരിദ്ര രാജ്യമായ സുഡാനിൽ നിന്ന് ആയിരം പേരും ഈ വർഷം അതിഥികളായി ഹജ്ജിനെത്തും. ഇരകളോട് ലോകം സ്വീകരിക്കേണ്ട ആദരവും അനുഭാവവും പരിഗണനയും എങ്ങനെയാവണമെന്ന് ലോകത്തെ പഠിപ്പിക്കുകയാണ് സുഊദി ഭരണകൂടം ഇത്തരം നടപടികളിലൂടെ.**




ധിക്കേണ്ടതുണ്ട്. ചൂഷകരുടെ വലയിൽ പെട്ട് ഇഹപരലോകങ്ങൾ നഷ്ടപ്പെടുത്തുന്ന ഹതഭാഗ്യരുടെ കൂട്ടത്തിൽ നാം ഉൾപ്പെട്ടു പോകരുത്.

തന്നെ ബലി നൽകുവാൻ അല്ലാഹുവിന്റെ കൽപനയുണ്ടെന്ന് പിതാവ് പറഞ്ഞപ്പോൾ ഇസ്മാഈൽ സസന്തോഷം അതിന് സമ്മതം മൂളിയതിൽ വിശ്വാസികളായ എല്ലാ സന്താനങ്ങൾക്കും അതുല്യമായ മാതൃകയുണ്ട്. അല്ലാഹു പറയുന്നു: "എന്നിട്ട് ആ ബാലൻ അദ്ദേഹത്തോടൊപ്പം പ്രയത്നിക്കാനുള്ള പ്രായമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ കുഞ്ഞുമകനേ! ഞാൻ നിന്നെ അറുക്കണമെന്ന് ഞാൻ സ്വപ്നത്തിൽ കാണുന്നു. അതുകൊണ്ട് നോക്കൂ: നീ എന്താണ് അഭിപ്രായപ്പെടുന്നത്? അവൻ പറഞ്ഞു: എന്റെ പിതാവേ, കൽപിക്കപ്പെടുന്നതെന്തോ അത് താങ്കൾ ചെയ്തുകൊള്ളുക. അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം ക്ഷമാശീലരുടെ കൂട്ടത്തിൽ താങ്കൾ എന്നെ കണ്ടെത്തുന്നതാണ്" (37:102).

ദാനധർമങ്ങൾ വിശ്വാസിയുടെ ജീവിതത്തിന്റെ ഭാഗമാണ്. ഹജ്ജിന്റെ കർമങ്ങളിൽ പ്രധാനമാണ് ബലികർമം. ബലി മാംസം പാവങ്ങൾക്ക് ഭക്ഷണമായി വിതരം ചെയ്യപ്പെടുന്നു. ലോകത്തെ 25ൽ അധികം രാജ്യങ്ങളിലെ പാവങ്ങൾക്ക് ഈ ബലിമാംസം ലഭിക്കുന്നുണ്ട്.

"ആകയാൽ നീ നിന്റെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക" (സൂറതുൽ കൗഥർ) എന്ന ക്വുർആനിന്റെ ആഹ്വാനം അനുസരിച്ച് ലോകത്തെ വിശ്വാസി സമൂഹം പെരുന്നാൾ ദിനം ബലിയറുക്കുന്നു. അതിന്റെ മാംസം ദാനം ചെയ്ത് വിശ്വാസികൾ സ്രഷ്ടാവിനോടുള്ള വിധേയത്വം വെളിവാക്കുന്നു.

ന്യൂസിലന്റ് ഭീകരാക്രമണത്തിൽ മരിച്ചവരുടെയും പരിക്കേറ്റവരുടെയും കുടുംബങ്ങളിൽ നിന്ന് 200 പേർക്ക് സുഊദി രാജാവിന്റെ പ്രത്യേക അതിഥികളായി ഈ വർഷം ഹജ്ജിന് അവസരം ഉണ്ട്. ഫലസ്തീൻ രക്തസാക്ഷികളുടെ ആയിരം ബന്ധുക്കളും ദരിദ്ര രാജ്യമായ സുഡാനിൽ നിന്ന് ആയിരം പേരും ഈ വർഷം അതിഥികളായി ഹജ്ജിനെത്തും. ഇരകളോട് ലോകം സ്വീകരിക്കേണ്ട ആദരവും അനുഭാവവും പരിഗണനയും എങ്ങനെയാവണമെന്ന് ലോകത്തെ പഠിപ്പിക്കുകയാണ് സുഊദി ഭരണകൂടം ഇത്തരം നടപടികളിലൂടെ.

എന്നും അത്ഭുതത്തോടെ ലോകം നോക്കിക്കാണുന്ന, ഏറ്റവും വലിയ മാനവ സംഗമത്തിലൂടെ കൈമാറപ്പെടുന്നത് തുല്യതയില്ലാത്ത മാനവികതയുടെ മാതൃകയാണ്.

ഹജ്ജിലൂടെ നേടിയെടുത്ത ആത്മവിശുദ്ധി ശിഷ്ടജീവിതത്തെ പ്രകാശപൂരിതമാക്കേണ്ടതുണ്ട്. അതിനായിരിക്കണം എല്ലാ ഹാജിമാരും ശ്രദ്ധിക്കേണ്ടത്.

ജീവിതയാത്രയിൽ സംഭവിച്ച പോരായ്മകളും തെറ്റുകുറ്റങ്ങളും സ്രഷ്ടാവിനോട് ഏറ്റു പറഞ്ഞ് പുതിയ തീരുമാനങ്ങളുമായി നവജാത ശിശുവിന്റെ മനസ്സിന്റെ പവിത്രതയോടെ മടങ്ങുന്ന വിശ്വാസി-വിശ്വാസിനികൾ അവർണനീയമായ ഒരു അനുഭൂതിയാണ് നേടിയെടുക്കുന്നത്. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 74, ഭാഗം: 2

# അൽമുദ്ദസ്സിർ (പുതച്ചുമൂടിയവൻ)

| | |
|---|---|
| 11). എന്നെയും ഞാൻ ഏകനായിക്കൊണ്ട് സൃഷ്ടിച്ച ഒരുത്തനെയും വിട്ടേക്കുക. | ذَرۡنِي وَمَنۡ خَلَقۡتُ وَحِيدٗا ﴿١١﴾ |
| 12). അവന് ഞാൻ സമൃദ്ധമായ സമ്പത്ത് ഉണ്ടാക്കി കൊടുക്കുകയും ചെയ്തു. | وَجَعَلۡتُ لَهُۥ مَالٗا مَّمۡدُودٗا ﴿١٢﴾ |
| 13). സന്നദ്ധരായി നിൽക്കുന്ന സന്തതികളെയും. | وَبَنِينَ شُهُودٗا ﴿١٣﴾ |
| 14). അവനു ഞാൻ നല്ല സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു. | وَمَهَّدتُّ لَهُۥ تَمۡهِيدٗا ﴿١٤﴾ |
| 15). പിന്നെയും ഞാൻ കൂടുതൽ കൊടുക്കണമെന്ന് അവൻ മോഹിക്കുന്നു. | ثُمَّ يَطۡمَعُ أَنۡ أَزِيدَ ﴿١٥﴾ |
| 16). അല്ല, തീർച്ചയായും അവൻ നമ്മുടെ ദൃഷ്ടാന്തങ്ങളോട് മാത്സര്യം കാണിക്കുന്നവനായിരിക്കുന്നു. | كَلَّآۖ إِنَّهُۥ كَانَ لِأٓيَٰتِنَا عَنِيدٗا ﴿١٦﴾ |
| 17). പ്രയാസമുള്ള ഒരു കയറ്റം കയറാൻ നാം വഴിയെ അവനെ നിർബന്ധിക്കുന്നതാണ്. | سَأُرۡهِقُهُۥ صَعُودًا ﴿١٧﴾ |
| 18). തീർച്ചയായും അവനൊന്നു ചിന്തിച്ചു, അവനൊന്നു കണക്കാക്കുകയും ചെയ്തു. | إِنَّهُۥ فَكَّرَ وَقَدَّرَ ﴿١٨﴾ |
| 19). അതിനാൽ അവൻ നശിക്കട്ടെ. എങ്ങനെയാണവൻ കണക്കാക്കിയത്? | فَقُتِلَ كَيۡفَ قَدَّرَ ﴿١٩﴾ |
| 20). വീണ്ടും അവൻ നശിക്കട്ടെ, എങ്ങനെയാണവൻ കണക്കാക്കിയത്? | ثُمَّ قُتِلَ كَيۡفَ قَدَّرَ ﴿٢٠﴾ |
| 21). പിന്നീട് അവനൊന്നു നോക്കി. | ثُمَّ نَظَرَ ﴿٢١﴾ |
| 22). പിന്നെ അവൻ മുഖം ചുളിക്കുകയും മുഖം കറുപ്പിക്കുകയും ചെയ്തു. | ثُمَّ عَبَسَ وَبَسَرَ ﴿٢٢﴾ |
| 23). പിന്നെ അവൻ പിന്നോട്ട് മാറുകയും അഹങ്കാരം നടിക്കുകയും ചെയ്തു. | ثُمَّ أَدۡبَرَ وَٱسۡتَكۡبَرَ ﴿٢٣﴾ |
| 24). എന്നിട്ടവൻ പറഞ്ഞു: ഇത് (ആരിൽ നിന്നോ) ഉദ്ധരിക്കപ്പെടുന്ന മാരണമല്ലാതെ മറ്റൊന്നുമല്ല. | فَقَالَ إِنۡ هَٰذَآ إِلَّا سِحۡرٞ يُؤۡثَرُ ﴿٢٤﴾ |
| 25). ഇത് മനുഷ്യന്റെ വാക്കല്ലാതെ മറ്റൊന്നുമല്ല. | إِنۡ هَٰذَآ إِلَّا قَوۡلُ ٱلۡبَشَرِ ﴿٢٥﴾ |
| 26). വഴിയെ ഞാൻ അവനെ സക്വറിൽ (നരകത്തിൽ) ഇട്ട് എരിക്കുന്നതാണ്. | سَأُصۡلِيهِ سَقَرَ ﴿٢٦﴾ |
| 27). സക്വർ എന്നാൽ എന്താണെന്ന് നിനക്കറിയുമോ? | وَمَآ أَدۡرَىٰكَ مَا سَقَرُ ﴿٢٧﴾ |
| 28). അത് ഒന്നും ബാക്കിയാക്കുകയോ വിട്ടുകളയുകയോ ഇല്ല. | لَا تُبۡقِي وَلَا تَذَرُ ﴿٢٨﴾ |
| 29). അത് തൊലികരിച്ച് രൂപം മാറ്റിക്കളയുന്നതാണ്. | لَوَّاحَةٞ لِّلۡبَشَرِ ﴿٢٩﴾ |
| 30). അതിന്റെ മേൽനോട്ടത്തിന് പത്തൊമ്പത് പേരുണ്ട്. | عَلَيۡهَا تِسۡعَةَ عَشَرَ ﴿٣٠﴾ |

11-30) വലീദുബ്നു മുഗീറയുടെ കാര്യത്തിലാണ് ഈ വചനങ്ങൾ അവതരിച്ചത്. സത്യത്തോട് ധിക്കാരം കാണിച്ചവൻ അല്ലാഹുവോടും അവന്റെ ദൂതനോടും എതിർത്തും ഏറ്റുമുട്ടിയും പോരാടിയവൻ. അതിനാൽ അല്ലാഹു അവനെ മറ്റൊരാളെയും ആക്ഷേപിച്ചിട്ടില്ലാത്ത വിധം ആക്ഷേപിക്കുകയാണ്. സത്യത്തോട് എതിർപ്പ് കാണിക്കുകയും ധിക്കരിക്കുകയും ചെയ്തവരുടെയെല്ലാം ഫലമിതാണ്. ഇഹലോകത്ത് അവന് നന്ദ്യതയാണുള്ളത്. പരലോകത്താകട്ടെ അങ്ങേയറ്റത്തെ അപമനാകരമായ ശിക്ഷയും.

തുടർന്ന് പറയുന്നു: (എന്നെയും ഞാൻ ഏകനായിക്കൊണ്ട് സൃഷ്ടിച്ച ഒരുത്തനെയും വിട്ടേക്കുക). പരിവാരങ്ങളോ സമ്പത്തോ മറ്റൊന്നും തന്നെയില്ലാതെ ഏകനായി ഞാൻ അവനെ സൃഷ്ടിച്ചു. ഇപ്പോഴും ഞാനവനെ സംരക്ഷിക്കുകയും ആവശ്യമായത് നൽകുകയും ചെയ്തുകൊണ്ടിരിക്കുന്നു.

(അവന് ഞാൻ സമൃദ്ധമായ സമ്പത്ത് ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തു). അതായത് ധാരാളം. അവന് ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്തു (സന്തതികളെ). അഥവാ ആൺമക്കളെ. (സന്നദ്ധരായി നിൽക്കുന്ന) എപ്പോഴും അവന്റെ അടുക്കൽ ഹാജറായി നിൽക്കുകയും അവരെക്കൊണ്ട് അവൻ സന്തോഷിക്കുകയും ആവശ്യങ്ങൾ നിർവഹിക്കുകയും സഹായങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. (അവനു ഞാൻ നല്ല സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു).

ഇഹലോകത്ത് അതിനു വേണ്ട വഴികളുണ്ടാക്കിക്കൊടുക്കുകയും അവന്റെ ആവശ്യങ്ങൾക്ക് കഴിയുകയും അവൻ ആഗ്രഹിക്കുന്നതും ഉദ്ദേശിക്കുന്നതും നേടുകയും ചെയ്തു. (പിന്നെയും) ഈ അനുഗ്രഹ സഹായങ്ങൾ ഉണ്ടായിട്ടും (ഞാൻ കൂടുതൽ കൊടുക്കണമെന്ന് അവൻ മോഹിക്കുന്നു). അതായത് പരലോക സുഖാനുഗ്രഹങ്ങളിൽ നിന്നും ഇഹലോകത്ത് ലഭിച്ചതുപോലെ ലഭിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. (അല്ല) അവൻ ആശിക്കുന്നത് പോലെയല്ല കാര്യം. അവന്റെ താൽപര്യങ്ങൾക്കും ഉദ്ദേശ്യങ്ങൾക്കും വിപരീതമായാണത് സംഭവിക്കുക. അത് (തീർച്ചയായും അവൻ നമ്മുടെ ദൃഷ്ടാന്തങ്ങളോട് മാത്സര്യം കാണിക്കുന്നവനായിരിക്കുന്നു). സത്യം മനസ്സിലാക്കി പിന്നെ നിഷേധിച്ചു. സത്യത്തിലേക്ക് അവന് പ്രേരണയുണ്ടായി. പക്ഷേ, അവൻ അതിന് വഴങ്ങിയില്ല. സത്യത്തെ അവഗണിക്കുന്നതു കൊണ്ടും തിരിഞ്ഞു കളയുന്നത് കൊണ്ടും അവൻ മതിയാക്കിയില്ല. മറിച്ച് അതിനോട് ഏറ്റുമുട്ടുകയും അതിനെ നിഷ്ഫലമാക്കാൻ പരിശ്രമിക്കുകയും ചെയ്തു. (തീർച്ചയായും അവനൊന്ന് ചിന്തിച്ചു) അതായത് സ്വന്തത്തെക്കുറിച്ച്. (അവനൊന്ന് കണക്കാക്കുകയും ചെയ്തു) അവൻ ചിന്തിച്ച കാര്യത്തിൽ. അത് ക്വുർആനിനെ നിരർഥകമാക്കുന്ന ഒരു പ്രസ്താവന പറയാനായിരുന്നു. (അതിനാലവൻ നശിക്കട്ടെ. എങ്ങനെയാണവൻ കണക്കാക്കിയത്). അവന്റെ പരിധിയിൽ പെടാത്ത കാര്യത്തിൽ അവൻ കണക്കാക്കി. അവനോ അവനെപ്പോലെയുള്ളവർക്കോ പ്രാപിക്കാൻ കഴിയാത്തതിലേക്ക് അവൻ അതിരുവിടുന്നു.

(പിന്നീടവനൊന്നു നോക്കി) പറയേണ്ടതെന്താണെന്ന്. (പിന്നെ അവൻ മുഖം ചുളിക്കുകയും മുഖം കറുപ്പിക്കുകയും ചെയ്തു) സത്യത്തോടുള്ള വെറുപ്പും വിദ്വേഷവും അവന്റെ മുഖത്ത് അവൻ പ്രകടമാക്കി. (പിന്നെ അവൻ പിന്നോട്ടുമാറി) പിന്തിരിഞ്ഞു. (അഹങ്കാരം നടിക്കുകയും ചെയ്തു) വാക്കിലും വിജ്ഞാനത്തിലും ചിന്തയിലുമുള്ള അവന്റെ പരിശ്രമങ്ങളുടെ ഫലമായുള്ള അഹങ്കാരം.

(എന്നിട്ടവൻ പറഞ്ഞു, ഇത് (ആരിൽ നിന്നോ) ഉദ്ധരിക്കപ്പെടുന്ന മാരണമല്ലാതെ മറ്റൊന്നുമല്ല. ഇത് മനുഷ്യന്റെ വാക്കല്ലാതെ മറ്റൊന്നുമല്ല). ഇത് അല്ലാഹുവിന്റെ വചനങ്ങളല്ല, മറിച്ച് മനുഷ്യന്റെ വാക്കുകളാണ്. മാത്രവുമല്ല, നല്ല മനുഷ്യന്റെ വാക്കുകൾ പോലുമല്ല! മറിച്ച്, മാരണക്കാരനും വ്യാജവാദിയും ധിക്കാരിയുമായവന്റെ വചനം. ആകയാൽ അവനു നാശം! ശരിയിൽ നിന്നും അല്ലാഹു അവനെ എത്രയാണ് അകറ്റിയത്? എത്ര വലിയ നാശത്തിനും നഷ്ടത്തിനുമാണ് അവൻ അർഹനായത്? ഒരു മനുഷ്യന്റെ ബുദ്ധിക്കെങ്ങനെ ഇവ്വിധം ചിന്തിക്കാനാകും? ഹൃദയത്തിനെങ്ങനെ സങ്കൽപിക്കാനാകും? പരിശുദ്ധനായ രക്ഷിതാവിന്റെ മഹത്തരവും ശ്രേഷ്ഠവുമായ വചനങ്ങൾ അപൂർണരായ, ആശ്രയരായ സൃഷ്ടികളുടെ വചനങ്ങളോട് സാദൃശ്യപ്പെടുകയോ?

അല്ലാഹുവിന്റെ വചനത്തെക്കുറിച്ച് ഇങ്ങനെ പറയാൻ ഈ ധിക്കാരിയായ വ്യാജവാദിക്ക് ധൈര്യം വന്നതെങ്ങനെ? പാഠം നൽകുന്ന കഠിനമായ ശിക്ഷയല്ലാതെ ഇവനവകാശപ്പെട്ടത് മറ്റെന്താണ്? തുടർന്ന് അല്ലാഹു പറയുന്നു: (വഴിയെ ഞാൻ അവനെ സക്വറിൽ ഇട്ട് എരിക്കുന്നതാണ്. സക്വർ എന്നാൽ എന്താണെന്ന് നിനക്കറിയുമോ? അത് ഒന്നും ബാക്കിയാക്കുകയോ വിട്ടുകളയുകയോ ഇല്ല). ശിക്ഷയുടെ കാഠിന്യത്താൽ ശിക്ഷിക്കപ്പെടുന്നതിൽ ഒന്നും അവശേഷിക്കുകയില്ല; എല്ലാം പൂർത്തിയാക്കിയിട്ടല്ലാതെ.

(അത് തൊലികരിച്ച് രൂപം മാറ്റിക്കളയുന്നതാണ്). അത് അവരെ കരിച്ച് കളയും. തൊലിയുടെ നിറം മാറുകയും ചെയ്യും. അതിന്റെ ശിക്ഷയിൽ ചൂടിന്റെ കാഠിന്യത്താൽ അത് അവരെ മാറ്റിക്കളയും. (അതിന്റെ മേൽനോട്ടത്തിന് പത്തൊമ്പത് പേരുണ്ട്). നരകത്തിന്റെ കാവൽക്കാരായ മലക്കുകളിൽ നിന്ന്. അവർ പരുഷ സ്വഭാവമുള്ളവരും അതിശക്തന്മാരുമായ മലക്കുകളുമായിരിക്കും. അല്ലാഹു അവരോട് കൽപിച്ച കാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് അവർ പ്രവർത്തിക്കുകയും ചെയ്യും. ●

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ
drshanavasparavanna@gmail.com

ലേഖനം

വിശുദ്ധ ക്വുർആൻ പരിഭാഷയും മലയാളികളും: 21
തിരൂർ സി. സെയ്താലിക്കുട്ടി മാസ്റ്റർ (1856-1919), ഭാഗം: 2



# മാസ്റ്ററുടെ തൂലികാ വിസ്മയം

താഴെ പറയുന്ന മഹദ് ഗ്രന്ഥങ്ങൾ മാസ്റ്റർ വിജ്ഞാന കൈരളിക്ക് സമർപ്പിച്ചു.

1. മുസ്‌ലിംകളും പുതിയ വിദ്യാഭ്യാസവും.

2. മുസ്‌ലിംകളും ശാസ്ത്രവും.

3. മതവിജ്ഞാന രശ്മി (ഇസ്‌ലാമിക വിശ്വാസാചാര സംബന്ധമായ ലഘു പഠനം).

4. ഇസ്‌ലാംമത സാരസംഗ്രഹം (അദ്ദീനുൽ ഇസ്‌ലാം-ദീനിയ്യാത്ത്, അമലിയ്യാത്ത്; 5 ഭാഗങ്ങൾ).

5. തഅ്‌ലീമുൽ മുബ്തദിഈൻ (ക്വുർആൻ ശാസ്ത്രീയ പാഠം) പാഠപുസ്തക പരമ്പര[15]

## സർഗധനനായ കവി

തിരൂർ സി. സെയ്താലിക്കുട്ടി മാസ്റ്റർ സർഗവസന്തം തീർത്ത കവിപ്രതിഭ കൂടിയായിരുന്നു. കല്യാണ സദസ്സുകളിൽ പാടാനായി അദ്ദേഹമെഴുതിയ 'കുളൽ' എന്ന മാപ്പിളപ്പാട്ട് മിക്ക മുസ്‌ലിം വീടുകളിലും സ്ത്രീകൾ ഈണത്തോടു കൂടി പാടിയിരുന്ന വളരെ പ്രചാരം ലഭിച്ച പാട്ടാണ്.[16]

### മാതൃഭാഷയുടെ മധുരം മസ്ജിദിന്റെ മിമ്പറിലും

മാപ്പിളയുടെ മാതൃഭാഷയായ മലയാളത്തിന്റെ മധുരംകൊണ്ട് പള്ളികളുടെ പ്രസംഗപീഠങ്ങളെ ചേതോഹരമാക്കുന്നതിന് മാസ്റ്റർ കൃത്യമായ പദ്ധതികൾ ആവിഷ്‌കരിച്ചു. അന്ന് തിരൂരിലെ മലബാർ ദീനുൽ ഇസ്‌ലാം സഭയുടെ മാനേജറായിരുന്ന തന്റെ സുഹൃത്ത് പൊന്നാനി വൈലത്തൂർ ഞമണേങ്ങാട് പി. എം. മുഹ്‌യിദ്ദീൻ മൗലവിയെക്കൊണ്ട്, വെള്ളിയാഴ്ചകളിൽ മുസ്‌ലിം പള്ളികളിൽ അന്നും ഇന്നും വായിച്ചുപോരാറുള്ള ഈജിപ്റ്റുകാരനായ ഇബ്‌നു നുബാത്തയുടെ അറബിയിലുള്ള വെള്ളിയാഴ്ചയിലെ പള്ളി പ്രഭാഷണങ്ങൾ പരിപൂർണമായി പരിഭാഷപ്പെടുത്തിക്കുകയും തന്റെ സ്വലാഹുൽ ഇഖ്‌വാൻ പത്രത്തിൽ അതിന് വമ്പിച്ച പ്രചാരം നൽകുകയും കേരളത്തിലങ്ങോളമിങ്ങോളം പള്ളികളിൽ പ്രസ്തുത പരിഭാഷയുടെ വായന പ്രാവർത്തികമാക്കുന്നതിന് ലഭ്യമായ വിവിധ വിഭവങ്ങൾ വിനിയോഗിക്കുകയും ചെയ്തു.

'യാകൂത്തുൻ അത്വിയ്യ അലാ ഖുത്വബിന്നുബാത്തിയ്യ ബിലുഗത്തിൻ മലൈബാരിയ്യ ലി ഹിദായത്തിൻ മർദിയ്യ' എന്ന ഫലിത മാണിക്യം -'ഒരു കൊല്ലത്തെ ഖുത്വുബയുടെ മുഴുവൻ തർജമ' എന്നായിരുന്നു ആ വിവർത്തന കൃതിയുടെ പൂർണ നാമം; ആ പരിഭാഷാ പുസ്തകത്തിന്റെ പുറംചട്ടയിൽ കാണുന്ന പ്രശംസാകാവ്യം രചിച്ചത് ഹമദാനി തങ്ങളുടെ ഇൽഫതുൽ ഇസ്‌ലാം എന്ന പ്രൗഢ ഗ്രന്ഥത്തിന് പ്രശംസാ കാവ്യം എഴുതിയ അക്കാലത്തെ മഹാപണ്ഡിതനായ വാഇദ് ഞമണേങ്ങാട് പീടിയേക്കൽ ഏനിക്കുട്ടി മുസ്‌ലിയാർ ആയിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

അക്കാലത്തെ 40 പ്രമുഖ പണ്ഡിതന്മാരുടെ പരിഭാഷക്കനുകൂലമായ അഭിപ്രായവും ആ പുസ്തകത്തിന്റെ ആദ്യ താളുകളിൽ തന്നെ ചേർത്തിട്ടുണ്ട്.[17]

ഈ മാതൃഭാഷാ വിപ്ലവത്തിന്റെ അലയൊലികൾ സ്വലാഹുൽ ഇഖ്‌വാൻ പത്രത്താളുകളെയെന്ന പോലെ വർത്തമാനകാല മുസ്‌ലിം കൈരളിയെയും ശബ്ദമുഖരിതമാക്കുന്നുണ്ട്.[18]

സ്‌കൂൾ സബ് അസിസ്റ്റന്റ് ഇൻസ്‌പെക്ടർ തസ്തികയിൽ നിന്ന് വിരമിച്ച സെയ്താലിക്കുട്ടി മാസ്റ്റർ മുഴുസമയവും സമുദായ സേവനത്തിൽ മുഴുകി.

### മാസ്റ്ററുടെ ശിഷ്യപ്രമുഖർ

അക്കാലത്തെ പ്രമുഖ സാഹിത്യകാരനും മാപ്പിളപ്പാട്ട് കവിയുമായിരുന്ന കൂട്ടായി സി. നൈനാൻ കുട്ടി മാസ്റ്റർ, ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ കരുത്തുറ്റ നേതാവായിരുന്ന ഇ. മൊയ്തു മൗലവി തുടങ്ങിയവർ അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളിൽ പ്രമുഖരാണ്.

### സമുദായത്തിന്റെ അന്തസ്സുയർത്തിയ സന്താനങ്ങൾ

ഒരു വീരത്യാഗിയുടെ അനിതരമായ അർപ്പണബോധത്തോടെയും അടങ്ങാത്ത ആവേശത്തോടും കൂടി മുസ്‌ലിം സമുദായത്തിന്റെ നവോൽക്കർഷത്തിനു വേണ്ടി മലബാറിൽ ഉടനീളം അഹോരാത്രം സഞ്ചരിച്ച മഹാൻ കുടുംബ ജീവിതത്തിലേക്ക് കാലെടുത്തുവെക്കാൻ വൈകിപ്പോയിരുന്നു.

ജ്യേഷ്ഠൻ അഹ്മദ് കുട്ടിയുടെ മരണശേഷം അദ്ദേഹത്തിന്റെ ഭാര്യ നാലുകണ്ടത്തിൽ ബിയ്യുട്ടിയെ മാസ്റ്റർ വിവാഹം ചെയ്യുകയായിരുന്നു.

**രണ്ടാം ലോക മഹായുദ്ധത്തിനോടനുബന്ധിച്ച് കൊടിയ ക്ഷാമവും കോളറ മുതലായ പകർച്ചവ്യാധികളിലൂടെ നിരവധി മരണങ്ങളും മലബാർ മുസ്‌ലിം ജീവിതം ദുസ്സഹമാക്കിയ സന്ദിഗ്ധ സാഹചര്യത്തിലാണ് മുഹമ്മദ് എന്ന ബാവു മാസ്റ്ററുടെ നേതൃത്വത്തിൽ തിരൂർ കോളറ നിവാരണ സംഘവും പിന്നീട് 1943ൽ മുസ്‌ലിം ധർമ പരിപാലന സംഘവും പരിഹാരവുമായി രംഗത്ത് വരുന്നത്.**



അവരെയും രണ്ട് മക്കളെയും സംരക്ഷിക്കുക കൂടി ഈ വിവാഹത്തിലൂടെ ആ സേവനമനസ്കൻ ലക്ഷ്യം വെച്ചിരുന്നു. അവരിൽ ജനിച്ച സി. സൈദാലിക്കുട്ടി മാസ്റ്ററുടെ ഏകമകൻ കെ. കെ. അബ്ദുറഹ്മാൻ അനന്യമായ സാമൂഹ്യസേനത്തിന്റെയും അനുപമമായ പത്രപ്രവർത്തനത്തിന്റെയും അനർഘ മാതൃകകൾ കാഴ്ചവെച്ചു.

**കെ. കെ. അബ്ദുറഹ്മാൻ**

മലയാളം, അറബി, ഇംഗ്ലീഷ്, തമിഴ്, ഉറുദു, ഹിന്ദി ഭാഷകളിൽ പ്രവീണനായിരുന്നു മാസ്റ്റർ. അദ്ദേഹമാണ് കേരളത്തിന് പുറത്തുനിന്നുള്ള ആദ്യത്തെ മലയാള പത്രം 'കേരള ബന്ധു' എന്ന പേരിൽ പ്രസിദ്ധീകരിച്ചത്.

പിന്നീട് ഈ പത്രം 'മലേഷ്യാ മലയാളി' ആയി മാറി. 'മലനാട്', 'വിദേശ മലയാളി' എന്നീ പ്രസിദ്ധീകരണങ്ങൾ അദ്ദേഹം നടത്തി. കോഴിക്കോട്ട് നിന്ന് ഇറങ്ങിയിരുന്ന 'ദിനപ്രഭ', 'പൗരശക്തി' എന്നീ പത്രങ്ങളുടെ സഹപത്രാധിപരായും സേവനമനുഷ്ഠിച്ചു. 'പാകിസ്ഥാൻ എന്നാൽ' എന്നൊരു ഗ്രന്ഥം അദ്ദേഹത്തിന്റെതായിട്ടുണ്ട്.

**മാപ്പിളയുടെ മാതൃഭാഷയായ മലയാളത്തിന്റെ മധുരം കൊണ്ട് പള്ളികളുടെ പ്രസംഗപീഠങ്ങളെ ചേതോഹരമാക്കുന്നതിന് മാസ്റ്റർ കൃത്യമായ പദ്ധതികൾ ആവിഷ്കരിച്ചു. അന്ന് തിരൂരിലെ മലബാർ ദീനുൽ ഇസ്‌ലാം സഭയുടെ മാനേജറായിരുന്ന തന്റെ സുഹൃത്ത് പൊന്നാനി വൈലത്തൂർ ഞമണേങ്ങാട് പി. എം. മുഹ്‌യിദ്ദീൻ മൗലവിയെക്കൊണ്ട്, വെള്ളിയാഴ്ചകളിൽ മുസ്‌ലിം പള്ളികളിൽ അന്നും ഇന്നും വായിച്ചുപോരാറുള്ള ഈജിപ്റ്റുകാരനായ ഇബ്‌നുനുബാത്തയുടെ അറബിയിലുള്ള വെള്ളിയാഴ്ചയിലെ പള്ളി പ്രഭാഷണങ്ങൾ പരിപൂർണമായി പരിഭാഷപ്പെടുത്തിക്കുകയും തന്റെ സ്വലാഹുൽ ഇഖ്‌വാൻ പത്രത്തിൽ അതിന് വമ്പിച്ച പ്രചാരം നൽകുകയും കേരളത്തിലങ്ങോളമിങ്ങോളം പള്ളികളിൽ പ്രസ്തുത പരിഭാഷയുടെ വായന പ്രാവർത്തികമാക്കുന്നതിന് ലഭ്യമായ വിവിധ വിഭവങ്ങൾ വിനിയോഗിക്കുകയും ചെയ്തു.**

തിരൂർ വെട്ടത്ത് പുതിയങ്ങാടി ഗവൺമെന്റ് യു.പി സ്‌കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നേടിയ അദ്ദേഹം പതിനഞ്ചാം വയസ്സിൽ അങ്ങാടിപ്പുറത്ത് ജോലിക്ക് ചേർന്നെങ്കിലും ഒരു വർഷത്തിനു ശേഷം മലേഷ്യയിലേക്ക് പോയി മലയാള പത്രപ്രവർത്തനത്തിന്റെ മഹനീയമായ മറുനാടൻ മാതൃകകൾ തീർത്തു. മലേഷ്യൻ തദ്ദേശ സ്വയംഭരണവകുപ്പിന്റെ കീഴിൽ മലേഷ്യയിലെ സഞ്ചാരികളുടെ പറുദീസയായ ഗ്വാമുസാങ് പട്ടണത്തിൽ[19] എക്സിക്യൂട്ടീവ് ഓഫീസറായി ജോലി ചെയ്തു.

1940ൽ മലേഷ്യയിൽനിന്ന് തിരിച്ചെത്തി തിരൂരിലെയും പരിസരത്തെയും സാമൂഹ്യപ്രവർത്തനങ്ങളിൽ സജീവമായി. സ്വന്തം ജ്യേഷ്ഠൻ ബാവു മാസ്റ്റർ സ്ഥാപിച്ച മുസ്‌ലിം ധർമ പരിപാലന സംഘത്തിന്റെ കീഴിൽ 1962 ൽ വനിതാ കുടിൽ വ്യവസായ സഹകരണ സംഘം (വീവിംഗ് സെന്റർ) ഉണ്ടാക്കി. പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയുടെ[20] ഏരിയാ ഓർഗനൈസറായിരുന്നു.

മലബാർ ഡിസ്ട്രിക്ട് ബോർഡിലേക്ക്[21] മൽസരിച്ചെങ്കിലും പരാജയപ്പെട്ടു. തിരൂർ കൈനിക്കര യാഹു സാഹിബിന്റെ ഉടമസ്ഥതയിലുള്ള തിരൂർ റയിൽവെ സ്റ്റേഷന്റെ മുൻഭാഗത്തുള്ള ചരിത്രപ്രസിദ്ധമായ ജമാലിയാ അച്ചടിശാലയിലും[22] കൈനിക്കര ഹസൈനാർ ഹാജിയുടെ ഹസീനാ പ്രസ്സിലും ജോലി ചെയ്തിട്ടുണ്ട്. 1973ൽ പരിശുദ്ധ ഹജ്ജ് കർമം നിർവഹിച്ച് നാട്ടിലെത്തിയ ശേഷം തിരൂർ കോടതി പരിസരത്ത് വ്യവഹാര സേവന കേന്ദ്രം നടത്തിയിരുന്നു.[23]

1918ൽ ജനിച്ച കെ. കെ. അബ്ദുറഹ്മാൻ 1987 ഒക്ടോബർ 3ന് നിര്യാതനായി.[24] അമ്മാവൻ നാലുകണ്ടത്തിൽ മൊയ്തീൻ കുട്ടിയുടെ മകൾ കുഞ്ഞിഫാത്വിമയെയാണ് അദ്ദേഹം വിവാഹം ചെയ്തിരുന്നത്. മക്കളില്ലാത്തതിനാൽ കൊണ്ടേണക്കാട്ട് പാത്തുമ്മുവിനെ വിവാഹം ചെയ്തു. അതിലും അദ്ദേഹത്തിന് മക്കളുണ്ടായില്ല.[25]

മാസ്റ്ററുടെ ഭാര്യ ബിയ്യുട്ടിക്ക് അദ്ദേഹത്തിന്റെ ജ്യേഷ്ഠനുമായുള്ള ആദ്യ വിവാഹത്തിലുണ്ടായ മകൻ മുഹമ്മദ് എന്ന ബാവു മാസ്റ്ററും നവോത്ഥാന നഭസ്സിലെ നക്ഷത്രമായിരുന്നു.

രണ്ടാം ലോക മഹായുദ്ധത്തിനോടനുബന്ധിച്ച് കൊടിയ ക്ഷാമവും കോളറ മുതലായ പകർച്ചവ്യാധികളിലൂടെ നിരവധി മരണങ്ങളും മലബാർ മുസ്‌ലിം ജീവിതം ദുസ്സഹമാക്കിയ സന്ദിഗ്ധ സാഹചര്യത്തിലാണ് മുഹമ്മദ് എന്ന ബാവു മാസ്റ്ററുടെ നേതൃത്വത്തിൽ തിരൂർ കോളറ നിവാരണ സംഘവും പിന്നീട് 1943ൽ മുസ്‌ലിം ധർമ പരിപാലന സംഘവും പരിഹാരവുമായി രംഗത്ത് വരുന്നത്.[26]

അനാഥരും അഗതികളുമായ കുഞ്ഞുങ്ങൾക്ക് ഭക്ഷണവും വസ്ത്രവും പാർപ്പിടവും മത, ഭൗതിക വിദ്യാഭ്യാസവും ആരോഗ്യ സംരക്ഷണവും ഏറ്റെ

**മലയാളം, അറബി, ഇംഗ്ലീഷ്, തമിഴ്, ഉറുദു, ഹിന്ദി ഭാഷകളിൽ പ്രവീണനായിരുന്നു കെ.കെ അബ്ദുറഹ്മാൻ മാസ്റ്റർ. അദ്ദേഹമാണ് കേരളത്തിന് പുറത്തുനിന്നുള്ള ആദ്യത്തെ മലയാള പത്രം 'കേരള ബന്ധു' എന്ന പേരിൽ പ്രസിദ്ധീകരിച്ചത്. പിന്നീട് ഈ പത്രം 'മലേഷ്യാ മലയാളി' ആയി മാറി. 'മലനാട്', 'വിദേശ മലയാളി' എന്നീ പ്രസിദ്ധീകരണങ്ങൾ അദ്ദേഹം നടത്തി. കോഴിക്കോട്ട് നിന്ന് ഇറങ്ങിയിരുന്ന 'ദിനപ്രഭ', 'പൗരശക്തി' എന്നീ പത്രങ്ങളുടെ സഹപത്രാധിപരായും സേവനമനുഷ്ഠിച്ചു. 'പാകിസ്ഥാൻ എന്നാൽ' എന്നൊരു ഗ്രന്ഥം അദ്ദേഹത്തിന്റേതായിട്ടുണ്ട്.**



ടുത്ത് അവരെ സമൂഹത്തിന്റെ ഉന്നതശ്രേണിയിലെത്തിക്കാൻ അവർക്ക് സാധിച്ചു. മുത്തൂരിൽ മുസ്‌ലിം ധർമ പരിപാലന സംഘത്തിന്റെ കീഴിൽ അനാഥശാലയും മദ്റസയും ജുമുഅ പള്ളിയും യു.പി. സ്കൂളും പിന്നീട് ഐ.ടി.സിയും സ്ഥാപിക്കപ്പെട്ടു.

മാസ്റ്ററുടെ ഭാര്യക്ക് അദ്ദേഹത്തിന്റെ ജ്യേഷ്ഠനുമായുള്ള ആദ്യ വിവാഹത്തിലുണ്ടായ മകൾ ഫാത്വിമയെ താനാളൂരിലേക്കാണ് വിവാഹം ചെയ്തുകൊടുത്തത്. ബാവു മാസ്റ്ററുടെ മകൾ ബീഫാത്വിമ സ്കൂളിലെ പ്രധാനാധ്യാപികയായിരുന്നു. ബീഫാത്വിമ ടീച്ചറുടെ മകൾ സുബൈദയും അവിടെ അധ്യാപികയായി സേവനമനുഷ്ഠിച്ചു.[27] സുബൈദ ടീച്ചറുടെ മകൻ ഡോ. ജാവീദ് തിരൂർ ഗവൺമെന്റ് ജില്ലാ ആശുപത്രിയിൽ ഡോക്ടറായി സേവനം ചെയ്തുവരുന്നു.

ഉത്തമ സമുദായത്തെ ഉത്തുംഗസ്ഥാനത്തെത്തിക്കുന്നതിനായി സർവവും സമർപ്പിച്ച സമദാരണീയനായ തിരൂർ സി. സെയ്ദാലിക്കുട്ടി മാസ്റ്റർ 1919 നവംബർ 17ാം തീയതി ഇഹലോകവാസം വെടിഞ്ഞു.[28]

**ആധാര സൂചിക:**

(15) അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അടുത്ത അധ്യായങ്ങളിൽ.

(16) ഈ പാട്ട് അടുത്ത അധ്യായങ്ങളിലൊന്നിൽ.

(17) 'യാകൂത്തുൻ അത്വിയ്യ അലാ ഖുത്വബിൻ നുബാത്തിയ്യ ബിലുഗത്തിൻ മലൈബാരിയ്യ ലി ഹിദായത്തിൻ മർദ്വിയ്യ എന്ന ഫലിത മാണിക്യം - ഒരു കൊല്ലത്തെ ഖുത്വ്ബയുടെ മുഴുവൻ തർജമ', ആദ്യ താളുകൾ.

(18) മുസ്‌ലിം പള്ളികളിലെ വെള്ളിയാഴ്ചകളിലെ ജുമുഅ സംഗമത്തിലെ ഖുത്വുബ പ്രഭാഷണം മാതൃഭാഷയായ മലയാളത്തിലാക്കാൻ വേണ്ടി സി. സൈദാലിക്കുട്ടി മാസ്റ്റർ തുടങ്ങിവെച്ച വിപ്ലവത്തിന്റെ അലയൊലികൾ അടുത്ത അധ്യായങ്ങളിൽ വിശദ ചർച്ചക്ക് വിധേയമാകുന്നതാണ്.

(19) മലേഷ്യയിലെ തെക്കൻ കലന്തൻ സംസ്ഥാനത്തിലെ ഏറ്റവും വലിയ ജില്ലയാണ് ഗോമുസാങ് (Gua Muzang). സംസ്ഥാന തലസ്ഥാനമായ കൊട്ടബാറുവിൽ നിന്ന് 140 കിലോമീറ്റർ തെക്കാണ്. 2010 ലെ കണക്കനുസരിച്ച് തൊണ്ണൂറായിരം മാത്രം ജനസംഖ്യയുള്ള ഈ ചെറിയ റെയിൽവെ നഗരം.

(20) 1952 മുതൽ 1972 വരെ ഇന്ത്യയിൽ ഉണ്ടായിരുന്ന രാഷ്ട്രീയ കക്ഷിയാണ് പ്രജാ സോഷ്യലിസ്റ്റ് പാർട്ടി. ജയപ്രകാശ് നാരായൺ, നരേന്ദ്ര ദേവ ബസാവൻ സിങ് എന്നിവർ നയിച്ച സോഷ്യലിസ്റ്റ് പാർട്ടി, ജെ.ബി. കൃപലാനി നയിച്ച കിസാൻ മസ്ദൂർ പ്രജ പാർട്ടിയുമായി ലയിച്ചാണ് 'പ്രജാ സോഷ്യലിസ്റ്റ് പാർട്ടി' രൂപം കൊള്ളുന്നത്.

കേരളത്തിൽ പട്ടം താണുപിള്ള, പൊന്നറ ശ്രീധരൻ, പി. എസ്. നടരാജപിള്ള തുടങ്ങിയവർ പിഎസ്പിയിൽ ചേർന്നു. 1954ൽ തിരുവിതാംകൂർ കൊച്ചിയിലും 1960ൽ കേരളത്തിലും പിഎസ്പി നേതാവ് എന്ന നിലയിൽ പട്ടം മുഖ്യമന്ത്രിയായി. ആർ. ശങ്കർ, അച്ചുതമേനോൻ, സി. എച്ച് മുഹമ്മദ്കോയ, കെ. കരുണാകരൻ എന്നിവരുടെ മന്ത്രിസഭകളിൽ അംഗത്വവും ഉണ്ടായിരുന്നു. അവരുടെ പ്രതാപസമയത്ത് കേരളത്തിൽ കോൺഗ്രസ്സു കഴിഞ്ഞാൽ ലഭിച്ച വോട്ടുകളുടെ എണ്ണത്തിൽ രണ്ടാം കക്ഷിയായിരുന്നു അവർ.

(21) പതിനെട്ടാം നൂറ്റാണ്ടിൽ ടിപ്പു സുൽത്താന്റെ പടയോട്ട കാലത്ത് പിടിച്ചെടുത്ത ഇന്നത്തെ പ്രദേശങ്ങളാണ് മലബാർ എന്ന രൂപത്തിൽ അറിയപ്പെടുന്നത്. സാമൂതിരിയുടെ കോഴിക്കോട് രാജ്യം അടക്കം കീഴടക്കിയ നാട്ടുരാജ്യങ്ങൾ മലബാർ എന്ന ഒറ്റ വിളിപ്പേരിലായി. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മലബാർ പ്രദേശം മൈസൂർ യുദ്ധത്തിൽ ടിപ്പുവിനെ തോൽപിച്ച ബ്രിട്ടീഷുകാരുടെ കയ്യിലായി. 1792ൽ മലബാറിന്റെ അധികാരം ടിപ്പു സുൽത്താനിൽ നിന്ന് ബ്രിട്ടീഷുകാർക്ക് ലഭിച്ചു. ആദ്യം ബോംബേ പ്രസിഡൻസിയായിരുന്നു ഭരണ നിർവഹണം നടത്തിയിരുന്നത്. 1800ൽ മദ്രാസ് പ്രസിഡൻസിയുടെ ഒരു ജില്ലയായി മലബാർ മാറി.

പ്രാദേശിക ഭരണസംവിധാനങ്ങളുടെ പ്രവർത്തനം കലക്ടറുടെ നേതൃത്വത്തിലുള്ള മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ നിയന്ത്രണത്തിലായിരുന്നു. റോഡ് നിർമാണം, പരിപാലനം, ഗതാഗതം, ആസ്പത്രികൾ, സ്കൂളുകൾ, അഴുക്കുചാൽ നിർമാണം, ശുദ്ധജലവിതരണം തുടങ്ങിയ ജോലികൾ ഇത്തരം ബോർഡുകൾക്ക് കീഴിലായിരുന്നു.

1884ലെ മദ്രാസ് ലോക്കൽ ബോർഡ് ആക്ട് നിലവിൽ വന്നതിന് ശേഷമാണ് ഒരു ത്രിതലപഞ്ചായത്ത് ഭരണസംവിധാനം നിലവിൽവരുന്നത്. ഏറ്റവും താഴേതട്ടിൽ യൂണിയനും തുടർന്ന് മേലോട്ട് താലൂക്ക് ബോർഡുകളും അതിന് മേലെ ഡിസ്ട്രിക്ട് ബോർഡും നിലവിൽ വന്നു. ഇവർക്കാവശ്യമായ ചെലവുകൾ നേരിടുന്നതിനുള്ള ഏക ആശ്രയം ഭൂനികുതി, വീട്ടുകരം, മൃഗങ്ങളിലും വണ്ടികളിലും നിന്നുമുള്ള നികുതികൾ എന്നിവയായിരുന്നു. ഇത്തരം സഭകളിലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുപ്പിലൂടെ നിശ്ചയിക്കുന്ന സംവിധാനവും നിലവിൽ വന്നു. 1920ൽ മദ്രാസ് വില്ലേജ് പഞ്ചായത്ത് ആക്ടും മദ്രാസ് ലോക്കൽ ബോർഡ് ആക്ടും നിലവിൽ വന്നു. ആദ്യഘട്ടത്തിൽ ഇത്തരം സഭകളുടെ അധ്യക്ഷന്മാരായി റവന്യൂ ഓഫീസർമാർ താലൂക്ക് സഭയുടെയും കലക്ടർ ജില്ലാ ബോർഡിന്റെയുമായിരുന്നു. എന്നാൽ 1930ഓടെ പൂർണമായും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും തിരഞ്ഞെടുക്കപ്പെട്ട അധ്യക്ഷൻമാരും നിലവിൽ വന്നു. ആദ്യകാല അധ്യക്ഷൻമാർ ഭൂപ്രഭുക്കന്മാരായിരുന്നുവെങ്കിലും തുടർന്ന് രാഷ്ട്രീയ കക്ഷികളുടെ ഇടപെടൽ മൂലം ഇവ ഇല്ലാതെയായി. തുടർന്ന് താലൂക്ക് ബോർഡുകൾ നിർത്തലാക്കുകയും ഡിസ്ട്രിക്ട് ബോർഡുകൾ നിലനിർത്തപ്പെടുകയുമുണ്ടായി.

വിസ്തൃതികൊണ്ട് ഏതാണ്ട് ഇന്നത്തെ ഒരു നിയമസഭാമണ്ഡലത്തിനോട് കിടപിടിക്കുന്നതായിരുന്നു അന്നത്തെ ഒരു മലബാർ ജില്ലാ ബോർഡ് നിയോജകമണ്ഡലം. സ്വാതന്ത്ര്യാനന്തരം 1950ലെ മദ്രാസ് വില്ലേജ് പഞ്ചായത്ത് നിയമത്തിന് വരുത്തിയ ഭേദഗതികളുടെ ഫലമായി തദ്ദേശഭരണത്തിന് കൂടുതൽ അധികാരങ്ങൾ നൽകപ്പെടുകയുണ്ടായി. 500 ലധികം ജനസംഖ്യയുള്ള ഓരോ വില്ലേജിലും ഓരോ പഞ്ചായത്തുകൾ നിലവിൽ വന്നു.

01-01-1962ൽ നിലവിൽ വന്ന 1960ലെ കേരള പഞ്ചായത്ത് ആക്ട് പ്രകാരമാണ് സംസ്ഥാനത്തെ മുഴുവൻ ഗ്രാമപ്രദേശങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് 922 ഗ്രാമപഞ്ചായത്തുകൾ രൂപവൽകരിച്ചത്.

(22) തിരുവിതാംകൂറിലെ ഇടവാ സി.എം പ്രസ്സിനു ശേഷം നിലവിൽ വന്ന അറബിയിലും മലയാളത്തിലും ഒരേ സമയം അച്ചടിക്കാൻ സൗകര്യപ്രദമായ മലബാറിലെ അക്കാലത്തെ പ്രശസ്തമായ പ്രസ്സ്. മുഹമ്മദ് അമാനി മൗലവിയുടെ പരിഭാഷയടക്കം പഴയ കാലത്തെ നിരവധി ഇസ്ലാമിക ഗ്രന്ഥങ്ങളും പ്രബോധനം അടക്കമുള്ള ആനുകാലികങ്ങളും ഇവിടെയാണ് അടിച്ചിരുന്നത്.

(23) വാരണാക്കര സ്വദേശിയും ഇപ്പോൾ വളാഞ്ചേരിക്കടുത്ത കഞ്ഞിപ്പുര ചോറ്റൂർ നെടുമ്പലത്ത് താമസക്കാരനും നിരവധി പഴയ ഗ്രന്ഥങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും സൂക്ഷിപ്പുകാരനുമായ വലിയ സിയാറത്തിങ്ങൽ അബ്ദുല്ലക്കോയ തങ്ങൾ മാസ്റ്ററുമായി ഈ ലേഖകൻ നടത്തിയ അഭിമുഖത്തിൽ ലഭിച്ച വിവരം. അദ്ദേഹത്തിന്റെ സങ്കീർണമായ സർവീസ് രേഖകൾ ശരിയാക്കിക്കൊടുത്തിരുന്നത് സി. സെയ്ദാലിക്കുട്ടി മാസ്റ്ററുടെ മകൻ കെ.കെ അബ്ദുർറഹ്മാൻ സാഹിബായിരുന്നു.

(24) മറുനാട്ടിൽ മലയാളത്തിന്റെ സന്ദേശം (സി. സെയ്ദാലിക്കുട്ടി മാസ്റ്ററുടെ മകൻ 1987 ൽ നിര്യാതനായ കെ. കെ. അബ്ദുർറഹ്മാനെക്കുറിച്ചുള്ള മുഴുവൻ പേജ് ലേഖനം), ഇ. സാദിഖ് അലി, ചന്ദ്രിക വാരാന്തപ്പതിപ്പ്, 1993 ജൂൺ 20.

(25) സി. സെയ്ദാലിക്കുട്ടി മാസ്റ്ററുടെ ജ്യേഷ്ഠന്റെ മകൻ മുഹമ്മദ് എന്ന ബാവു മാസ്റ്ററുടെ മകൾ ബീഫാത്വിമ ടീച്ചറുടെ മകൾ സുബൈദ ടീച്ചറുമായി ഈ ലേഖകൻ നടത്തിയ ടെലഫോൺ സംഭാഷണത്തിൽ ലഭിച്ച വിവരം.

(26) സി. സെയ്ദാലിക്കുട്ടി മാസ്റ്ററുടെ ജ്യേഷ്ഠന്റെ മകൻ മുഹമ്മദ് എന്ന ബാവു മാസ്റ്ററുടെ മകൾ ബീഫാത്വിമ ടീച്ചറുടെ മകൾ സുബൈദ ടീച്ചറുമായി തിരൂർ മുളിയത്തിൽ ഹംസ മാസ്റ്റർ, വളവന്നൂർ അൻസ്വാർ അറബിക്കോളജ് ലൈബ്രേറിയൻ മുഹമ്മദ് റഫീഖ് എന്നിവരുമായി ചേർന്ന് നടത്തിയ അഭിമുഖം.

(27) തിരൂർ മുസ്ലിം ധർമ പരിപാലന സംഘം (എം.ഡി.പി.എസ്) വാർഷിക റിപ്പോർട്ട് 2016-17.

(28) വെളിയംകോട്ടുള്ള ഭാര്യവീട്ടിൽ അന്തരിച്ചു എന്ന് ചില അവലംബങ്ങളിൽ കാണുന്നുണ്ട്. വെളിയംകോട് നിന്ന് അദ്ദേഹം വിവാഹം ചെയ്ത കാര്യം അവർ നിഷേധിക്കുന്നുണ്ട്.

മൂസ സ്വലാഹി, കാര
moosakara001@gmail.com

വിമർശനം



# ബറേൽവികൾ അഹ്ലുസ്സുന്നയുടെ കിരീടാവകാശികളോ?

**വി**ശ്വാസ ജീർണത, ആചാരാനുഷ്ഠാനങ്ങളിലെ കൃത്രിമത്വം, പ്രമാണനിരാസം എന്നിവ മുഖമുദ്രയാക്കി ഇസ്‌ലാമിനെ വികലവും വികൃതവുമാക്കാൻ കച്ചകെട്ടിയിറങ്ങിയ ശീഈ-സ്വൂഫീ അവിശുദ്ധ കൂട്ടുകെട്ടിന്റെ പരിണിത ഫലമായി ഉടലെടുത്ത വിഭാഗമാണ് ബറേൽവികൾ. ഈ സംയുക്ത കുടുംബത്തിൽ മുതിർന്ന പേരക്കുട്ടികളുടെ സ്ഥാനം ഇപ്പോൾ അലങ്കരിക്കുന്നത് കേരള ശിയാക്കളായ സമസ്തക്കാരാണ്. അന്ധവിശ്വാസങ്ങൾക്ക് പിറകെ വിയർത്തോടുന്ന ഇവർ ബറേൽവികളെ മിനുക്കിയെടുത്ത് അഹ്ലുസ്സുന്നയാക്കാനുള്ള വ്യഗ്രതയിലാണിപ്പോൾ! ഇതിന്റെ വ്യക്തമായ തെളിവാണ് 2019 ജൂലൈ മാസം 'സുന്നത്ത്' മാസികയിൽ 'അല്ലാമാ അഖ്തർ റസാ ബറേലി(ന.മ) അഹ്ലുസ്സുന്നയുടെ പോരാളി' എന്ന പേരിൽ ഡോ.അബ്ദുൽ ഹകീം സഅദി എഴുതിയ ലേഖനം. മതപരമായി ഒട്ടും യോജിക്കാൻ പറ്റാത്ത ആശയങ്ങൾ നിറഞ്ഞ പ്രസ്തുത ലേഖനത്തിലെ വിതണ്ഡവാദങ്ങളെ പ്രാമാണികമായൊന്ന് പരിശോധനാവിധേയമാക്കാം:

**അഹ്‌ലുസ്സുന്നതി വൽജമാഅഃ എന്നത് വ്യക്തമായ ആശയവുംസുദൃഢമായ ആദർശവും ഉൾകൊള്ളുന്ന ഒരു സാങ്കേതിക ശബ്ദമാണ്. അതല്ലാതെ ഒരാളുടെ മുഖഭാവം നോക്കിയോ ഒരു വിഭാഗത്തിന്റെ പെരുപ്പം കണ്ടോ വിളിപ്പേരാക്കാനുള്ളതല്ല. ഇബ്‌നു കഥീർ(റഹി) പറയുന്നു: 'ഈ സമൂഹത്തിലും വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്. ഒന്നൊഴികെ എല്ലാം വഴികേടാണ്. അല്ലാഹുവിന്റെ ക്വുർആനിനെയും നബിലയുടെ ചര്യയെയും സ്വഹാബികളാകുന്ന ആദ്യതലമുറയെയും താബിഉകളെയും ആധുനികരും പൗരാണികരുമായ മുസ്‌ലിം പണ്ഡിതന്മാരെയും മുറുകെ പിടിക്കുന്ന അഹ്‌ലുസ്സുന്നത്തി വൽ ജമാഅയാണവർ' (ഇബ്‌നുകഥീർ: 3/574).**

ലേഖകൻ എഴുതുന്നു:"ആദരണീയനായ അസ്ഹരി, ശരീഅത്തിന്റെ കിരീടം, ഇന്ത്യയിലെ ശരീഅത്ത് വിഭാഗം ചീഫ് ജസ്റ്റിസ്, അഹ്‌ലുസ്സുന്നയുടെ കിരീടാവകാശി, അഅ്‌ലാ ഹസ്രത്തിന്റെ വൈജ്ഞാനിക അനന്തരാവകാശി, ഇമാമിന്റെ പണ്ഡിത ശ്രേഷ്ഠൻ, ലോകത്തിന്റെ ഖുത്വ്ബ്, കാലത്തിന്റെ ഗൗസ്..."(സുന്നത്ത് മാസിക, 2019 ജൂലൈ, പേജ് 38).

ഒരു മനുഷ്യന് മുസ്‌ലിയാർ നൽകിയ ഈ തെറ്റായ വിശേഷണങ്ങൾ ബറേൽവിസത്തിന്റെ അപകടവും പൊള്ളത്തരവും ഏതൊരാൾക്കും ബോധ്യമാകാൻ മതിയായതാണ്. ലോകത്തിന്റെ രക്ഷിതാവും നിയന്ത്രകനും സംരക്ഷകനും നിരീക്ഷകനും സഹായിയും സർവജ്ഞാനിയും അല്ലാഹു മാത്രമായിരിക്കെ ഈ വിശേഷണങ്ങളൊക്കെ ഒരു സൃഷ്ടിയിൽ ആരോപിക്കുന്നത് കടുത്ത അപരാധമല്ലേ? 'ഖുത്വ്ബ്' എന്നാൽ 'കേന്ദ്രബിന്ദു' എന്നും 'ഗൗസ്' എന്നാൽ സഹായി എന്നുമാണ് അർഥം. അല്ലാഹുവിന് മാത്രം അവകാശപ്പെട്ട കാര്യങ്ങളെ ഔലിയാക്കളെന്ന് പറയപ്പെടുന്നവരിലേക്ക് വകവെച്ച് കൊടുക്കാനാണ് പൊതുവെ ഇത്തരം പ്രയോഗങ്ങൾ ഇവർ നടത്താറുള്ളത്. കേരളത്തിൽ സമസ്തക്കാർ പ്രചരിപ്പിക്കുന്ന വിശ്വാസവും ഇതിൽ നിന്ന് വ്യത്യസ്തമല്ല. മുഹ്‌യിദ്ദീൻ ശൈഖിനെ കുറിച്ച് ഖുത്വുബിയ്യത്തുകാരൻ പറയുന്നു: "ആകാശഭൂമി നിവാസികളുടെ ഖുത്വ്ബും (കേന്ദ്രബിന്ദു) ഗൗസുമായവരേ, വാനലോകത്തും ഭൂമിലോകത്തുമുള്ളവർക്ക് ഉപകരിക്കുന്ന നദിയും മഴയും വെള്ളവും ഒഴുക്കുന്ന മഹാനവർകളേ..."(ഖുതുബിയ്യത്ത് പരിഭാഷ/പേജ്29).

സൃഷ്ടികളിൽ ശ്രേഷ്ഠരും ഔലിയാക്കളുടെ നേതാവുമായ മുഹമ്മദ്നബിﷺക്കോ മുൻകഴിഞ്ഞുപോയ മറ്റേതെങ്കിലുമൊരു പ്രവാചകനോ പോലും അല്ലാഹു ഇത്തരമൊരു പദവി നൽകിയിട്ടില്ലെന്നറിയുക! മഹാന്മാരായ നബിമാരെക്കാളും വലിയവരാണ് ഇവർക്ക് ഇവരുടെ ഖോജമാർ! അല്ലാഹുവിന്റെ വിശേഷണം അവന്റെ സൃഷ്ടികളിൽ ആരോപിക്കുന്നത് അല്ലാഹുവിൽ പങ്കുചേർക്കലാണ് എന്നാണ് അഹ്‌ലുസ്സുന്നയുടെ വിശ്വാസം. അല്ലാഹു പറയുന്നു: "അല്ലാഹുവിന് പുറമെയുള്ളവരെ അവന് സമൻമാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നത് പോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു. എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ. ഈ അക്രമികൾ പരലോകശിക്ഷ കൺമുമ്പിൽ കാണുന്ന സമയത്ത് ശക്തി മുഴുവൻ അല്ലാഹുവിനാണെന്നും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്നും അവർ കണ്ടറിഞ്ഞിരുന്നുവെങ്കിൽ (അതവർക്ക് എത്ര ഗുണകരമാകുമായിരുന്നു!)" (ക്വുർആൻ 2:165).

ലേഖകൻ തുടരുന്നു: "പത്തൊമ്പതാം വയസ്സിൽ തന്നെ ആത്മീയ ഗുരുവഴിയിലെ കണ്ണിയാവാൻ അല്ലാമാക്ക് ഭാഗ്യം ലഭിച്ചു. ഖാദിരി, ബറകാത്തി, നക്‌രി തുടങ്ങി നിരവധി ആത്മീയ മാർഗങ്ങളിൽ അദ്ദേഹം ബൈഅത്ത് ചെയ്യുകയും ഖിലാഫത്ത് (ഗുരുപദവി) ലഭിക്കുകയും ചെയ്തു"(സുന്നത്ത് മാസിക, പേജ് 40).

ബറേൽവികൾ അഹ്‌ലുസ്സുന്നയിൽ നിന്ന് വ്യതിചലിച്ചവരാണെന്നതിന്റെ മറ്റൊരു തെളിവാണിത്. സ്വിറാത്തുൽ മുസ്തക്വീമാണ് യഥാർഥ ത്വരീക്വത്ത്. ആദർശ ഭദ്രതയും പ്രമാണനിഷ്ഠയുമാണ് ഇതിന്റെ അടയാളം. അല്ലാഹു പറയുന്നു:

"ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (ക്വുർആൻ 6:153).

സ്വർഗത്തിലെത്താൻ ഒരു വഴിയേയുള്ളൂ. അത് നമുക്ക് അല്ലാഹുവും അവന്റെ റസൂലും കാണിച്ചുതന്നിട്ടുണ്ട്. എന്നാൽ 'ശൈഖും മുരീദും കളിക്കുന്ന' വ്യക്തികേന്ദ്രീകൃത ത്വരീക്വത്തുകൾ ഇസ്‌ലാമിന് തീർത്തും അന്യമാണ്. ആരെങ്കിലും കെട്ടിച്ചമച്ചുണ്ടാക്കുന്ന ആത്മീയമാർഗങ്ങളെ സ്വർഗത്തിലേക്കുള്ള വഴിയായി അഹ്‌ലുസ്സുന്നയുടെ ആളുകൾക്ക് അംഗീകരിക്കാൻ കഴിയില്ല.

മാല, മൗലീദുകൾ, നേർച്ചപ്പൂരങ്ങൾ, കുത്തുന്നതും അല്ലാത്തതുമായ റാത്തീബുകൾ, ജാറങ്ങൾ...

ഇതെല്ലാമാണ് ത്വരീഖത്തുകളുടെ മുഖമുദ്ര! സമസ്തയുടെ എട്ടാം പ്രമേയത്തിൽ നിന്ന് ഇങ്ങനെ വായിക്കാം: "ഖാദിരിയ്യ, ശാദുലി, രിഫാഈ മുതലായ ശരിയായ ത്വരീഖത്തുകളിലെ ശരിയായ ശൈഖൻമാരുടെ കൈതുടർച്ചയും ഒറ്റക്കും യോഗം ചേർന്നും നടപ്പുള്ള റാത്തീബും ത്വരീഖത്തിലെ ദിക്റുകളും ചെയ്യലും ദലാഇലുൽ ഖൈറാത്ത്, ഹിസ്ബുന്നബവി, അസ്മാഉന്നബി, അസ്മാഉൽ ബദ്രിയ്യീൻ, ഹിസ്ബുൽ ബഹർ മുതലായ വിർദുകളെ ചട്ടമാക്കലും ദിക്റുകൾ കണക്കാക്കാൻ തസ്ബീഹ് മാല ഉപയോഗിക്കലും. മൻഖൂസ് മുതലായ മൗലിദുകൾ ബദ്രിയ്യത്ത് ബൈത്ത്, ബദ്ർ മാല, മുഹിയിദ്ദീൻ മാല, രിഫാഈ മാല നേർച്ചപ്പാട്ടുകൾ ചൊല്ലുകയും ചൊല്ലിക്കുകയും ചെയ്യുക"(എസ്.വൈ.എസ് അറുപതാം വാർഷികോപഹാരം/പേജ്: 212,213).

ഇപ്പറഞ്ഞവയിൽ അല്ലാഹുവും റസൂലും പഠിപ്പിച്ച എത്ര കാര്യങ്ങളുണ്ട് എന്ന് ചിന്തിച്ചുനോക്കുക. ദീനുമായി യാതൊരു ബന്ധവുമില്ലാത്ത ഇത്തരം ഏർപ്പാടുകളിൽ വിഹരിക്കന്നവർക്കെങ്ങനെ തങ്ങൾ അഹ്ലുസ്സുന്നയാണ് എന്ന് പറയാൻ കഴിയും?

ലേഖകൻ എഴുതുന്നു: "സ്വഹാബിമാർ മുതൽ ഇക്കാലമത്രയും അഹ്ലുസ്സുന്നയുടെ പ്രധാന നേതൃത്വം കണിശക്കാരായ പണ്ഡിതന്മാർക്കായിരുന്നു എന്നത് ചരിത്ര വസ്തുതയാണ്. ഈ പാരമ്പര്യമാർഗം തന്നെയാണ് ഇമാം അഹ്മദ്റസാ ബറേൽവിയും പിൻപറ്റിയിരുന്നത്" (പേജ്: 41).

അഹ്ലുസ്സുന്നതി വൽജമാഅഃ എന്നത് വ്യക്തമായ ആശയവുംസുദൃഢമായ ആദർശവും ഉൾകൊള്ളുന്ന ഒരു സാങ്കേതിക ശബ്ദമാണ്. അതല്ലാതെ ഒരാളുടെ മുഖഭാവം നോക്കിയോ ഒരു വിഭാഗത്തിന്റെ പെരുപ്പം കണ്ടോ വിളിപ്പേരാക്കാനുള്ളതല്ല. ഇബ്നു കഥീർ(റഹി) പറയുന്നു: 'ഈ സമൂഹത്തിലും വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്. ഒന്നൊഴികെ എല്ലാം വഴികേടാണ്. അല്ലാഹുവിന്റെ ക്വുർആനിനെയും നബിﷺയുടെ ചര്യയെയും സ്വഹാബികളാകുന്ന ആദ്യതലമുറയെയും താബിഉകളെയും ആധുനികരും പൗരാണികരുമായ മുസ്ലിം പണ്ഡിതന്മാരെയും മുറുകെ പിടിക്കുന്ന അഹ്ലുസ്സുന്നത്തി വൽ ജമാഅയാണവർ' (ഇബ്നുകഥീർ: 3/574).



ആദ്യത്തെ മൂന്ന് തലമുറകളാണ് ഇതിന്റെ നേരായ വഴികാട്ടികൾ. പിന്നീട് അതേപടി അവരെ പിൻപറ്റുന്നവരും.

അല്ലാഹു പറയുന്നു: "തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!" (4:115).

അബ്ദുല്ലാഹ്رضي الله عنهവിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: 'എന്റെ തലമുറയാണ് ഉത്തമ തലമുറ. പിന്നെ അവരെ പിൻപറ്റി വരുന്നവർ. പിന്നെ അവരെ പിൻപറ്റി വരുന്നവർ' (മുസ്ലിം).

സമസ്തക്കാർ കൊണ്ട് നടക്കുന്ന വിശ്വാസം എന്തെന്ന് അവരുടെ എട്ടാം പ്രമേയത്തിൽ നിന്ന് തന്നെ വായിക്കാം: "മരിച്ചുപോയ അമ്പിയാ, ഔലിയാ, സ്വാലിഹീൻ ഇവരുടെ കറാമത്ത് കൊണ്ടും ജാഹ്, ഹഖ്, ബറക്കത്ത് ഇത്യാദി കൊണ്ടും തവസ്സുൽ(ഇടതേട്ടം) ചെയ്യലും അവരെ നേരിട്ട് വിളിക്കലും അവരെ വിളിച്ചു സഹായത്തിന് അപേക്ഷിക്കലും അവരുടെ ആസാറുകളെക്കൊണ്ട് ബറക്കത്ത് മതിക്കലും..."(എസ്.വൈ.എസ്. വാർഷികോപഹാരം/പേജ്: 212).

ഇത്തരം വിശ്വാസങ്ങൾ നബിﷺ പഠിപ്പിച്ചിട്ടുണ്ട് എന്നതിനോ സ്വഹാബികളോ ശേഷമുള്ള ഉത്തമ തലമുറകളിൽ പെട്ടവരോ വെച്ചുപുലർത്തിയിരുന്നു എന്നതിനോ തെളിവ് കൊണ്ടുവരാൻ ഈ നൂതനവാദികൾക്ക് ഇന്നുവരെ കഴിഞ്ഞിട്ടില്ലെന്നത് വസ്തുതയാണ്. അപ്പം ചുട്ടെടുക്കുന്ന പോലെ പുത്തൻ വിശ്വാസാചാരങ്ങൾ ഉണ്ടാക്കി, അവയെ ഇസ്ലാമിന്റെ വർണക്കടലാസിൽ പൊതിഞ്ഞ് ജനങ്ങൾക്ക് സമർപ്പിക്കുന്ന ഇരുകൂട്ടർക്കും തങ്ങൾ അഹ്ലുസ്സുന്നയിൽ പെട്ടവരാണ് എന്ന് പറയാൻ എന്ത് യോഗ്യതയാണുള്ളത്?

**(അവസാനിച്ചില്ല)**



കാഴ്ച

സലാം സുറുമ എടത്തനാട്ടുകര
salamsuruma@gmail.com

# കിടപ്പിലായവരുടെ കഷ്ടപ്പാടറിയുക

'മുമ്പൊക്കെ സമയത്തിന് റോക്കറ്റിന്റെ വേഗതയായിരുന്നു. ഇപ്പോൾ ഒച്ചിഴയുന്ന പോലെയാ സമയം എനിക്ക് അനുഭവപ്പെടുന്നത്' ഇരുചക്രവാഹന യാത്രക്കിടയിൽ വീണ് നട്ടെല്ലിനു പരിക്കുപറ്റി കിടപ്പിലായ സഹപാഠിയെ സന്ദർശിക്കാൻ ചെന്നപ്പോൾ അവൻ നിരാശയോടെ പറഞ്ഞ വാചകങ്ങളാണിത്.

ആദ്യമൊക്കെ സുഹൃത്തിന് സന്ദർശകരുടെ പ്രവാഹമായിരുന്നു. ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും നാട്ടുകാരുടെയും സന്ദർശനത്താലും ഫോൺ വിളികളാലും ശരിക്ക് ഉറങ്ങാൻപോലും സമയം കിട്ടിയിരുന്നില്ല. പിന്നെപ്പിന്നെ സന്ദർശകരുടെ എണ്ണം കുറഞ്ഞുവന്നു. ബന്ധുക്കൾ പോലും വല്ലപ്പോഴും വന്നാലായി. മാസം നാലായി ഈ കിടപ്പ് തുടങ്ങിയിട്ട്. ഇനിയും രണ്ട് മാസം കൂടി തള്ളി നീക്കേണ്ടതുണ്ട്.

'വരുന്നവർ പണമൊന്നും തന്ന് സഹായിക്കേണ്ട. വെറുതെ ഒന്ന് വന്നാൽ മതി. വല്ലതുമൊക്കെ മിണ്ടിയും പറഞ്ഞുമിരിക്കാൻ വലിയ ആഗ്രഹമാണിപ്പോൾ. ടി.വി.യും സോഷ്യൽ മീഡിയയും ദിവസങ്ങൾ കൊണ്ട് തന്നെ മടുത്തു. എത്ര സമയം എന്ന് വെച്ചാ ഫാനും നോക്കി കിടക്കുക...?' നിരാശയും സങ്കടവും കലർന്ന വാചകങ്ങൾ പിന്നെയും അവനിൽ നിന്നും പുറത്തേക്ക് വന്നു.

ആറ് മാസം പൂർണമായും ബെഡ്റെസ്റ്റ് നിർദേശിക്കപ്പെട്ട ഒരു യുവാവിന്റെ അവസ്ഥ ഇതാണെങ്കിൽ കട്ടിലിൽ തളച്ചിടപ്പെട്ട നിത്യരോഗികളുടെയും പ്രായം ചെന്നവരുടെയും അംഗവൈകല്യം കൊണ്ടും മറ്റും ജന്മനാ തന്നെ കിടപ്പിലായവരുടെയും അവസ്ഥ എന്തായിരിക്കുമെന്ന്, വായിക്കാനായി അവന് ഒന്ന് രണ്ട് നല്ല പുസ്തകങ്ങൾ കൈമാറി തിരിച്ചിറങ്ങുമ്പോൾ ഞാൻ ആലോചിച്ചു.

മനസ്സ് എത്തുന്നിടത്ത് ശരീരത്തിനും എത്താൻ തക്ക ആരോഗ്യമുള്ളവർ തന്നെയാണ് പലപ്പോഴും പെട്ടെന്ന് ശയ്യാവലംബികളായി കട്ടിലുകളിൽ ബന്ധനസ്ഥരാക്കപ്പെടുന്നത്.

അവരുടെ സ്വപ്നങ്ങൾക്കും മോഹങ്ങൾക്കും മങ്ങലേൽക്കുന്നു. മരണം തൊട്ടരികിലുണ്ടെന്ന തിരിച്ചറിവിൽ ജീവിതം തള്ളിനീക്കുന്ന നിത്യരോഗികൾക്കും പ്രായം ചെന്നവർക്കും അംഗവൈകല്യം കൊണ്ടും മറ്റും ജന്മനാ തന്നെ കിടപ്പിലായവർക്കും നമ്മുടെ ഒരു സന്ദർശനം കൊണ്ട് വലിയ ആശ്വാസം ലഭിക്കുമെങ്കിൽ നാമെന്തിന് മടികാണിക്കണം? അവർ ആഗ്രഹിക്കുകയും അർഹിക്കുകയും ചെയ്യുന്ന സഹായം ചെയ്തുകൊടുക്കാൻ- അത് ഒരു പക്ഷേ, കേവലം ആശ്വാസ വചനങ്ങളായിരിക്കാം- കഴിയുമെങ്കിൽ ചെയ്ത് കൊടുത്ത് സ്രഷ്ടാവിന്റെ പ്രീതി കരസ്ഥമാക്കുവാനാണ് വിശ്വാസികൾ ശ്രദ്ധിക്കേണ്ടത്. നന്മ നിറഞ്ഞ മനസ്സുകളുടെ പ്രാർഥന അവർക്ക് വലിയ ആശ്വാസവും ധൈര്യവും പകരും. ഓരോ വിശ്വാസിയും രോഗികളെ സന്ദർശിക്കൽ പുണ്യകർമത്തോടൊപ്പം തന്റെ ബാധ്യതയുമാണെന്ന് തിരിച്ചറിയണം.

അവരെ സമീപത്തെ പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകളുമായി ബന്ധപ്പെടുത്തണം. കിടപ്പിലായ രോഗികളുടെ 'ഹാൻഡിക്രോപ്സ്' പോലുള്ള കൂട്ടായ്മകളിലും വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലും അവരെ അംഗങ്ങളാക്കാനും സജീവമായി പ്രവർത്തിക്കാനും പ്രേരിപ്പിക്കണം. സർക്കാരിൽ നിന്നും അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ബോധവാൻമാരാക്കണം.

സാമ്പത്തികമായി പരാധീനത അനുഭവിക്കുന്ന കുടുംബമാണെങ്കിൽ അവർക്ക് കൈത്താങ്ങേകാൻ മുന്നിട്ടിറങ്ങണം.

സർവോപരി ക്ഷമിക്കാനും സഹിക്കാനും അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിക്കാനും ജീവിതം കഴിയുന്നത്ര ഇസ്‌ലാമികമാക്കുവാനും അവരെ ഉപദേശിക്കുക; ഗുണകാംക്ഷയോടെ.




WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21


Nerpatham Weekly
Published on
10 AUGUST 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS

**PUBLISHING II DISTRIBUTION**

Wisdom Books I E.K.P Building I Calicut
Web: www.wisdomislam.org I Email: publication@wisdomislam.org
Tel: 0495 4019437




# ബലികർമം: നാം അറിയേണ്ടത്

**അൽ ഹിന്ദ് റിസർച്ച് അക്കാദമി / വില: ₹ 25**

നമസ്കാരത്തോടൊപ്പം അല്ലാഹു ചേർത്തുപറഞ്ഞ ആരാധനയാണ് ബലികർമം. അതുമായി ബന്ധപ്പെട്ട് ഒരു വിശ്വാസി അറിഞ്ഞിരിക്കേണ്ട എല്ലാ കാര്യങ്ങളും ഈ കൃതി ചർച്ച ചെയ്യുന്നു. ആദ്യമായാണ് ഇത്തരമൊരു കൃതി മലയാളത്തിൽ പുറത്തിറങ്ങുന്നത്.

## പുതിയ മറ്റു പുസ്തകങ്ങൾ

| | |
|---|---|
| 1. അഹ്‌ലുസ്സുന്നയും സമസ്തയും ഒരു താരതമ്യം | മൂസ സ്വലാഹി കാര / ₹ 240 |
| 2. പ്രവാചകന്മാർ: ചരിത്രവും ദൗത്യവും | ഹുസൈൻ സലഫി / ₹ 70 |
| 3. കേരള ജംഇയ്യത്തുൽ ഉലമയും നിലപാട് മാറ്റവും | മുബാറക് ബിൻ ഉമർ / ₹ 150 |
| 4. ഇന്ത്യയിൽ നിന്ന് ഹിജ്റ പോകണമെന്നോ? | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി / ₹ 40 |
| 5. നമസ്കാരത്തിലെ പ്രാർഥനകൾ പ്രകീർത്തനങ്ങൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 60 |
| 6. രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ | ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / ₹ 40 |
| 7. ഭരണകൂടഭീകരത | പി.വി.എ പ്രിംറോസ് / ₹ 60 |